കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

ഓഡിറ്റ് റിപ്പോർട്ട് 2016 - 2017

പത്രിക

സൂചന : കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ സർക്കുലർ നം.6/2014.

സൂക്ഷ്മ പരിശോധനയ്ക്കായി അയച്ച തീയതി	:	31.03.2018
പരിശോധന നടത്തിയ തീയതി	:	15.05.2018
അപാകത പരിഹരിച്ച് സമർപ്പിച്ച തീയതി	:	28.05.2018
റിപ്പോർട്ട് പുറപ്പെടുവിക്കുന്നതിന് അനുമതി ലഭിച്ച തീയതി	:	15.05.2018
റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി	:	30.05.2018

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള ംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഓഡിറ്റ് ഓഫീസ്

ഉള്ളടക്കം

ക്രമ നം.	ഭാഗം - I	ഖണ്ഡിക നമ്പർ	പേജ് നമ്പർ
1	ബോർഡിന്റെ ഘടന	1	4
2	പൊതു അവലോകനം	2	4
3	വരവ് ചെലവ് സംക്ഷിപ്തം	3	7
4	പ്രവർത്തന നഷ്ടം	4	7
5	സർക്കാർ ഗ്രാന്റുകളുടെ വരവ് ചെലവ് സംക്ഷിപ്തം	5	8
6	ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ	6	8
7	റവന്യൂ റിക്കവറി	7	9
8	വാർഷിക കണക്കുകളുടെ പരിശോധന	8	9
9	മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളും, ഓഡിറ്റ് അദാലത്തും	9	11
10	ഓഡിറ്റ് ചാർജ്ജ്	10	12
11	ഓഡിറ്റ് റിപ്പോർട്ടും തുടർനടപടികളും	11	13
	ഭാഗം - II		
12	ഹെഡ് ഓഫീസ്, തിരുവനന്തപുരം	1	14
13	യൂണിറ്റ് ഓഫീസ്, തിരുവനന്തപുരം	2	16
14	യൂണിറ്റ് ഓഫീസ്, കൊച്ചി	3	16
15	യൂണിറ്റ് ഓഫീസ്, കോഴിക്കോട്	4	16

16	ഡിവിഷൻ ഓഫീസ്, നം. I, തിരുവനന്തപുരം	**5**	**17**
17	ഡിവിഷൻ ഓഫീസ്, നം. II, തിരുവനന്തപുരം	**6**	**17**
18	ഡിവിഷൻ ഓഫീസ്, കൊല്ലം	**7**	**20**
19	ഡിവിഷൻ ഓഫീസ്, പത്തനംതിട്ട	**8**	**22**
20	ഡിവിഷൻ ഓഫീസ്, ആലപ്പുഴ	**9**	**28**
21	ഡിവിഷൻ ഓഫീസ്, കോട്ടയം	**10**	**28**
22	ഡിവിഷൻ ഓഫീസ്, ഇടുക്കി (കട്ടപ്പന)	**11**	**30**
23	ഡിവിഷൻ ഓഫീസ്, എറണാകുളം	**12**	**33**
24	ഡിവിഷൻ ഓഫീസ്, തൃശ്ശൂർ	**13**	**33**
25	ഡിവിഷൻ ഓഫീസ്, പാലക്കാട്	**14**	**35**
26	ഡിവിഷൻ ഓഫീസ്, മലപ്പുറം	**15**	**37**
27	ഡിവിഷൻ ഓഫീസ്, കോഴിക്കോട്	**16**	**38**
28	ഡിവിഷൻ ഓഫീസ്, വയനാട്	**17**	**40**
29	ഡിവിഷൻ ഓഫീസ്, കണ്ണൂർ	**18**	**41**
30	ഡിവിഷൻ ഓഫീസ്, കാസർഗോഡ്	**19**	**42**
31	പ്രോജക്ട് & കൺസൾട്ടൻസി ഡിവിഷൻ, കൊച്ചി	**20**	**45**
32	പ്രോജക്ട് & കൺസൾട്ടൻസി ഡിവിഷൻ, തൃശ്ശൂർ	**21**	**49**
33	ജില്ലാ ഓഫീസ്, തൊടുപുഴ	**22**	**49**
34	ബ്രാഞ്ച് ഓഫീസ്, ബാലരാമപുരം	**23**	**51**
35	ബ്രാഞ്ച് ഓഫീസ്, നെടുമങ്ങാട്	**24**	**53**

36	ബ്രാഞ്ച് ഓഫീസ്, പത്തനാപുരം	25	58
37	ബ്രാഞ്ച് ഓഫീസ്, കരുനാഗപ്പള്ളി	26	58
38	ബ്രാഞ്ച് ഓഫീസ്, അടൂർ	27	60
39	ബ്രാഞ്ച് ഓഫീസ്, ചങ്ങനാശ്ശേരി	28	61
40	ബ്രാഞ്ച് ഓഫീസ്, പാലാ	29	61
41	ബ്രാഞ്ച് ഓഫീസ്, കാഞ്ഞിരപ്പള്ളി	30	61
42	ബ്രാഞ്ച് ഓഫീസ്, പെരുമ്പാവൂർ	31	61
43	ബ്രാഞ്ച് ഓഫീസ്, കോതമംഗലം	32	62
44	ബ്രാഞ്ച് ഓഫീസ്, ഇരിങ്ങാലക്കുട	33	66
45	വർക്കിംഗ് വുമൻസ് ഹോസ്റ്റൽ, ഗാന്ധിനഗർ, കോട്ടയം.	34	67
46	വർക്കിംഗ് വുമൻസ് ഹോസ്റ്റൽ, മുട്ടം	35	67
47	വർക്കിംഗ് വുമൻസ് ഹോസ്റ്റൽ, കാക്കനാട്	36	67
48	വർക്കിംഗ് വുമൻസ് ഹോസ്റ്റൽ, പുല്ലഴി	37	69
	ഭാഗം - III		
49	ഹെഡ് ഓഫീസ്, തിരുവനന്തപുരം	1	71
50	യൂണിറ്റ് ഓഫീസ്, തിരുവനന്തപുരം	2	79
51	യൂണിറ്റ് ഓഫീസ്, കൊച്ചി	3	79
52	യൂണിറ്റ് ഓഫീസ്, കോഴിക്കോട്	4	80
53	ഡിവിഷൻ ഓഫീസ്, നം. I, തിരുവനന്തപുരം	5	80

54	ഡിവിഷൻ ഓഫീസ്, നം. II, തിരുവനന്തപുരം	**6**	**82**
55	ഡിവിഷൻ ഓഫീസ്, കൊല്ലം	**7**	**85**
56	ഡിവിഷൻ ഓഫീസ്, പത്തനംതിട്ട	**8**	**85**
57	ഡിവിഷൻ ഓഫീസ്, ആലപ്പുഴ	**9**	**85**
58	ഡിവിഷൻ ഓഫീസ്, കോട്ടയം	**10**	**88**
59	ഡിവിഷൻ ഓഫീസ്, ഇടുക്കി (കട്ടപ്പന)	**11**	**88**
60	ഡിവിഷൻ ഓഫീസ്, എറണാകുളം	**12**	**90**
61	ഡിവിഷൻ ഓഫീസ്, തൃശ്ശൂർ	**13**	**92**
62	ഡിവിഷൻ ഓഫീസ്, പാലക്കാട്	**14**	**96**
63	ഡിവിഷൻ ഓഫീസ്, മലപ്പുറം	**15**	**99**
64	ഡിവിഷൻ ഓഫീസ്, കോഴിക്കോട്	**16**	**101**
65	ഡിവിഷൻ ഓഫീസ്, വയനാട്	**17**	**103**
66	ഡിവിഷൻ ഓഫീസ്, കണ്ണൂർ	**18**	**103**
67	ഡിവിഷൻ ഓഫീസ്, കാസർഗോഡ്	**19**	**107**
68	പ്രോജക്ട് & കൺസൾട്ടൻസി ഡിവിഷൻ, കൊച്ചി	**20**	**109**
69	പ്രോജക്ട് & കൺസൾട്ടൻസി ഡിവിഷൻ, തൃശ്ശൂർ	**21**	**109**
70	ജില്ലാ ഓഫീസ്, തൊടുപുഴ	**22**	**110**
71	ബ്രാഞ്ച് ഓഫീസ്, ബാലരാമപുരം	**23**	**110**
72	ബ്രാഞ്ച് ഓഫീസ്, നെടുമങ്ങാട്	**24**	**111**
73	ബ്രാഞ്ച് ഓഫീസ്, പത്തനാപുരം	**25**	**111**

74	ബ്രാഞ്ച് ഓഫീസ്, കരുനാഗപ്പള്ളി	**26**	**111**
75	ബ്രാഞ്ച് ഓഫീസ്, അടൂർ	**27**	**111**
76	ബ്രാഞ്ച് ഓഫീസ്, ചങ്ങനാശ്ശേരി	**28**	**112**
77	ബ്രാഞ്ച് ഓഫീസ്, പാലാ	**29**	**112**
78	ബ്രാഞ്ച് ഓഫീസ്, കാഞ്ഞിരപ്പള്ളി	**30**	**113**
79	ബ്രാഞ്ച് ഓഫീസ്, പെരുമ്പാവൂർ	**31**	**113**
80	ബ്രാഞ്ച് ഓഫീസ്, കോതമംഗലം	**32**	**113**
81	ബ്രാഞ്ച് ഓഫീസ്, ഇരിങ്ങാലക്കുട	**33**	**113**
82	വർക്കിംഗ് വുമൻസ് ഹോസ്റ്റൽ, ഗാന്ധിനഗർ, കോട്ടയം.	**34**	**113**
83	വർക്കിംഗ് വുമൻസ് ഹോസ്റ്റൽ, മുട്ടം	**35**	**114**
84	വർക്കിംഗ് വുമൻസ് ഹോസ്റ്റൽ, കാക്കനാട്	**36**	**114**
85	വർക്കിംഗ് വുമൻസ് ഹോസ്റ്റൽ, പുല്ലഴി	**37**	**115**
	ഭാഗം IV		
86	ഓഡിറ്റ് സംക്ഷിപ്തം		**117**
87	ഓഡിറ്റ് സർട്ടിഫിക്കറ്റ്		**118**
88	Profit and Loss Account 2016 - 2017		**119**
89	Balance sheet as on 31.03.2017		**120**
90	അനുബന്ധം I		**121**
91	അനുബന്ധം II		**123**

നം.കെ.എസ്.എ-എസ്.എച്ച്.ബി.എ.4/187/2018 തീയതി : .

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ 2016-2017 വർഷത്തെ പരിശോധനയ്ക്ക് വിധേയമാക്കിയ കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, ചട്ടം 18, 1971 ലെ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നിയമം, വകുപ്പ് 123(1)(ഡി) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഈ റിപ്പോർട്ട് കൈപ്പറ്റി 2 മാസത്തിനകം ഇതിലുൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ് (1994 -ലെകേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, ചട്ടം 18, 1971 ലെ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നിയമം, സെക്ഷൻ 15 (1) 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, ചട്ടം 23 (1).

....

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും	:	**ശ്രീമതി.മിനി.എ.എസ്** സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
ഓഡിറ്റിന് വിനിയോഗിച്ച സമയം	:	01.04.2017 മുതൽ 28.02.2018 വരെ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	:	**ഓഡിറ്റ് ഓഫീസർമാർ** 1. ശ്രീ.ജി.സാബു 2. ശ്രീ.പത്മകുമാർ.എസ്.എൽ **അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ** 1. ശ്രീ.എ.സജി **സീനിയർ ഗ്രേഡ് ഓഡിറ്റർമാർ** 1. ശ്രീ.ആർ.അനിൽകുമാർ 2. ശ്രീ.എം.ജി.രാജേഷ് 3. ശ്രീ.ബിജുലാൽമണി.എസ്.എൽ **ഓഡിറ്റർമാർ** 1. ശ്രീ.കിരൺ.ആർ.ജി 2. ശ്രീ.വാലന്റൈയിൻ.കെ.ഗിൽബർട്ട്

നിർവ്വഹണാധികാരികൾ

ചെയർമാൻ	:	**ശ്രീ.അറയ്ക്കൽ ബാലകൃഷ്ണപിള്ള** (01.04.2016 മുതൽ 20.05.2016 വരെ) 21.05.2016 മുതൽ 25.12.2016 വരെ ചെയർമാൻ സ്ഥാനം ഒഴിഞ്ഞുകിടന്നു. **ശ്രീ.പി.പ്രസാദ്** (26.12.2016 മുതൽ 31.03.2017 വരെ)
സെക്രട്ടറി	:	ഡോ.എസ്.കാർത്തികേയൻ, ഐ.എ.എസ് (01.04.2016 മുതൽ 31.08.2016 വരെ) ശ്രീ.കെ.എൻ.സതീഷ്, ഐ.എ.എസ് (01.09.2016 മുതൽ 31.03.2017 വരെ)
ചീഫ് എൻജിനീയർ	:	ശ്രീ.സിറാജുദ്ദീൻ.സി (01.04.2016 മുതൽ 28.04.2016 വരെ) ശ്രീ.രാജീവ് കരിയിൽ (29.04.2016 മുതൽ 31.03.2017 വരെ)
ഫിനാൻസ് മാനേജർ	:	ശ്രീമതി.അനിതാ.എസ്.നാരായണൻ (01.04.2016 മുതൽ 05.11.2016 വരെ) ശ്രീ.കെ.ബാബു (06.11.2016 മുതൽ 31.03.2017 വരെ)

ആമുഖം.

1971 ലെ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നിയമത്തിലെ 4-ാം വകുപ്പ് അനുസരിച്ച് സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഭരണ നിർവ്വഹണം നടത്തുന്നത് അനൗദ്യോഗിക, ഔദ്യോഗിക അംഗങ്ങൾ അടങ്ങുന്ന 15 അംഗ സമിതിയാണ്. ഇതിൽ സർക്കാർ നിയമിക്കുന്ന അനൗദ്യോഗിക അംഗമായ ചെയർമാൻ, ഹൗസിംഗ് ബോർഡിന്റെ എക്സ് ഒഫിഷ്യോ സെക്രട്ടറി ആയ ഹൗസിംഗ് കമ്മീഷണർ, സർക്കാർ നിയമിക്കുന്ന 4 ഔദ്യോഗിക അംഗങ്ങൾ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന 9 അനൗദ്യോഗിക അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്നു.

കെ.എസ്.എച്ച്.ബിയുടെ 2016-2017-ലെ വാർഷിക കണക്കുകൾ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം എന്നിവ അനുസരിച്ച് സമയബന്ധിതമായി പരിശോധിക്കുകയും, ശ്രദ്ധയിൽപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ / നിരീക്ഷണങ്ങൾ ആണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഈ ഓഡിറ്റ് റിപ്പോർട്ടിന് നാല് ഭാഗങ്ങൾ ഉണ്ട്. ബോർഡിന്റെ ഘടന, പൊതു അവലോകനം, വരവ് ചെലവ് സംക്ഷിപ്തം, ബജറ്റ് എസ്റ്റിമേറ്റ്, റവന്യൂ റിക്കവറി നടപടികൾ, വാർഷിക കണക്കുകളുടെ പരിശോധന, മുൻകാലങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളും ഓഡിറ്റ് അദാലത്തും, ഓഡിറ്റ് ചാർജ്ജ് കുടിശ്ശിക, ഓഡിറ്റ് റിപ്പോർട്ട് തുടർനടപടികൾ എന്നിവ സംബന്ധിയായ വിവരങ്ങൾ ഭാഗം-I ലും, വരവിനങ്ങളെ സംബന്ധിച്ചുള്ള ഓഡിറ്റ് പരാമർശങ്ങൾ / നിരീക്ഷണങ്ങൾ / നിർദ്ദേശങ്ങൾ ഭാഗം-II ലും, ചെലവിനങ്ങളെ സംബന്ധിച്ചുള്ള ഓഡിറ്റ് പരാമർശങ്ങൾ / നിരീക്ഷണങ്ങൾ / നിർദ്ദേശങ്ങൾ ഭാഗം-III ലും, ഓഡിറ്റ് സംക്ഷിപ്തം, ഓഡിറ്റ് സർട്ടിഫിക്കറ്റ്, 2016-2017-ലെ പ്രോഫിറ്റ് ആന്റ് ലോസ് അക്കൗണ്ട്, 31.03.2017 വരെയുള്ള ബാലൻസ് ഷീറ്റ്, അനുബന്ധം-I, അനുബന്ധം-II എന്നിവ സംബന്ധിച്ച വിവരങ്ങൾ ഭാഗം-IV ലും ഉൾപ്പെടുത്തിയിരിക്കുന്നു.

ഭാഗം-I

1. ബോർഡിന്റെ ഘടന:

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് 1971 ലാണ് സ്ഥാപിതമായത്. ബോർഡിന്റെ തലവൻ ചെയർമാനും, ഭരണ നിർവ്വഹണ മേധാവി സെക്രട്ടറിയുമാണ്. ബോർഡിന്റെ എഞ്ചിനീയറിംഗ് / സാങ്കേതിക വിഭാഗം മേധാവിയായി ചീഫ് എഞ്ചിനീയർ പ്രവർത്തിക്കുന്നു. രണ്ട് പ്രോജക്ട് എൻജിനീയർമാരും, മൂന്ന് റീജിയണൽ എഞ്ചിനീയർമാരും ബോർഡിന്റെ ഭാഗമായി പ്രവർത്തിച്ചുവരുന്നു. വിവിധ ഭവന നിർമ്മാണ പദ്ധതികൾ, വായ്പാ പദ്ധതികൾ തുടങ്ങിയവ ഡിവിഷൻ ഓഫീസുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലാണ് നടപ്പിലാക്കുന്നത്. ബോർഡിന്റെ പ്രവർത്തന പരിധി കേരള സംസ്ഥാനം മുഴുവനുമാണ്.

ബോർഡിന്റെ കേന്ദ്ര ഓഫീസ് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നു. 3 ഹൗസിംഗ് യൂണിറ്റുകൾ, 15 ഡിവിഷൻ ഓഫീസുകൾ, 1 ജില്ലാ ഓഫീസ്, 2 പ്രോജക്ട് ഡിവിഷൻ ഓഫീസുകൾ, 12 ബ്രാഞ്ച് ഓഫീസുകൾ, 4 വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ എന്നിവയാണ് ഓഡിറ്റ് കാലയളവിൽ പ്രവർത്തനക്ഷമമായിരുന്നത്. ഇവയുടെ വാർഷിക കണക്കുകളാണ് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളത്.

2. പൊതു അവലോകനം:

1971 ലാണ് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പിറവി. സംസ്ഥാനത്തെ ജനങ്ങളുടെ വരുമാനം അടിസ്ഥാനമാക്കി ദുർബ്ബല ജനവിഭാഗത്തിൽപ്പെടുന്നവരുടെ പാർപ്പിട പ്രശ്നങ്ങൾക്ക് തൃപ്തികരമായ പരിഹാരം കാണുന്നതിന് വേണ്ടി അനുയോജ്യവും വൈവിധ്യവുമാർന്ന ഭവന നിർമ്മാണ പദ്ധതികൾ സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ് ഭവന നിർമ്മാണ ബോർഡിന്റെ പ്രാഥമിക ലക്ഷ്യം. ഓഫീസ് കെട്ടിടങ്ങൾ,വാണിജ്യ സമുച്ചയങ്ങൾ, പൊതു പരിഷ്ക്കരണ പദ്ധതികൾ, വാടക വീട് പദ്ധതി, ദുർബ്ബല വിഭാഗങ്ങൾക്കുള്ള ഹൗസിംഗ് കോംപ്ളക്സുകൾ, ലക്ഷം വീട് നവീകരണ പദ്ധതി, സുരക്ഷാ ഭവന പദ്ധതി, പ്രകൃതി ക്ഷോഭ പുനരധിവാസ പദ്ധതി, റവന്യൂ ടവറുകൾ, വനിതാ ഹോസ്റ്റലുകൾ, ഗസ്റ്റ് ഹൗസുകൾ, ഹാബിറ്റാറ്റ് സെന്റർ, സാഫല്യം ഭവന പദ്ധതി, ഇന്നൊവേറ്റീവ് ഭവന പദ്ധതി, ഗൃഹശ്രീ ഭവന പദ്ധതി, സായൂജ്യം ഭവന പദ്ധതി, കോൺട്രാക്ട്/ഡെപ്പോസിറ്റ്/നിർമ്മാണ ജോലികൾ, കൺസൾട്ടൻസി പ്രവൃത്തികൾ, പ്രോജക്ട് മാനേജ്മെന്റ് എന്നിവ നടപ്പിലാക്കുന്നതിനാണ് ഭവന നിർമ്മാണ ബോർഡ് നിയമം ലക്ഷ്യം വച്ചിട്ടുള്ളത്.

സർക്കാർ ഉത്തരവ് No.34/01/ഭവനം തീയതി 08.11.2011 പ്രകാരം എഴുതിത്തള്ളിയ മൈത്രി ഭവന പദ്ധതി വായ്പകളിൽ, അസ്സൽ ആധാരം ഗുണഭോക്താക്കൾക്ക് ഇനിയും തിരികെ നൽകാൻ അവശേഷിക്കുന്നുണ്ട്. അതുപോലെ സർക്കാർ എഴുതിത്തള്ളിയ ഭാഗികമായി കൈപ്പറ്റിയ മൈത്രി ഭവന വായ്പകളിന്മേലുള്ള അസ്സൽ ആധാരവും തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ആ ഇനത്തിൽ ബോർഡിന് ചെലവായ 4.03 കോടി രൂപ സർക്കാരിൽ നിന്നും തിരികെ ലഭ്യമാക്കാൻ സക്രിയ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം നടപ്പിലാക്കിയ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി 2016-2017 സാമ്പത്തിക വർഷത്തിൽ ആകെ തീർപ്പാക്കിയ 247 വായ്പാ ഫയലുകളിൽ പിഴപ്പലിശ, മുടക്കപ്പലിശ എന്നീ ഇനങ്ങളിലായി 4.18 കോടി രൂപയുടെ ഇളവുകൾ വായ്പക്കാർക്ക് അനുവദിച്ച്

നൽകിയിട്ടുണ്ട്. പ്രസ്തുത തുക സർക്കാരിൽ നിന്നും തിരികെ ലഭ്യമാക്കാൻ വേണ്ട സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭവന നിർമ്മാണ ബോർഡിലെ വായ്പ കുടിശ്ശികയിൽ സ്പെഷ്യർ തഹസിൽദാർ (CRO) വഴിയും ജില്ലാ കളക്ടർ മുഖാന്തിരവും റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെങ്കിലും ഡിമാന്റ് തുകയുടെ കേവലം 5% പോലും ലക്ഷ്യം കൈവരിക്കാൻ 2016-2017 സാമ്പത്തിക വർഷം ബോർഡിന് സാധിച്ചിട്ടില്ല. ബോർഡിലേയ്ക്ക് ചീഫ് റവന്യൂ ഓഫീസർ തസ്തികയിലേയ്ക്ക് നിയമിതരാകുന്നുരുടെ അടിക്കടിയുള്ള മാറ്റം റവന്യൂ റിക്കവറി നടപടികളെ സാരാമായി ബാധിച്ചിട്ടുണ്ട്. പ്രസ്തുത വിവരം മുൻവർഷ റിപ്പോർട്ടുകളിലും പരാമർശിച്ചിരുന്നുവെങ്കിലും നിലവിലും തൽസ്ഥിതി തുടരുകയാണ്. ഈ വിഷയത്തിൽ ബോർഡിന്റെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

ബോർഡിന്റെ ബാലരാമപുരം ഭവന പദ്ധതിയിലെ 51 ഫ്ളാറ്റുകൾ ഇനിയും വിറ്റഴിക്കാൻ അവശേഷിക്കുന്നുണ്ട്. 2011 ന് ശേഷം നാളിതുവരെയായി പ്രസ്തുത പദ്ധതിയിലെ ഒരു ഫ്ളാറ്റ് പോലും വിറ്റഴിച്ചിട്ടില്ല. പ്രസ്തുത പദ്ധതിയിലെ നവീകരണ പ്രവർത്തികൾ നടത്തി Upset Price പുതുക്കി നിശ്ചിയിക്കാൻ **22.02.2012**-ലെ ബോർഡ് യോഗത്തിൽ തീരുമാനം എടുത്തിരുന്നെങ്കിലും തുടർന്ന് യാതൊരു നടപടിയും ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല. മേൽ വിഷയത്തിൽ ബോർഡിന്റെ ഭാഗത്ത് നിന്നും സത്വര നടപടികൾ ഉണ്ടാകേണ്ടതാണ്.

ഈ ഓഫീസ് പദ്ധതി നടപ്പിലാക്കാനായി 06.12.2015-ലെ സർക്കാർ ഉത്തരവ് (സാധാ)നം.76/ 15/ഭവനം പ്രകാരം അനുമതി നൽകുകയും പ്ളാൻ ഫണ്ടിൽ 50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. പദ്ധതി NAC വഴി നടപ്പിലാക്കാൻ സർക്കാർ ശുപാർശ ചെയ്തിരുന്നുവെങ്കിലും ബോർഡ് സർക്കാരിലേയ്ക്ക് അപേക്ഷ നൽകി സ്വന്തമായി നടപ്പിലാക്കാനുള്ള അനുമതി വാങ്ങുകയായിരുന്നു. എന്നാൽ നാളിതുവരെയായി പദ്ധതി പൂർത്തിയാക്കാൻ ബോർഡിന് സാധിച്ചിട്ടില്ല. ബോർഡിന്റെ ഭാഗത്ത് നിന്നുള്ള അനാവശ്യമായ ഇടപെടൽ പാഴ്ചെലവിനും പദ്ധതിയുടെ വീഴ്ചയ്ക്കും കാരണമായതായി ഓഡിറ്റ് വിലയിരുത്തുന്നു. വിശദാംശങ്ങൾ തിരുവനന്തപുരം ഹെഡ് ഓഫീസിലെ ഓഡിറ്റ് ഖണ ്ഡികയിൽ **(1.6)** ഉൾപ്പെടുത്തിയിട്ടുണ്ട്.

ബോർഡിന്റെ അധീനതയിലുള്ള വസ്തുക്കൾ അന്യാധീനപ്പെട്ട് പോകാതിരിക്കാൻ കോംപൗണ്ട് വാൾ / ഫെൻസിംഗ് നടത്തി സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യമാണെന്ന് ഓഡിറ്റ് കരുതുന്നു. ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന വിവിധ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് വളരെ അധികം സമയം എടുക്കുന്നത് ബോർഡിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നുണ്ട്.

ബോർഡിന്റെ കേസ്സുകൾ സംബന്ധിച്ച് Consolidated Suit Register അസ്ഥാന ഓഫീസിലെ നിയമ വിഭാഗത്തിൽ പരിപാലിച്ചിട്ടില്ല. അത്തരത്തിൽ ഒരു രജിസ്റ്റർ പരിപാലിക്കുന്നില്ലാ എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 05.12.2017-ൽ ലോ ഓഫീസർ നൽകിയ മറുപടി. ബോർഡിന്റെ വിവിധ ഓഫീസുകളിലായി കൈകാര്യം ചെയ്യപ്പെടുന്ന നിരവധി കേസ്സുകൾ നിലനിൽക്കുന്ന സാഹചര്യത്തിലാണ് ലോ ഓഫീസർ ഇത്തരത്തിലൊരു മറുപടി നൽകിയത് എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. ഒരു വിജിലൻസ് ഓഫീസർ, 2 ലോ ഓഫീസർമാർ, 2 സെക്ഷൻ ഓഫീസർമാർ, 2 ലീഗൽ അസിസ്റ്റന്റ്മാർ എന്നിവർ നിലവിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പ്രസ്തുത വിഭാഗത്തിൽ സേവനം അനുഷ്ഠിച്ചുവരുകയാണ്. വക്കീൽ ഫീസുകൾ സംബന്ധിച്ച ചെലവിന്റെ അഡ്മിസിബിലിറ്റി

പരിശോധിക്കുന്ന ജോലി മാത്രമാണ് ഈ വിഭാഗത്തിൽ ഉള്ളത്. ബോർഡിന്റെ കേസ്സുകൾ സംബന്ധിച്ച Consolidated Suit Register അടിയന്തിരമായി തയ്യാർ ചെയ്യേണ്ടതും ആയത് കൃത്യമായി പരിപാലിക്കുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ബോർഡിന്റെ ഉടമസ്ഥതയിലുള്ള വിവിധ കെട്ടിടങ്ങളിൽ നിന്നും പിരിച്ചെടുക്കേണ്ടുന്ന വാടകയിനത്തിൽ ഭീമമായ തുക കുടിശ്ശിക വന്നതായി കാണാൻ കഴിഞ്ഞു. അടിയന്തിര നടപടികളിലൂടെ അവ പിരിച്ചെടുക്കേണ്ടതാണ്.

വിവിധങ്ങളായ ഭവന നിർമ്മാണ പദ്ധതികളും, ഭവന വായ്പ പദ്ധതികളും നടപ്പിലാക്കി സംസ്ഥാനത്ത് സജീവ സാന്നിധ്യമായിരുന്ന ഭവന നിർമ്മാണ ബോർഡിന്റെ നിലവിലെ പ്രവർത്തനം വളരെ ശുഷ്കിച്ച രീതിയിലാണ്. നാമമാത്രമായ നിർമ്മാണ പ്രവർത്തികളും ചുരുക്കം ചില കൺസൾട്ടൻസി പ്രവർത്തനങ്ങളും റവന്യൂ ടവ്വറുകൾ, വനിതാ ഹോസ്റ്റൽ എന്നിവയിലെ വാടക പിരിവ് എന്നിവ മാത്രമാണ് കഴിഞ്ഞ വർഷങ്ങളിൽ ബോർഡിനുണ്ടായിരുന്നത്. ആയതിന്റെ ഫലമായി ബോർഡിന്റെ ചുരുക്കം ചില ബ്രാഞ്ച് ഓഫീസുകൾ ഒഴികെയുള്ള സംസ്ഥാനത്തെ മറ്റെല്ലാ ബ്രാഞ്ച് ഓഫീസുകളുടെയും, ഇടുക്കി ജില്ലാ ഓഫീസിന്റെയും, തൃശ്ശൂർ പ്രോജക്ട് ഡിവിഷൻ ഓഫീസിന്റെയും പ്രവർത്തനം നിർത്തൽ ചെയ്യുകയുണ്ടായി. ബോർഡിൽ അനുവദനീയമായ ജീവനക്കാരുടെ എണ്ണം 1045 ആണെങ്കിലും നിലവിൽ കേവലം 321 ജീവനക്കാർ മാത്രമാണുള്ളത്. അവരിൽ തന്നെ ഭൂരിഭാഗവും വരുന്ന മൂന്ന് നാല് വർഷങ്ങൾക്കകം സർവ്വീസിൽ നിന്നും വിരമിക്കുന്നവരാണ്. മുൻവർഷങ്ങളിലെ പോലെ തന്നെ തൻവർഷവും ബോർഡ് പ്രവർത്തന നഷ്ടത്തിലാണ്.

സർക്കാരിന്റെ പ്രധാനപ്പെട്ട പുതിയ ഭവന പദ്ധതികൾ ഒന്നും ഭവന നിർമ്മാണ ബോർഡിനെ ഏൽപ്പിക്കാത്തതും, സ്വന്തമായി ഭവന പദ്ധതികൾ ആവിഷ്കരിക്കാനുള്ള വിഭവശേഷി ബോർഡിനില്ലാത്തതും. പുതിയ ഭവന വായ്പാ പദ്ധതികൾ ഒന്നും തന്നെ കാലികമായി ആവിഷ്കരിക്കാത്തതും ഭരണനിർവ്വഹണ ചെലവിലെ വർദ്ധനവും, പെൻഷൻ ബാധ്യതകളും സർക്കാരിൽ നിന്നുള്ള ധനസഹായത്തിന്റെ കുറവും ബോർഡിന്റെ പ്രവർത്തന മന്ദിഭവനത്തിന് കാരണ മായിട്ടുണ്ട്. ബോർഡിന്റെ നിലവിലെ പ്രധാന വരുമാന സ്രോതസ്സായ ഓഫീസ് കം ഷോപ്പിംഗ് കോംപ്ളക്സുകൾ, റവന്യൂ ടവ്വർ എന്നിവിടങ്ങളിലെ വാടക പോലും കാര്യക്ഷമമായി പിരിച്ചെടുക്കാൻ വേണ്ട ശുഷ്കാന്തി ബോർഡിന്റെ ഭാഗത്ത് നിന്നുമുണ്ടാകുന്നില്ല എന്നതും ശ്രദ്ധേയമാണ്. കൊല്ലം ഓഫീസ് കോംപ്ളക്സ് ഒഴികെയുള്ള എല്ലാ ഓഫീസ് കോംപ്ളക്സിലും റവന്യൂ ടവ്വറുകളിലും ഭീമമായ വാടക കുടിശ്ശികയാണ് നിലനിൽക്കുന്നത്.

സംസ്ഥാനത്ത് ഒട്ടാകെയായി ബോർഡിന്റെ ഉടമസ്ഥതതയിൽ ഏകദേശം 100 ഏക്കറോളം ഭൂമി ഒഴിഞ്ഞ്കിടപ്പുണ്ട്. അവയിൽ ഭൂരിഭാഗവും ഭവന നിർമ്മാണത്തിനോ വാണിജ്യ സമുച്ചയങ്ങളുടെ നിർമ്മാണത്തിനോ അനുയോജ്യമായവയാണെന്നതാണ് ശ്രദ്ധേയം. കൂടാതെ 53 ഫ്ളാറ്റുകൾ, 4 പ്ളോട്ട് വിത്ത് ബിൽഡിംഗ്, 20 ഹൗസ് പ്ളോട്ടുകൾ എന്നിവ ഇനയും വിറ്റഴിക്കാനായുമുണ്ട്. വിവിധ റവന്യൂ ടവ്വറുകളിലും, ഓഫീസ് കം ഷോപ്പിംഗ് കോംപ്ളക്സുകളിലുമായി പതിനായിരക്കണക്കിന് ചതുരശ്ര അടി സ്ഥലം ഇനിയും വാടകയ്ക്ക് കൊടുക്കാതെ ഒഴിഞ്ഞ് കിടക്കുകയുമുണ്ട്.

ജീവനക്കാരുടെ സേവന സംബന്ധമായ വിഷയങ്ങളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ റേഷ്യോ ബെയ്സ്ഡ് ഹയർ ഗ്രേഡ് അനുവദിച്ചതുമായി ബന്ധപ്പെട്ട് ശ്രീ.എസ്.അബ്ദുൾസമദ് മുതർപേർ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ (സി)35988/2017, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ റേഷ്യോ ബെയ്സ്ഡ് ഹയർ ഗ്രേഡ് അനുവദിച്ചതുമായി ബന്ധപ്പെട്ട് ശ്രീ.മാരളീധരപണിക്കൽ മുതൽപേർ ഫയൽ ചെയ്ത റിട്ട്

പെറ്റീഷൻ (സി)39378/2017 എന്നീ കേസ്സുകളിൽ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ നിയമനടപടികൾ തുടർന്ന് വരുകയാണ്. ബഹുമാനപ്പെട്ട കോടതിയുടെ അന്തിമവിധിയ്ക്ക് അനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

ഭവന നിർമ്മാണ ബോർഡ് ഏറ്റെടുത്ത് നടത്തുന്ന വലിയ തുകയ്ക്കുള്ള പ്രവൃത്തികൾ ഡയറക്ട് എക്സിക്യൂഷൻ രീതിയിലാണ് വർഷങ്ങളായി നടപ്പിലാക്കിവരുന്നത്. അടിയന്തിര പ്രാധാന്യമുള്ള വർക്കുകൾ എസ്റ്റിമേറ്റ് തുകയ്ക്കുള്ളിൽ സമയബന്ധിതമായി പൂർത്തിയാക്കാനാണ് ഡയറക്ട് എക്സിക്യൂഷൻ രീതി അവലംബിക്കുന്നത്. എന്നാൽ കോടികൾ ചെലവഴിച്ച് നിർവ്വഹിക്കുന്ന പ്രവൃത്തികൾ PWD നിയമങ്ങളും ചട്ടങ്ങളും കൃത്യമായി പാലിക്കാതെ ഡയറക്ട് എക്സിക്യൂഷൻ മാതൃകയിൽ ചെയ്യുന്നത് ചട്ടവിരുദ്ധമാണ്. കൂടാതെ മിക്ക പ്രവൃത്തികളും പൂർത്തിയാക്കാൻ വർഷങ്ങളുടെ കാലതാമസം ഉണ്ടാകുന്നു. പല പ്രവൃത്തികളും എസ്റ്റിമേറ്റ് തുകയിൽ നിന്ന് അധികരിച്ച് ചെലവാക്കുന്നതായും കാണുന്നു.

ഒറ്റ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങിയ ശേഷം ഇതനുസരിച്ച് ടെന്റർ ചെയ്യാനും ലേബർ വർക്ക്, മെറ്റീരിയൽ സപ്ളൈ എന്ന രീതിയിലും വിവിധ ഘട്ടങ്ങളായും വിഭജിച്ച് സബ് ടെന്ററുകൾ തയ്യാറാക്കി പ്രവൃത്തി നേരിട്ട് നിർവ്വഹിക്കുകയാണ് ചെയ്യുന്നത്. ഇപ്രകാരം ഒരു പ്രവൃത്തി വിവിധ ഘട്ടങ്ങളായി വിഭജിക്കുന്നതിനോ ഇപ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾക്കോ സർക്കാർ അനുമതി വാങ്ങാറില്ല. ഒരു പ്രവൃത്തി വിഭജിച്ച് ചെറിയ ചെറിയ എസ്റ്റിമേറ്റുകൾ തയ്യാറാക്കി ടെന്റർ ചെയ്യുമ്പോൾ പ്രവൃത്തി ആരും ഏറ്റെടുക്കാത്ത സാഹചര്യം ഉണ്ടാകുന്നു. അത്തരം അവസരങ്ങളിൽ 3 പേരിൽ നിന്നും ക്വട്ടേഷനുകൾ നേരിട്ട് വാങ്ങി പ്രവൃത്തി നിർവ്വഹിക്കുകയാണ് ചെയ്യുന്നത്. മെറ്റീരിയൽസ് വിപണിയിൽ നിന്നും നേരിട്ട് വാങ്ങി നൽകുകയും ചെയ്യുന്നു. ഇപ്രകാരം ചെയ്യുന്നതിലൂടെ നിയമപരമായി സർക്കാരിന് ലഭിക്കേണ്ട നികുതികൾ ലഭിക്കാതെ വരികയും ചെയ്യുന്നു. ഡയറക്ട് എക്സിക്യൂഷൻ രീതിയിൽ അനുമതി നൽകിയിട്ടുള്ളതിനാൽ നിലവിലെ PWD നിയമങ്ങളും ചട്ടങ്ങളും പാലിക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രവൃത്തി ചെയ്യുന്നതായി കാണുന്നു.

3. വരവ് ചെലവ് സംക്ഷിപ്തം.

വരവ്	തുക (ലക്ഷം)	ചെലവ്	തുക (ലക്ഷം)
റവന്യൂ വരവ്	3,487.01	റവന്യൂ ചെലവ്	5283.50

4. പ്രവർത്തന നഷ്ടം

മുൻവർഷങ്ങളിലെ പോലെ തന്നെ തൻവർഷവും 17,96,48,352/- രൂപയുടെ നഷ്ടത്തിലാണ് ബോർഡ് പ്രവർത്തിച്ചിട്ടുള്ളത്. കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിലെ ബോർഡിന്റെ തനത് വരവും ചെലവും താഴെപ്പറയുന്നു.

ക്രമ നമ്പർ	സാമ്പത്തിക വർഷം	തനത് വരവ്	പ്രവർത്തന ചെലവ്	പ്രവർത്തന നഷ്ടം
1	2013-2014	54,57,60,145.94	72,02,46,606.34	17,44,86,460.40
2	2014-2015	42,84,48,511.61	60,43,19,438.04	17,58,70,926.43
3	2015-2016	42,98,67,193.32	55,47,12,338.61	12,48,45,145.29
4	2016-2017	34,87,01,723.39	52,83,50,075.28	17,96,48,351.89

മുൻവർഷവുമായി താരതമ്യം ചെയ്യുമ്പോൾ വരവിൽ 19% ന്റെ കുറവും ചെലവിൽ 5% ന്റെ കുറവും ഉണ്ടായിട്ടുണ്ട്. പ്രവർത്തന ചെലവ് കുറച്ചും തനത് വരുമാനം വർദ്ധിപ്പിച്ചും പ്രവർത്തന നഷ്ടം ലഘൂകരിക്കാൻ വേണ്ട ക്രിയാത്മക നടപടികൾ തുടർന്നും സ്വീകരിക്കേണ്ടതാണ്.

5. സർക്കാർ ഗ്രാന്റുകളുടെ വരവ് ചെലവ് സംക്ഷിപ്തം.

2016-2017 വർഷത്തിൽ സംസ്ഥാന സർക്കാരിൽ നിന്നും ബോർഡിന് ലഭിച്ച ഗ്രാന്റുകളുടെ വരവ് ചെലവ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വിശദാംശം	വരവ് (ലക്ഷത്തിൽ)	ചെലവ് (ലക്ഷത്തിൽ)
1	ഗ്രാന്റ് ഇൻ എയ്ഡ് (NP)	82.4	82.4
2	വർക്കിംഗ് ജേണലിസ്റ്റ് (NP)	18.00	19.00
3	എം.എൽ.എ/എം.പി ഫണ്ട് (NP)	10.00	--
4	ഗൃഹശ്രീ (P)	2888.00	2638.00
5	ട്രയിനിംഗ് (P)	70.00	25.60
6	Grant from Central Govt.	81.93	--
7	വർക്കിംഗ് വിമൻസ് ഹോസ്റ്റൽ (P)	480.00	--
8	Rennovation of one lakh HS	-	10.78
9	ഹരിപ്പാട് റവന്യൂ ടവർ (P)	39.40	--
ആകെ		**3669.73**	**2775.78**

6. ബജറ്റ് എസ്റ്റിമേറ്റ്.

1971-ലെ ഹൗസിംഗ് ബോർഡ് ആക്ട് സെക്ഷൻ 105(1) പ്രകാരം 2016-2017 വർഷ ബഡ്ജറ്റ് 27.02.2016-ലെ ബോർഡ് യോഗം അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരം പ്രതീക്ഷിത വരവ് ചെലവുകൾ താഴെപ്പറയും പ്രകാരമായിരുന്നു.

വരവ്	തുക (ലക്ഷം)	ചെലവ്	തുക (ലക്ഷം)
റവന്യൂ വരവ്	6,992.71	റവന്യൂ ചെലവ്	6,802.83
മൂലധന വരവ്	38,967.58	മൂലധന ചെലവ്	36,628.07
ആകെ	**45960.29**	**ആകെ**	**43430.90**

എന്നാൽ യഥാർത്ഥത്തിൽ റവന്യൂ വരവ് 3487.01 ലക്ഷം രൂപയും റവന്യൂ ചെലവ് 5283.50 ലക്ഷം രൂപയുമാണ്.

ഭവന നിർമ്മാണ ബോർഡിന്റെ പ്രധാന വരുമാന മാർഗ്ഗമായ റന്റ് ആന്റ് ലീസ് ഇനത്തിൽ 2811 ലക്ഷം രൂപ വരവ് പ്രതിക്ഷിച്ചിരുന്നിടത്ത് 1796.75 ലക്ഷം രൂപ മാത്രമാണ് യഥാർത്ഥ വരവ് ഉണ്ടായിട്ടുള്ളത്. വാടക ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക പിരിച്ച് എടുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇതിന് പുറമെ മൂലധന വരവ് ചെലവുകളിലും ഗണ്യമായ അന്തരം ദൃശ്യമാണ്. മുൻവർഷങ്ങളിലെ പോലെ തന്നെ യാഥാർത്ഥ്യബോധമില്ലാത്ത ബഡ്ജറ്റ് ആയിരുന്നു 2016-2017 ലേതും വരും വർഷങ്ങളിലെങ്കിലും ബഡ്ജറ്റ് പ്രകാരം വരവ് ചെലവുകൾ ക്രമീകരിക്കാൻ ബോർഡ് ജാഗ്രത പുലർത്തേണ്ടതാണ്.

7. റവന്യൂ റിക്കവറി

2016-2017 കാലയളവിൽ ചീഫ് റവന്യൂ ഓഫീസർ മുഖേനയും ജില്ലാ കളക്ടർ മുഖേനയും റവന്യൂ റിക്കവറി നടപടിയ്ക്ക് അയച്ച കേസുകളുടെ ആകെ ഡി.സി.ബി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ചീഫ് റവന്യൂ ഓഫീസർ മുഖേനയുള്ള റവന്യൂ റിക്കവറി നടപടികളുടെ ഡി.സി.ബി.

ഡിമാന്റ് (രൂപ)	കളക്ഷൻ (രൂപ)	ബാലൻസ്
1,12,06,30,044	4,10,48,488	1,07,95,81,556

2. ജില്ലാ കളക്ടർ മുഖേനയുള്ള റവന്യൂ റിക്കവറി നടപടികളുടെ ഡി.സി.ബി.

ഡിമാന്റ് (രൂപ)	കളക്ഷൻ (രൂപ)	ബാലൻസ്
5,24,54,438	62,70,655	4,61,83,783

ഡിമാന്റ് തുകയുടെ 5% പോലും റവന്യൂ റിക്കവറി നടപടി വഴി സമാഹരിക്കാൻ ബോർഡിന് സാധിച്ചിട്ടില്ല. ചീഫ് റവന്യൂ ഓഫീസർമാരായി നിയമിതരാകുന്നവരുടെ തുടരെതുടരെയുള്ള മാറ്റം നടപടി ക്രമങ്ങളെ സാരമായി ബാധിക്കുന്നു. റവന്യൂ റിക്കവറി സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി ഭീമമായ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

8. വാർഷിക കണക്കുകളുടെ പരിശോധനയും ഓഡിറ്റ് സർട്ടിഫിക്കറ്റും.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്,9(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ ചട്ടം 15 (3) എന്നിവ പ്രകാരം വാർഷിക കണക്കുകൾ, പ്രസ്തുത സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ്. ആയത് പ്രകാരം വാർഷിക കണക്കുകൾ സമർപ്പിക്കേണ്ട അവസാന തീയതി 31.07.2016 ആയിരുന്നു. എന്നാൽ 2016-2017 സാമ്പത്തിക വർഷത്തെ കണക്കുകൾ 24.10.2017-ൽ മാത്രമാണ് ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളത്. ഭാവിയിൽ യഥാസമയം വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതുമാണ്.

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഹെഡ് ഓഫീസ്, ഹൗസിംഗ് യൂണിറ്റുകൾ, ഡിവിഷൻ ഓഫീസുകൾ, വനിതാ ഹോസ്റ്റലുകൾ, ജില്ലാ ഓഫീസ്, പ്രോജക്ട് ഡിവിഷൻ ഓഫീസുകൾ എന്നിവയുടെ 2016-2017 സാമ്പത്തിക വർഷത്തെ വരവ്, ചെലവ് കണക്കുകൾ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. വാർഷിക കണക്കുകൾ വിശദമായ ഓഡിറ്റിന് വിധേയമാക്കിയപ്പോൾ, ദൃശ്യമായ അപാകതകളും, ക്രമക്കേടുകളും വിവിധ വിഷയങ്ങളിന്മേലുള്ള തടസ്സങ്ങളും, നിരാകരണങ്ങളും, തുടർഅന്വേഷണങ്ങൾ ആവശ്യമായ വിഷയങ്ങളും, ബോർഡിന്റെ പ്രത്യേക ശ്രദ്ധ ആവശ്യമായ പരാമർശങ്ങളും, ഓഡിറ്റ് സർട്ടിഫിക്കറ്റും, അക്കൗണ്ട്സും 2016-2017 വർഷത്തെ

ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്. ബോർഡ് ലഭ്യമാക്കിയ വാർഷിക കണക്ക് പ്രകാരം 17,96,48,351.89/- രൂപയുടെ പ്രവർത്തന നഷ്ടം ഓഡിറ്റ് വർഷം ഉണ്ടായതായി കാണുന്നു.

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ 2016-2017 വർഷത്തെ വാർഷിക കണക്കിന്റെ പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

എ) <u>Sinking Fund</u>

1971-ലെ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നിയമം 99-ാം വകുപ്പനുസരിച്ച് വായ്പ തിരിച്ചടവിന് ബോർഡ് എല്ലാ വർഷവും 'Sinking Fund' ഇനത്തിൽ തുക വകയിരുത്തേണ്ടതാണ്. മാത്രമല്ല 101-ാം വകുപ്പനുസരിച്ച് Sinking Fund-ൽ വകയിരുത്തുന്ന തുക, ഗവൺമെന്റ് സെക്യൂരിറ്റിയിലോ കടപ്പത്രത്തിലോ നിക്ഷേപിക്കേണ്ടതാണ്. നിലവിൽ Sinking Fund ഇനത്തിൽ സ്ഥിര നിക്ഷേപമോ മറ്റു നിക്ഷേപങ്ങളോ നടത്തിയിട്ടില്ല. എന്നാൽ ഹൗസിംഗ് ബോർഡിന്റെ വാർഷിക കണക്കുകളിൽ 40 ലക്ഷം രൂപ ടി ഇനത്തിൽ വകയിരുത്തിയതായി കാണുന്നു. "1998-1999 സാമ്പത്തിക വർഷത്തിലെ ബാലൻസ് ഷീറ്റിലാണ ് Sinking Fund Account ൽ 40 ലക്ഷം രൂപ ബുക്ക് ചെയ്ത് കാണുന്നത്. ടി ബാലൻസ് 2016-2017 വർഷത്തിലും തുടരുന്നു" എന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ ത്തിന് മറുപടിയായി അറിയിച്ചത്. എന്നാൽ പ്രസ്തുത തുകയുടെ ആധികാരികത വ്യക്തമാക്കാൻ ബോർഡിന് സാധിച്ചിട്ടില്ല.

ബി) <u>Revaluation Reserve.</u>

വാർഷികാടിസ്ഥാനത്തിൽ ബോർഡിന്റെ ബാധ്യതയിലുള്ള ആസ്തികൾ പുനർമൂല്യ നിർണ്ണയം ചെയ്ത് ബാലൻസ് ഷീറ്റിലെ Revaluation Reserve അക്കൗണ്ട് ഹെഡിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ടി ഇനത്തിൽ 8,08,59,82,427/- രൂപ 2016-2017 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ആസ്തികൾ പുനർ മൂല്യനിർണ്ണയം ചെയ്തത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല മുൻവർഷങ്ങളിലെ വാർഷിക കണക്കിലും ഇതേ തുക തന്നെയാണ് പ്രസ്തുത ഹെഡിൽ ഉൾപ്പെടുത്തി കാണുന്നത്. 2008-2009 സാമ്പത്തിക വർഷത്തിൽ ആസ്തികൾ പുനർ മൂല്യനിർണ്ണയം ചെയ്ത് ബുക്ക് ചെയ്ത തുകയാണ് നിലവിലും തുടരുന്നത് എന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അറിയിച്ചത്. അതായത് 2008-2009 സാമ്പത്തിക വർഷത്തിന് ശേഷം ആസ്തികൾ നാളിതുവരെയായി പുനർ മൂല്യനിർണ്ണയത്തിന് വിധേയമാക്കിയിട്ടില്ല.

സി) വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന 150 ൽപ്പരം ഹെഡ് ഓഫ് അക്കൗണ്ടുകളിൽ മൈനസ് ബാലൻസാണ് കാണിച്ചിരിക്കുന്നത്. ഇതു സംബന്ധിച്ച് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കാൻ ബോർഡിന് കഴിഞ്ഞിട്ടില്ല. മേൽ ന്യൂനതകൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയത്.

ഡി) <u>സ്ഥിര നിക്ഷേപങ്ങൾ.</u>

31.03.2017-ൽ പ്രോവിഡന്റ് ഫണ്ട് ഫിക്സഡ് ഡെപ്പോസിറ്റായി 65398977/- രൂപയും പെൻഷൻ ഫണ്ട് ഫിക്സഡ് ഡെപ്പോസിറ്റായി 38772952/- രൂപയും അക്കൗണ്ട്സ് പ്രകാരം കാണിച്ചിട്ടുണ്ട്.

എന്നാൽ ഇത് സംബന്ധിച്ച രജിസ്റ്ററുകൾ ഒന്നും എഴുതി സൂക്ഷിക്കുന്നില്ല. 31.03.2017-ൽ നിലവിലുണ്ടായിരുന്ന F.D സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന യാതൊരു രേഖയും ഓഫീസിലില്ല. ഇതിന് നൽകിയ എൻക്വയറിക്ക് മറുപടിയായി നിലവിലെ F.D സംബന്ധിച്ച വിവരങ്ങളും F.D രസീതുകളുമാണ് ഓഡിറ്റിന് ഹാജരാക്കിയത്. ആയതിനാൽ അക്കൗണ്ട്സിലെ F.D സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിൽ പരിശോധിച്ച് ആധികാരികത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. വരും വർഷങ്ങളിൽ F.D രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്. 2016 ഢ 17സാമ്പത്തിക നർഷം ഭവന നിർമ്മാണ ബോർഡി പുതിയ വായിപകളൊന്നും എടുത്തിട്ടില്ല.

ഇ) 2016-2017 വാർഷിക കണക്കിൽ ബാലൻസ് ഷീറ്റിലെ 14-ാം നമ്പർ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന 'ക്യാഷ് & ബാങ്ക് ബാലൻസ്' Opening Control Account ഇനത്തിൽ 87,92,255.35/- രൂപ നീക്കിയിരുപ്പായി കാണിച്ചിരിക്കുന്നു. എന്നാൽ ഇതു സംബന്ധിച്ച രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 2009-2010 സാമ്പത്തിക വർഷം മുതൽ ടി തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിവരുന്നതായാണ് ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അറിയിച്ചത്.

എഫ്) ഭവന നിർമ്മാണ ബോർഡ് ഹെഡ് ഓഫീസിലെ 27 ബാങ്ക് / ട്രഷറി അക്കൗണ്ടുകളിൽ 2016-2017-ലെ നീക്കിയിരിപ്പും വാർഷിക കണക്കുകളിലെ നീക്കിയിരിപ്പ് തുകകളുമായി പൊരുത്തപ്പെടാത്ത അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	അക്കൗണ്ട് നമ്പർ / ബാങ്ക്	വാർഷിക കണക്ക് പ്രകാരമുള്ള തുക	പാസ്സ് ബുക്ക് / പാസ്സ് ഷീറ്റ് പ്രകാരമുള്ള തുക
1	67067707505 / SBT	20,175.00	19,542.50
2	10300200010314 / Federal Bank	14,693.00	6,356.00
3	57000773262 / SBT	8,62,04,299.37	8,60,17,662.45
4	67207268638 / SBT	27,516.00	26,883.50
5	3240 / SBT	7,21,262.83	11,50,592.00

മേൽ അക്കൗണ്ടുകൾ സംബന്ധിച്ച ബാങ്ക് റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ചുവടെ പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ 2016-2017-ലെ പാസ്സ് ബുക്ക് / പാസ് ഷീറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1. STSB-18792 സാഫല്യം (Code - 36.128)
2. SBI, LMS Compound (Code - 36.108)
3. Canara Bank 2058 (Code - 36.107)

9. <u>മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളും ഓഡിറ്റ് അദാലത്തും:</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 15 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ട് മാസത്തിനകം മറുപടി നൽകേണ്ടതും, വിശദീകരണം ഉണ്ടെങ്കിൽ അവ കൂടി നൽകേണ്ടതും ബോർഡിന്റെ കടമയാണ്. 01.04.1962-ൽ സിറ്റി ഇംപ്രൂവ്മെന്റ് ട്രസ്റ്റ് ആയിരുന്ന കാലയളവിൽ തുടങ്ങി

1971-ലെ ഭവന നിർമ്മാണ ബോർഡ് നിയമം നടപ്പാക്കിയത് മുതൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാതെ 41 എണ്ണം അവശേഷിക്കുന്നുണ്ട്.

20.03.201 -ലെ എൽ.എഫ്.14015/ആർ.2/2013 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ 1994-1995 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൽ അദാലത്ത് നടത്തി തീർപ്പ് കൽപ്പിക്കുന്നതിന് ബഹുമാനപ്പെട്ട കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ നൽകിയ നിർദ്ദേശ പ്രകാരം 08.04.2014-ലെ എൽ.എഫ്.എച്ച്.ബി.എ.7/294/2014 പ്രകാരം ഹൗസിംഗ് ബോർഡിന് കത്ത് നൽകുകയും തുടർന്ന് ഓർമ്മക്കുറിപ്പുകൾ നൽകിയിട്ടുള്ളതുമാണ്. തുടർന്ന് 03.08.2017-ൽ ബഹുമാനപ്പെട്ട ചെയർമാന്റെ അധ്യക്ഷതയിൽ ബഹുമാനപ്പെട്ട ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സാനിദ്ധ്യത്തിൽ നടന്ന കൂടിക്കാഴ്ചയിൽ 1962-1963 മുതൽ 2015-2016 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ നാല് ഘട്ടങ്ങളായി തരം തിരിച്ച് തീർപ്പാക്കാൻ വേണ്ട സത്വരനടപടികൾ കൂട്ടായി സ്വീകരിക്കാൻ തീരുമാനിച്ചിരുന്നു. ആയത് പ്രകാരം 1998-1999 മുതൽ 2015-2016 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് ശുപാർശ ചെയ്യപ്പെട്ട ഖണ്ഡികകളെ സംബന്ധിച്ച വിവരം 07.08.2017-ലെ കെ.എസ്.എ-കെ.എസ്.എച്ച്.ബി.എ.4/508/2017 നമ്പർ കത്ത് പ്രകാരം ബോർഡിനെ അറിയിച്ചിരുന്നു. എന്നാൽ അവശേഷിക്കുന്ന ഖണ്ഡികകളിൽ ബോർഡിന്റെ ഭാഗത്തു നിന്നും തുടർ നടപടികൾ സ്വീകരിക്കാത്തതു മൂലം പുരോഗതി ഉണ്ടായില്ലെന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധം 1-ൽ ചേർക്കുന്നു.

10. ഓഡിറ്റ് ചാർജ്

വാടക, ലീസ് വരവ്	17,96,75,326.88
സർവ്വീസ് ചാർജ് & സ്ക്രൂട്ടിനി ഫീസ്	1,47,90,306.00
പലിശ വരവ്	11,07,07,562.46
പലവക വരവ്	4,35,28,528.05
ആകെ വരവ്	**34,87,01,723.39**
ഓഡിറ്റ് ചാർജ് @ 1%	**34,87,017.23**
റൗണ്ട് ചെയ്തത്	**34,87,017**

വർഷം തിരിച്ചുള്ള ഓഡിറ്റ് ചാർജ്ജ് കുടിശ്ശികയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	വർഷം	ഓഡിറ്റ് ചാർജ്ജ്	ജില്ലാ ഓഫീസിന്റെ വാടക കുറച്ചത്	മൊത്തം ഓഡിറ്റ് ചാർജ്ജ്
1.	1997-1998	26,19,643	-	26,19,643
2.	1998-1999	1,03,21,370	-	1,03,21,370
3.	1999-2000	79,72,086	-	79,72,086
4.	2000-2001	84,60,502	-	84,60,502
5.	2001-2002	1,11,53,202	-	1,11,53,202
6.	2002-2003	48,13,123	-	48,13,123
7.	2003-2004	51,87,981	-	51,87,981

8.	2004-2005	1,01,34,386	-	1,01,34,386
9.	2005-2006	95,84,925	-	95,84,925
10.	2006-2007	44,42,326	-	44,42,326
11.	2007-2008	51,57,947	-	51,57,947
12.	2008-2009	49,29,601	-	49,29,601
13.	2009-2010	1,11,23,765	-	1,11,23,765
14.	2010-2011	93,38,795	3,55,176	89,83,619
15.	2011-2012	67,32,269	3,55,176	63,77,093
16.	2012-2013	64,65,024	3,71,484	60,93,540
17	2013-2014	53,95,701	4,53,401	49,42,300
18	2014-2015	42,16,385	5,35,164	36,81,221
19	2015-2016	42,98,672	--	42,98,672
20	20162017	34,87,017	--	34,87,017
ആകെ		**13,58,34,720**	**20,70,401**	**13,37,64,319**

2016-2017-ലെ ഓഡിറ്റ് ചാർജ്ജായ **34,87,017**/- രൂപയും കുടിശ്ശികയും ചേർത്ത് **13,37,64,319**/- രൂപ **0070-60-110-99** എന്ന ശീർഷകത്തിൽ ഓഡിറ്റ് ചാർജ് ഇനത്തിൽ അടച്ച് അസ്സൽ ചെലാൻ പരിശോധനയ്ക്കായി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് അയക്കേണ്ടതാണ്.

11. ഓഡിറ്റ് റിപ്പോർട്ടും തുടർ നടപടികളും.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 10.06.2014-ലെ എൽ.എഫ്.13707/ ആർ.2/2013 (Annexure 1) നമ്പർ കത്ത് പ്രകാരം 2012-2013 സാമ്പത്തിക വർഷം മുതൽ അന്തിമ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളിൽ മാത്രമാണ് കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് തുടർനടപടികൾ സ്വീകരിക്കുക. ഓഡിറ്റ് കാലയളവിൽ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റ് നോട്ടുകളിൽ ഉൾപ്പെട്ടവയും, ഓഡിറ്റ് റിപ്പോർട്ടിൽ ചേർക്കപ്പെടാത്തവയുമായ, ഖണ്ഡികകളിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ട ചുമതല ഭരണതലവകുപ്പ് എന്ന നിലയിൽ ഹൗസിംഗ് ബോർഡ് നിർവ്വഹിക്കേണ്ടതാണ്.

ഭാഗം - II

വരവിനങ്ങളെ സംബന്ധിച്ച പരാമർശങ്ങൾ

II.1. ഹെഡ് ഓഫീസ്, തിരുവനന്തപുരം

1.1. റവന്യൂ റിക്കവറി നടപടികൾ - മന്ദഗതിയിൽ - 5% പോലും പുരോഗതി കൈവരിക്കാനായില്ല കുടിശ്ശിക 1,12,57,65,339/- രൂപ

ഭവന നിർമ്മാണ ബോർഡിലെ വായ്പ കുടിശ്ശകയിൽ ചീഫ് റവന്യൂ ഓഫീസർ മുഖാന്തിരവും ജില്ലാ കളക്ടർ മുഖാന്തിരവും റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എന്നാൽ നടപടിക്രമങ്ങൾ വളരെ മന്ദഗതിയിലായതിനാൽ 5% പോലും ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. ചീഫ് റവന്യൂ ഓഫിസർ മുഖാന്തിരം 2594 ഫയലുകളിലും ജില്ലാ കളക്ടർ മുഖേന 206 വായ്പാ ഫയലുകളിലുമാണ് 2016-2017 വർഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിരുന്നത്. പ്രസ്തുത കുടിശ്ശിക ഫയലുകൾ വഴി 1,12,06,30,044/- രൂപയും 5,24,54,438/- രൂപയുമായിരുന്നു യഥാക്രമം പിരിച്ചെടുക്കേണ്ടിയിരുന്നത്. എന്നാൽ ടി സാമ്പത്തിക വർഷം ചീഫ് റവന്യൂ ഓഫിസർ മുഖാന്തിരം 205 ഫയലുകളും ജില്ലാ കളക്ടർ മുഖേന 15 വായ്പാ ഫയലുകളും മാത്രമേ തീർപ്പാക്കാൻ കഴിഞ്ഞിട്ടുള്ളൂ. ആയത് വഴി 4,10,48,488/- രൂപയും 62,70,655/- രൂപയുമാണ് യഥാക്രമം സമാഹരിക്കാൻ കഴിഞ്ഞിട്ടുള്ളത്. അവശേഷിക്കുന്ന 2570 വായ്പാ ഫയലുകളിലായി 1,12,57,65,339/- രൂപ ഇനിയും കുടിശ്ശികയായുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വിശദാംശങ്ങൾ	16-17-ൽ ഉണ്ടായിരുന്ന ആകെ ഫയലുകൾ	16-17-ൽ Close ചെയ്ത ഫയലുകൾ	പിരിച്ചെടുക്കാൻ ഉണ്ടായിരുന്ന തുക	ഈടാക്കാൻ കഴിഞ്ഞ തുക	31.3.17-ൽ അവശേഷിക്കുന്ന തുക
1	ചീഫ് റവന്യൂ ഓഫീസർ മുഖാന്തിരം നടപടി എടുത്തവ	2594	205	1,12,06,30,044	4,10,48,488	1,07,95,81,556
2	ജില്ലാ കളക്ടർ മുഖാന്തിരം നടപടി എടുത്തവ	206	15	5,24,54,438	62,70,655	4,61,83,783
ആകെ		2800	230	1,17,30,84,482	4,73,19,143	1,12,57,65,339

ഡിമാന്റ് തുകയുടെ 5% തുക പോലും റവന്യൂ റിക്കവറി നടപടികൾ വഴി സമാഹരിക്കാൻ 2016-2017 സാമ്പത്തിക വർഷം ബോർഡിന് സാധിച്ചിട്ടില്ല. നടപടിക്രമങ്ങൾ ഊർജ്ജിതപ്പെടുത്താൻ ഒരു സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടറെ തന്നെ CRO ആയി നിയമിച്ചിട്ടും ആശാവഹമായ പുരോഗതി ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല. ചീഫ് റവന്യൂ ഓഫീസറായി നിയമിതരാകുന്നവരുടെ തുടരെ തുടരെയുള്ള മാറ്റം റവന്യൂ റിക്കവറി നടപടികളെ സാരമായി ബാധിക്കുന്നുണ്ട്. പ്രസ്തുത വിവരം മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും നിലവിലും തൽസ്ഥിതി തുടരുകയാണ്. ഈ വിഷയത്തിൽ ബോർഡിന്റെ അടിയന്തിര ശ്രദ്ധയുണ്ടാകേണ്ടതാണ്.

1.2. വിൽക്കാൻ അവശേഷിക്കുന്ന പ്ളോട്ടുകൾ / ഫ്ളാറ്റുകൾ / കടമുറികൾ / പ്ളോട്ട് വിത്ത് ബിൽഡിംഗുകൾ സംബന്ധിച്ച വിവരം.

ഭവന നിർമ്മാണ ബോർഡ് വിൽപ്പനക്കായി വച്ചിരുന്ന പ്ളോട്ടുകളിൽ 49 എണ്ണവും പ്ളോട്ട് വിത്ത് ബിൽഡിംഗുകളിൽ 8 എണ്ണവും ഫ്ളാറ്റുകളിൽ 54 എണ്ണവും കടമുറികളിൽ 10 എണ്ണവും ഇനിയും വിറ്റഴിക്കാനായി അവശേഷിക്കുന്നുണ്ട്. അവശേഷിക്കുന്ന 54-ൽ 51 ഫ്ളാറ്റുകളും ബാലരാമപുരം ഭവന പദ്ധതിയിലേതാണ്. 2011 ന് ശേഷം നാളിതുവരെയായി പ്രസ്തുത ഫ്ളാറ്റുകൾ ഒന്നും തന്നെ വിറ്റഴിക്കാൻ സാധിച്ചിട്ടില്ല. ടി പദ്ധതിയിലെ കേടായ മതിൽ പുതുക്കിപ്പണിയുന്നതിനും, കതകുകളിൽ പൂട്ട് പിടിപ്പിക്കുന്നതിനും ജലവിതരണ ക്ഷാമം പരിഹരിക്കുന്നതിനും 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചും മേൽപ്പറഞ്ഞ പണികൾ പൂർത്തീകരിച്ചതിന് ശേഷം 'Upset Price' പുതുക്കി നിശ്ചയിച്ച് ലേലം പുനരാരംഭിക്കുന്നതിനും 22.02.2012-ൽ ചേർന്ന ബോർഡ് യോഗത്തിൽ തീരുമാനം (1, 2) എടുത്തിരുന്നു. എന്നാൽ നാളിതുവരെയായി പ്രസ്തുത പ്രവർത്തികൾ പൂർത്തീകരിക്കുകയോ 'Upset Price' പുനർനിർണ്ണയം നടത്തി ലേല നടപടികൾ ആരംഭിക്കുകയോ ചെയ്തിട്ടില്ല. ബോർഡിന്റെ ഭാഗത്ത് നിന്നുമുള്ള അംഗീകരിക്കാനാവാത്ത കാലതാമസം പ്രസ്തുത ഫ്ളാറ്റുകൾ വിറ്റഴിക്കുന്നതിൽ തടസ്സമായിരിക്കുകയാണ്. മേൽവിഷയത്തിൽ ബോർഡിന്റെ ഭാഗത്ത് നിന്നും സത്വരനടപടി ഉണ്ടാകേണ്ടതാണ്.

1.3. ചീഫ് റവന്യൂ ഓഫീസർ തസ്തികയിലെ തുടരെയുള്ള മാറ്റം - റവന്യൂ റിക്കവറി നടപടികളെ ബാധിക്കുന്നു.

ഭവന നിർമ്മാണ ബോർഡിലെ വിവിധ വായ്പാ കുടിശ്ശികകളിൽ ജില്ലാ കളക്ടർ മുഖേനയുള്ള റവന്യൂ റിക്കവറി ഫലപ്രദമല്ലാത്തതിനാലാണ് റവന്യൂ വകുപ്പിൽ നിന്നും ഒരു സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടറെ ചീഫ് റവന്യൂ ഓഫീസറായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാൻ സർക്കാർ തീരുമാനിച്ചത്. എന്നാൽ പ്രസ്തുത തസ്തികയിൽ അടിക്കടി സ്ഥലം മാറ്റം ഉണ്ടാവുന്നു. 2016-2017 കാലയളവ് മുതൽ നാളിതുവരെയുള്ള ചീഫ് റവന്യൂ ഓഫിസർമാരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സി.ആർ.ഒയുടെപേര്	ജോലിയിൽ പ്രവേശിച്ച തീയതി	ജോലിയിൽ നിന്നും വിടുതൽ ചെയ്ത തീയതി
1	ശ്രീ.റ്റി.ജേക്കബ്	27.02.2016	31.05.2016
2	ശ്രീമതി.കെ.എസ്.പത്മകുമാരിയമ്മ	31.05.2016	10.07.2016
3	ശ്രീമതി.ബീന.ബി	11.07.2016	31.05.2017
4	ശ്രീ.രഘുപതി	01.06.2017	08.09.2017
5	ശ്രീ.മുഹമ്മദ് സഫീർ	15.09.2017	തുടരുന്നു

റവന്യൂ റിക്കവറി നടപടി ക്രമങ്ങളിൽ കാലതാമസം ഒഴിവാക്കുന്നതിനായി സൃഷ്ടിച്ചിട്ടുള്ള പ്രസ്തുത തസ്തികയിൽ കൂടുതൽ സേവന ദൈർഘ്യം ലഭിക്കുന്ന രീതിയിൽ ഓഫീസറെ നിയമിക്കാത്തത് റവന്യൂ റിക്കവറി നടപടിക്രമങ്ങളെ സാരമായി ബാധിക്കുന്നു. ഈ വിഷയം റവന്യൂ വകുപ്പ് അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി റവന്യൂ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഭവന നിർമ്മാണ ബോർഡിലേയ്ക്ക് നിയമിതരാവുന്ന സി.ആർ.ഒ മാർക്ക് മതിയായ സേവനകാലാവധി ഉറപ്പുവരുത്തേണ്ടതാണ്.

1.4. തീർപ്പാക്കാൻ അവശേഷിക്കുന്ന 3082 വായ്പാ ഫയലുകൾ ലഭിക്കേണ്ട കുടിശ്ശിക 2,15,32,87,360/- രൂപ

ഭവന നിർമ്മാണ ബോർഡ് വിവിധയിനങ്ങളിൽ അനുവദിച്ച് നൽകിയ വായ്പകളുടെ തിരിച്ചടവ് കാലാവധി പൂർണ്ണമായും അവസാനിച്ചു. 06.12.17 ലെ ഓഡിറ്റ് എൻക്വയറി നം. 10/16 - 17 ലെ മറുപടി പ്രകാരം ഇനിയും കുടിശ്ശികയുള്ള 3082 വായ്പാ ഫയലുകളിലായി 2,15,32,87,360/- രൂപ ബോർഡിന് ലഭിക്കാനായുണ്ട്. ഇതിൽ 260 വായ്പാ ഫയലുകൾ ഒഴികെയുള്ളവയിലെല്ലാം റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചവയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വായ്പയുടെ ഇനം	31.03.2017-ൽ കുടിശ്ശികയുള്ള ആകെ ഫയലുകൾ	ആർ.ആർ നടപടികൾ തുടങ്ങാത്തവ	31.03.2017-ലെ കുടിശ്ശിക തുക (രൂപ)
1	LIG	1332	196	29,42,58,205
2	MIG	1364	52	1,16,09,80,775
3	HIG	386	12	69,80,48,380
ആകെ		3082	260	2,15,32,87,360

ഒട്ടുമിക്ക കുടിശ്ശിക ഫയലുകളിലും റവന്യൂ റിക്കവറി നടപടികൾ ചീഫ് റവന്യൂ ഓഫീസർ വഴിയും ജില്ലാ കളക്ടർ വഴിയും ആരംഭിച്ചിട്ടുണ്ട് എങ്കിലും നടപടികളുടെ പുരോഗതി തീർത്തും പരിതാപകരമാണ്. നടപ്പ് വർഷത്തിൽ 5% പോലും ലക്ഷ്യ പ്രാപ്തികൈവരിക്കാൻ സാധിച്ചിട്ടില്ല. ടി വിഷയം ബോർഡ് ഗൗരവമായി കാണേണ്ടതും ചീഫ് റവന്യൂ ഓഫീസറുടെ ഓഫീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുമാണ്.

യൂണിറ്റ് ഓഫീസുകൾ

2. യൂണിറ്റ് ഓഫീസ്, തിരുവനന്തപുരം

പ്രത്യേക പരാമർശമില്ല.

3. യൂണിറ്റ് ഓഫീസ്, കൊച്ചി

പ്രത്യേക പരാമർശമില്ല.

4. യൂണിറ്റ് ഓഫീസ്, കോഴിക്കോട്

4.1. കോൺഫറൻസ് ഹാൾ വാടകയ്ക്ക് നൽകുന്നില്ല.

മേഖലാ ഓഫീസിനു കീഴിൽ ഒരു കോൺഫറൻസ് ഹാളും, രണ്ട് ഗസ്റ്റ് റൂമുകളും പണി തീർത്ത് ഉപയോഗിച്ചുവരുന്നു. രണ്ട് ഗസ്റ്റ് റൂമുകളിൽ നിന്നും വാടകയിനത്തിൽ 21600/- രൂപ 2016-2017 സാമ്പത്തിക വർഷം വരവുണ്ട്. എന്നാൽ കോൺഫറൻസ് ഹാൾ നാളിതുവരെ വാടകയ്ക്ക് നൽകിയതായി കാണുന്നില്ല. മേഖലാ എഞ്ചിനീയർ വിളിച്ചുകൂട്ടുന്ന റിവ്യൂ മീറ്റിംഗുകൾ നടത്താൻ വേണ്ടി മാത്രമാണ് നിലവിൽ ഈ ഹാൾ ഉപയോഗിച്ചുവരുന്നത്. മറ്റുള്ള ദിവസങ്ങളിൽ ഈ ഹാൾ വാടകയ്ക്ക് നൽകിയാൽ വരുമാനമാർഗ്ഗമാകുന്നതാണ്. ഇതിന് ദിവസവാടക നിശ്ചയിച്ച് ബോർഡിന്റെ അനുവാദത്തോടെ പൊതു ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

ഡിവിഷൻ ഓഫീസുകൾ

5. ഡിവിഷൻ ഓഫീസ് നം. I, തിരുവനന്തപുരം

പ്രത്യേക പരാമർശമില്ല.

6. ഡിവിഷൻ ഓഫീസ് നം. II, തിരുവനന്തപുരം

6.1. ക്യാഷ് ബുക്ക് പരിപാലനം അപൂർണ്ണം.

തിരുവനന്തപുരം ഡിവിഷൻ നം.2-ലെ ക്യാഷ് ബുക്ക് 09.10.2017-ൽ പരിശോധിച്ചതിൽ നിന്നും 04.10.2017 വരെ മാത്രമേ രേഖപ്പെടുത്തലുകൾ നടത്തിയിട്ടുള്ളൂ. കൂടാതെ 29.08.2017 വരെയുള്ള എൻട്രികൾ മാത്രമേ മേലധികാരി സാക്ഷ്യപ്പെടുത്തി കാണുന്നുള്ളൂ. മാസാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തി മേലധികാരി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കേരള ട്രഷറി കോഡ് റൂൾ 92 അനുശാസിക്കും പ്രകാരം ഓഫീസിലെ പണം ഇടപാടുകൾ സംബന്ധിയായ രേഖപ്പെടുത്തലുകൾ ക്യാഷ് ബുക്കിൽ നടത്തേണ്ടതും മാസാന്ത്യ സംക്ഷിപ്തം മേലധികാരി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

6.2. ബാലരാമപുരം ഭവന പദ്ധതി - ഒഴിഞ്ഞ്കിടക്കുന്ന ഫ്ളാറ്റുകൾ വിൽക്കാൻ വർഷങ്ങളായി നടപടി സ്വീകരിക്കുന്നില്ല ബോർഡിന് വൻ സാമ്പത്തിക നഷ്ടം.

ഭവന നിർമ്മാണ ബോർഡിന്റെ ബാലരാമപുരം ഭവന പദ്ധതിയിലെ ആകെ ഉണ്ടായിരുന്ന 184 ഫ്ളാറ്റുകളിൽ 51 എണ്ണവും 76 കടമുറികളിൽ 8 എണ്ണവും ഒഴിഞ്ഞ്കിടക്കുകയാണ്. 22.02.2012 ന് ശേഷം ഫ്ളാറ്റുകൾ ലേലം ചെയ്യുന്നതിനോ Upset Price നിശ്ചയിച്ച് വിൽപ്പന നടത്തുന്നതിനോ യാതൊരു ശ്രമവും ബോർഡിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല. മേൽ തീയതിയിലെ ബോർഡ് യോഗത്തിൽ ബാലരാമപുരം പദ്ധതിയിലെ ഫ്ളാറ്റുകളുടെ വിൽപ്പന തൽക്കാലം നിർത്തിവെക്കാനും Upset Price പുതുക്കി നിശ്ചയിച്ചതിന് ശേഷം ലേലം പുനരാരംഭിക്കാനും തീരുമാനിച്ചിരുന്നു. (തീരുമാനം നം.2). തുടർനടപടികൾക്കായി തീരുമാനം നം.4 പ്രകാരം ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ 5 വർഷങ്ങൾക്ക് ശേഷവും Upset Prise പുതുക്കി നിശ്ചയിക്കുന്നതിനോ ഫ്ളാറ്റുകൾ വിൽപ്പന നടത്തുന്നതിനോ ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടില്ല. 2012-ൽ നിശ്ചയിച്ചിരിക്കുന്ന വില പ്രകാരം തന്നെ ഏകദേശം 12.5 കോടിയോളം രൂപ മതിപ്പുവില പ്രസ്തുത ഫ്ളാറ്റുകൾക്കുണ്ടായിരുന്നു. കൂടാതെ നടപ്പു സാമ്പത്തിക വർഷവും ടി ഫ്ളാറ്റുകളുടെ അറ്റകുറ്റപ്പണികൾക്കായി ഏകദേശം 10 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

സമയബന്ധിതമായി തീരുമാനം കൈക്കൊണ്ട് ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തത് മൂലമാണ് ഫ്ളാറ്റുകൾ യഥാസമയം വിൽപ്പന നടത്താൻ കഴിയാത്തത്. ഇത്തരം അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങളിൽ ബോർഡിന്റെയും ഉന്നത ഉദ്യോഗസ്ഥരുടെയും ഭാഗത്ത് നിന്നുള്ള നിരുത്തരവാദപരമായ സമീപനം തീർത്തും അശാസ്യകരമല്ല. ടി വിഷയത്തിൽ അടിയന്തിര തീരുമാനം ഉണ്ടാകേണ്ടതാണ്.

6.3. ഭവന പദ്ധതി (എസ്റ്റേറ്റ് വിഭാഗം) വായ്പ പിരിവ് കേവലം 8.34% മാത്രം.

ഡിവിഷൻ ഓഫീസിന് കീഴിലുള്ള വിവിധ ഭവന പദ്ധതികളിലെ (എസ്റ്റേറ്റ് വിഭാഗം) വായ്പ കുടിശ്ശികകളിൽ നാമമാത്രമായ തുക മാത്രമാണ് 2016-2017 സാമ്പത്തിക വർഷം ബോർഡിന്

സമാഹരിക്കാൻ കഴിഞ്ഞിട്ടുള്ളത്. ആകെ ലഭിക്കേണ്ടിയിരുന്ന 98,95,651/- രൂപയിൽ കേവലം 4,43,210/- രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. അതായത് 8.34% മാത്രം. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഭവന പദ്ധതിയുടെ പേര്	ആകെ ലഭിക്കേണ്ടിയിരുന്ന തുക	ലഭിച്ച തുക	ബാക്കി തുക
1	ത്രിവിക്രമംഗലം	2,55,626	25,500	2,30,126
2	നെട്ടയം	76,800	9,600	67,200
3	എ.കെ.ജി നഗർ	2,80,478	16,150	2,64,328
4	പി.ടി ചാക്കോ നഗർ	4,000	-	4,000
5	പാറ്റൂർ	30,000	10,000	20,000
6	നാലാഞ്ചിറ	1,94,960	-	1,94,960
7	ബാലരാമപുരം	90,53,787	3,81,960	86,71,827
ആകെ		98,95,651	4,43,210	94,52,441

ഭീമമായ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഊർജ്ജിതമായ ശ്രമം ബോർഡിന്റെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

6.4. <u>കടമുറികൾ, ഓഫീസ് സ്ഥലങ്ങൾ എന്നിവ ഒഴിഞ്ഞ്കിടക്കുന്നത് മൂലം ബോർഡിന് വാടക വരുമാനത്തിൽ സഞ്ചിത നഷ്ടം.</u>

ഡിവിഷൻ ഓഫീസിന് കീഴിലുള്ള ഓഫീസ് കം ഷോപ്പിംഗ് കോംപ്ളക്സുകൾ, റവന്യൂ ടവറുകൾ എന്നിവിടങ്ങളിലെ കടമുറികൾ, ഓഫീസ് സ്ഥലങ്ങൾ എന്നിവ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞ്കിടക്കുന്നതു മൂലം പ്രതിവർഷം 50 ലക്ഷം രൂപയ്ക്ക് മുകളിൽ വാടക വരുമാനത്തിൽ നഷ്ടം സംഭവിച്ച്കൊണ്ടിരിക്കുകയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വിശദാംശങ്ങൾ	വിസ്തീർണ്ണം (ചതുരശ്ര അടി)	വാടക (ചതുരശ്ര അടി)	പ്രതിമാസ വാടക
1	റവന്യൂ ടവ്വർ, നെടുമങ്ങാട് കടമുറികൾ-2 ഓഫീസ് സ്ഥലം-1	826(2) 562.65	25.92/24.19 9.77	46888
2	ബാലരാമപുരം ഓഫീസ് സ്ഥലം-10	25.500	8	204000
3	ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം കടമുറി-1	1814	22.46	40742
4	കൽപന നഗർ കോംപ്ളക്സ് ഓഫീസ് സ്ഥലം-1	2250.24	43.2	97210
5	പട്ടം സി.ആർ.സി കടമുറി-1	335.81	46.656	15668
ആകെ പ്രതിമാസ വാടക				404508

പ്രതിമാസം 4,04,508/- രൂപ വാടകയിനത്തിൽ ലഭിക്കേണ്ട സ്ഥലങ്ങളാണ് നിലവിൽ ഒഴിഞ്ഞ്കിടക്കുന്നത്. ഇത് ആകെയുള്ള സ്ഥലത്തിന്റെ ഏകദേശം 10% വരുന്നുണ്ട്. ടി കടമുറികളും ഓഫീസ് സ്ഥലങ്ങളും വാടകയ്ക്ക് നൽകി ബോർഡിന്റെ വരുമാന നഷ്ടം കുറക്കാൻ വേണ്ടുന്ന ക്രിയാത്മക നടപടികൾ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

6.5. <u>വാടകയിനത്തിൽ പിരിച്ചെടുക്കാനുള്ള കുടിശ്ശിക 3,46,32,662/- രൂപ</u>

ഡിവിഷൻ ഓഫീസിനു കീഴിലുള്ള ഓഫീസ് കം ഷോപ്പിംഗ് കോംപ്ളക്സുകൾ, റവന്യൂ ടവ്വറുകൾ എന്നിവിങ്ങളിൽ ഓഫീസ് സ്ഥലങ്ങൾ, കടമുറികൾ എന്നിവ വാടകയ്ക്ക് നൽകിയ ഇനത്തിൽ 31.03.2017 വരെ 3,46,32,662/- രൂപ വാടക കുടിശ്ശികയായുണ്ട്. ശരാശരി 41,42,673/- രൂപയാണ് പ്രതിമാസ പ്രതീക്ഷിത വാടകയും 4,97,12,076/- രൂപ പ്രതീക്ഷിത വാർഷിക വാടകയും ഉള്ളപ്പോഴാണ് ഇത്രയും ഭീമമായ വാടക കുടിശ്ശിക നിലനിൽക്കുന്നത്. കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വിശദാംശങ്ങൾ	31.03.2017 വരെയുള്ള വാടക കുടിശ്ശിക
1	ശാന്തിനഗർ ഷോപ്പിംഗ് കോംപ്ളക്സ്	1,92,492
2	ഗസ്റ്റ് ഹൗസ് ഷോപ്പിംഗ് കോംപ്ളക്സ്	86,981
3	ഹൗസിംഗ് ബോർഡ് ബിൽഡിംഗ്	57,148
4	ശാന്തിനഗർ കൊമേഴ്സ്യൽ കോംപ്ളക്സ്	101
5	വൃന്ദാവൻ ഷോപ്പിംഗ് കോംപ്ളക്സ്	1,18,185
6	പട്ടം സി.ആർ.സി	1,74,098
7	റ്റി.എം വർഗ്ഗീസ് നഗർ	4,86,825
8	ജവഹർ നഗർ	49,20,686
9	പി.റ്റി.പി നഗർ	2,08,640
10	കൽപക നഗർ	15,32,368
11	മൊബൈൽ ടവ്വർ, നെടുമങ്ങാട്	1,30,577
12	മൊബൈൽ ടവ്വർ, ബാലരാമപുരം	2,46,951
13	സർക്കാർ വകുപ്പുകൾ	2,23,99,210
14	റവന്യൂ ടവ്വർ, നെടുമങ്ങാട് സർക്കാർ ഓഫീസുകൾ	36,43,654
15	റവന്യൂ ടവ്വർ, നെടുമങ്ങാട് കടമുറികൾ	4,34,746
ആകെ		3,46,32,662

വാടക കുടിശ്ശിക നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതാണ്.

7. ഡിവിഷൻ ഓഫീസ്, കൊല്ലം

7.1. റവന്യൂ റിക്കവറി നടപടികളുടെ പുരോഗതി ആശാസ്യകരമല്ല - റിപ്പോർട്ട്.

കൊല്ലം ഡിവിഷൻ ഓഫീസിന് കീഴിൽ ചീഫ് റവന്യൂ ഓഫീസർ മുഖാന്തിരം 61 വായ്പാ ഫയലുകളിലും ജില്ലാ കളക്ടർ മുഖാന്തിരം 15 വായ്പാ ഫയലുകളിലും നടപടികൾ ഉണ്ടായിരുന്നതിൽ 2016-2017 സാമ്പത്തിക വർഷത്തിൽ ചീഫ് റവന്യൂ ഓഫീസർ മുഖാന്തിരം 10 വായ്പാ ഫയലുകളിലും ജില്ലാ കളക്ടർ മുഖാന്തിരം ഒരു വായ്പാ ഫയലിലും റവന്യൂ റിക്കവറി നടപടികൾ പൂർത്തീകരിക്കുകയുണ്ടായി. ചീഫ് റവന്യൂ ഓഫീസർ വഴി 19,13,230/- രൂപയും ജില്ലാ കളക്ടർ മുഖാന്തിരം 2,69,369/- രൂപയും ഇതു വഴി സമാഹരിച്ചിട്ടുണ്ട്. ഇനിയും അവശേഷിക്കുന്ന 65 വായ്പാ ഫയലുകളിലായി 2,03,43,736/- രൂപയുടെ കുടിശ്ശിക പിരിച്ചെടുക്കാനായുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	നടപടി ക്രമങ്ങൾ	ആകെ ഫയലുകൾ	ആകെ ഡിമാന്റ്	തീർപ്പാക്കിയ ഫയലുകൾ	പിരിച്ചെടുത്ത തുക	പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക
1	ചീഫ് റവന്യൂ ഓഫീസർ മുഖാന്തിരം	61	2,08,80,907	10	19,13,230	1,89,67,677
2	ജില്ലാ കളക്ടർ മുഖാന്തിരം	15	16,45,428	1	2,69,369	13,76,059
ആകെ		76	2,25,26,335	11	21,82,599	2,03,43,736

ആകെ റവന്യൂ റിക്കവറി വഴി പിരിച്ചെടുക്കേണ്ടിയിരുന്ന തുകയുടെ കേവലം 10% തുക പോലും 2016-2017 സാമ്പത്തിക വർഷത്തിൽ പിരിച്ചെടുക്കാൻ സാധിക്കാത്തത് തീർത്തും ആശാസ്യകരമല്ല. നടപടിക്രമങ്ങൾ ഊർജ്ജിതപ്പെടുത്തി ഫയലുകൾ തീർപ്പാക്കാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

7.2. ബോർഡിന് പണയപ്പെടുത്തിയ വസ്തു മറിച്ചുവിറ്റു - ബോർഡിന് കിട്ടാക്കടം - 1,93,250/- രൂപ

ഭവന നിർമ്മാണ ബോർഡിന്റെ ഇടത്തരം വരുമാനക്കാർക്കായുള്ള ഭവന പദ്ധതി പ്രകാരം പത്തനാപുരം ബ്രാഞ്ച് ഓഫീസിൽ നിന്നും കെ.ശശിധരൻപിള്ള, റാവൂരഴികത്ത് വീട്, കുടവട്ടൂർ, കൊട്ടാരക്കര എന്നയാൾ തന്റെ പേരിൽ കൊട്ടാരക്കര താലൂക്കിൽ, ഓടനാവട്ടം വില്ലേജിൽ സർവ്വേ നം.147117-4-ൽ പ്പെട്ട 14 സെന്റ് സ്ഥലം ഈട് നൽകി 58,000/- രൂപ വായ്പയെടുക്കുകയുണ്ടായി.

ബോർഡുമായുള്ള ബാധ്യത നിലനിൽക്കെ തന്നെ തന്റെയുടമസ്ഥതയിലുള്ള മേൽപ്പടി വസ്തു ഉൾപ്പെടെയുള്ള 93 സെന്റ് വസ്തു പ്ളോട്ടുകളായി തിരിച്ച് വിവിധ ആൾക്കാർക്കായി വിൽപ്പന നടത്തി. വായ്പ കുടിശ്ശികയുടെ റവന്യൂ റിക്കവറി നടപടികളുടെ ഭാഗമായി വസ്തുവും വീടും തിരിച്ചറിഞ്ഞ് നോട്ടിസ് പതിപ്പിക്കാനായി ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തിയപ്പോഴാണ് മേൽവിവരം ബോർഡ് അധികൃതരുടെ ശ്രദ്ധയിൽപ്പെടുന്നത്. ബോർഡിന് പണയപ്പെടുത്തിയ വസ്തു വ്യക്തമായി തിട്ടപ്പെടുത്തി നൽകുവാൻ നിരവധി തവണ റവന്യൂ അധികാരികളെ ബോർഡ് സമീപിച്ചു എങ്കിലും നാളിതുവരെയായി യാതൊരു അനുകൂല നടപടിയും റവന്യൂ അധികാരികളുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല. 31.03.2017 വരെ പ്രസ്തുത വായ്പ ഫയലിൽ ബോർഡിന് ലഭിക്കേണ്ട കുടിശ്ശിക 1,93,200/- രൂപയാണ്.

മേൽ വിഷയത്തിൽ ബോർഡിന്റെ ഉന്നതരുടെ അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതും റവന്യൂ അധികാരികളുമായി ഉന്നതതലത്തിൽ ഇടപെടലുകൾ നടത്തി പണയ ഭൂമി കണ്ടെത്തി ഊർജ്ജിത നടപടികൾ സ്വീകരിച്ച് ബോർഡിന് ലഭിക്കേണ്ട കുടിശ്ശിക ഈടാക്കേണ്ടതുമാണ്.

7.3. <u>ചിന്നക്കട ഹൗസിംഗ് സ്കീം സ്റ്റേജ്-II - EF-9 അലോട്ടിയുടെ കുടിശ്ശിക - 52,31,327/- രൂപ.</u>

ഭവന നിർമ്മാണ ബോർഡിന്റെ കൊല്ലം ചിന്നക്കട ഹൗസിംഗ് സ്കീം സ്റ്റേജ് II-ലെ ഫ്ളാറ്റ് നം.EF-9 അനുവദിച്ച് നൽകിയ ശ്രീ.എസ്.സുജിത്ത് പ്രസാദ് എന്നയാൾ 31.03.2017 വരെ മുതൽ, പലിശ, പിഴപ്പലിശ എന്നിവയടക്കം 51,31,327/- രൂപ കുടിശ്ശിക വരുത്തിയിരിക്കുകയാണ്. മേൽ പ്രസ്താവിച്ച ഭവന പദ്ധതിയിലെ ആകെയുള്ള 24 പേരിൽ ശ്രീ.സുജിത്പ്രസാദ് ഒഴികെയുള്ള അലോട്ടികളെല്ലാം തന്നെ വായ്പ പൂർണ്ണമായും അടവാക്കി കഴിഞ്ഞിട്ടുണ്ട്. മേൽ വായ്പക്കാരൻ മാത്രം കുടിശ്ശിക നിലനിർത്തി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ വിവിധ ഇളവുകൾ ആവശ്യപ്പെട്ട് വളരെ നാളായി കേസ്സ് നടത്തിവരികയാണ്. എന്നാൽ ടിയാന് അനുകൂലമായ വിധികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

പ്രസ്തുത വിഷയം ബോർഡ് ഗൗരവമായി എടുക്കേണ്ടതും ഹൈക്കോടതിയിൽ കേസ്സ് നടത്തിപ്പിനായുള്ള ബോർഡിന്റെ അഡ്വക്കേറ്റിന് കൃത്യമായ വസ്തുതാ വിവരണങ്ങൾ യഥാസമയം നൽകി കേസ്സ് ഊർജ്ജിതപ്പെടുത്തി ബോർഡിന് അനുകൂലമായ വിധി നേടിയെടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

7.4. <u>രാജീവ് ദശലക്ഷ പദ്ധതിക്കായി കൈമാറികിട്ടിയ സ്ഥലം 9.60 ഏക്കർ സ്വകാര്യ വ്യക്തി കൈയ്യേറി - കോടതി നടപടികൾ ഊർജ്ജിതപ്പെടുത്തണം.</u>

കൊല്ലം താലൂക്ക് ലാന്റ് ബോർഡിന്റെ 17.03.1982-ലെ റ്റി.എൽ.ബി-15/16/കൊല്ലം നമ്പർ ഉത്തരവു പ്രകാരം ശ്രീ.കൊച്ചുകുഞ്ഞ് രാഘവനിൽ നിന്നും ഏറ്റെടുത്ത മുളവന വില്ലേജിലെ ബ്ളോക്ക് നം.10 റീസർവ്വേ നം.356/12-ൽപ്പെട്ട 1.49 ഏക്കർ മിച്ചഭൂമി സ്റ്റേറ്റ് ലാന്റ് ബോർഡിന്റെ 13.05.1992-ലെ എൽ.ബി(ഡി)7-7010/92-ാം നമ്പർ ഉത്തരവ് പ്രകാരം രാജീവ്ഗാന്ധി ദശലക്ഷം ഭവന പദ്ധതിക്കായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് കൈമാറി നൽകുകയും ടി സ്ഥലത്ത് 21 വീടുകൾ ബോർഡ് നിർമ്മിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത വീടുകൾ പഞ്ചായത്തിൽ നിന്നും ഗുണ ഭോക്തൃ പട്ടിക ലഭ്യമാക്കാതിരുന്നതിനാൽ ആർക്കും നാളിതുവരെയായി അനുവദിച്ച് നൽകിയിട്ടില്ല.

അരക്ഷിതാവസ്ഥയിൽ കിടന്ന പ്രസ്തുത ഭൂമിയിലെ രണ്ട് വീടുകൾ ഉൾപ്പെടെയുള്ള 60 സെന്റ് സ്ഥലം സമീപവാസിയായ ശ്രീ.കെ.റ്റി.സന്തോഷ് എന്നയാൾ കൈയ്യേറി റബ്ബർ മരങ്ങൾ വച്ചുപിടിപ്പിച്ചു.

വർഷങ്ങൾക്ക് ശേഷം പ്രസ്തുത വിവരം ശ്രദ്ധയിൽപ്പെട്ട ഭവന നിർമ്മാണ ബോർഡ് അധികൃതർ ടിയാനെതിരെ 29.03.2014-ൽ കുണ്ടറ സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസിൽ പരാതി നൽകുകയും റവന്യൂ അധികാരികൾ വഴി വസ്തു അളന്ന് അതിരുകൾ നിശ്ചയിച്ച് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും ചെയ്തു.

തുടർന്ന് ശ്രീ.കെ.റ്റി.സന്തോഷ് ഒ.എസ്.നം.423/2014-ാം നമ്പരായി 05.04.2014-ൽ ബഹുമാനപ്പെട്ട കൊല്ലം മുൻസിഫ് കോടതി മുമ്പാകെ ജില്ലാ കളക്ടർ 1-ാം കക്ഷിയും കെ.എസ്.എച്ച്.ബി 4-ാം കക്ഷിയും അന്യായം ഫയൽ ചെയ്യുകയും പ്രസ്തുത വസ്തു ടിയാൻ വിലയാധാരം വാങ്ങിയതായി ബോധിപ്പിക്കുകയും കോടതിയിൽ നിന്ന് ടിയാനനുകൂലമായി 09.04.2014-ൽ "Injunction" ഉത്തരവ് സമ്പാദിക്കുകയും ചെയ്തു.

മേൽ വിഷയത്തിൽ ഭവന നിർമ്മാണ ബോർഡ് അടിയന്തിര പ്രാധാന്യം നൽകേണ്ടതും കൈമാറി കിട്ടിയ ഭൂമി അന്യാധീനപ്പെട്ടുപോകാതിരിക്കാൻ കേസ്സ് നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതുമാണ്. മാത്രവുമല്ല കാലാകാലങ്ങളിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ കൃത്യനിർവ്വഹണത്തിൽ വരുത്തിയ ഗുരുതരമായ വീഴ്ച മൂലമാണ് ബോർഡിന്റെ കൈവശമുണ്ടായിരുന്ന ഭൂമി ഇത്തരത്തിൽ കൈയ്യേറപ്പെടാൻ സാഹചര്യമുണ്ടായത്. ടി ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം തേടേണ്ടതും മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രത്യേകം മുൻകൈ എടുക്കേണ്ടതുമാണ്.

കൊല്ലം ഡിവിഷൻ ഓഫീസിന് കീഴിൽ ബോർഡിന്റെ ഉടമസ്ഥതയിൽ ഉള്ളതും കൈമാറിക്കിട്ടിയതുമായ പദ്ധതി പ്രദേശങ്ങളിൽ അവശേഷിക്കുന്ന എല്ലാ ഭൂമിയും വർഷത്തിൽ ഒരിക്കലെങ്കിലും ഉത്തരവാദിയായ ഉദ്യോഗസ്ഥർ സന്ദർശിക്കേണ്ടതും, അതിർത്തിക്കല്ലുകൾ, ചുറ്റുമതിൽ എന്നിവ യഥാസമയത്ത് തന്നെ ഉണ്ടെന്നും കൈയ്യേറ്റം ഒന്നും നടന്നിട്ടില്ല എന്ന് ഉറപ്പ് വരുത്തി സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

8. ഡിവിഷൻ ഓഫീസ്, പത്തനംതിട്ട

8.1. കരാർ പുതുക്കാത്ത വാടകക്കാരുടെ വിവരം.

തിരുവല്ല റവന്യൂടവറിലുള്ള വാടകക്കരാർ പുതുക്കാത്ത വാടകക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പേര്	മുറി നമ്പർ
1	വിഷ്ണുനാഥ്	FF-44
2	സുനിൽകുമാർ	FF-20
3	സിന്ധു.എസ്.വിജയൻ	GF-12
4	ജയകുമാരി.കെ.ജി	FF-13
5	അജി.റ്റി	GF-32
6	ഷിജു.പി.ജോസ്	GF-17
7	ഷാജി മോഹൻ	FF-23
8	ബിജോയ് കുരുവിള	CF-54

9	എം.ജെ.ജയിംസ്	CF-7
10	കെ.എൽ.മോഹൻദാസ്	FF-19
11	ലിൻഡ ആൻ വർഗീസ്	GF-47
12	ശ്യാംകുമാർ	GF-41
13	ബിന്ദു രാമചന്ദ്രൻ	FF-7
14	രാജേന്ദ്രൻ.പി	GF-38
15	പത്മകുമാർ	4th Floor
16	രവി.പി.കെ	FF-51
17	തഹസിൽദാർ	-
18	ഷിബു.റ്റി.വർഗീസ്	FF-30
19	ഷിബി.എം.കുരുവിള	FF-02
20	സർക്കിൾ ഇൻസ്പെക്ടർ, എക്സൈസ്	-
21	മുസമിൽ ഹാജി	CF-45
22	ഷാജി ജോർജ്ജ്	FF-37

ടി വാടകക്കാരുമായി നിയമാനുസൃത കരാറിൽ ഏർപ്പെടേണ്ടതും വർദ്ധിപ്പിച്ച നിരക്കിൽ വാടക നിശ്ചയിക്കേണ്ടതുമാണ്

8.2. സർക്കാർ ഓഫീസുകളുടെ വാടക കുടിശ്ശിക 73,76,203.77/- രൂപ

തിരുവല്ല റവന്യൂ ടവറിൽ നിലവിലുള്ള സർക്കാർ ഓഫീസുകളുടെ വാടക കുടിശ്ശിക ചുവടെ ചേർക്കുന്നു. (30.06.2017 വരെ)

ക്രമ നമ്പർ	വാടകക്കാരുടെ പേര്	മുറി / ഓഫീസ് നമ്പർ	ആകെ തുക
1	എംപ്ളോയിമെന്റ് ഓഫീസർ	നാലാം നില-F	4,641.11
2	എക്സൈസ് സർക്കിൾ ഓഫീസ്, തിരുവല്ല	മൂന്നാം നില-I	1,34,719.37
3	അഡീഷണൽ ഗവൺമെന്റ് പ്ളീഡർ	രണ്ടാം നില-E	3,80,147.05
4	അസിസ്റ്റന്റ് എഞ്ചിനീയർ	മൂന്നാം നില-E	49,307.18
5	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	നാലാം നില-D	75,806.55
6	അസിസ്റ്റന്റ് ഇൻഡസ്ട്രീസ് ഓഫീസ്	നാലാം നില-E	1,83,181.24
7	അസിസ്റ്റന്റ് ലേബർ ഓഫീസ്	മൂന്നാം നില-D	44,848.83
8	അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടർ	രണ്ടാം നില-F	16,101.67
9	അസിസ്റ്റന്റ് രജിസ്ട്രാർ (സഹകരണം)	നാലാം നില-L	3,26,994.33

10	വാണിജ്യ നികുതി ഓഫീസ്	നാലാം നില-A	34,757.37
11	ഫുഡ് ഇൻസ്പെക്ടർ, തിരുവല്ല	നാലാം നില-G	84,027.77
12	ലീഗൽ മെട്രോളജി	മൂന്നാം നില-H	2,46,682.84
13	ജോയിന്റ് ആർ.ടി.ഒ, തിരുവല്ല	നാലാം നില-C	3,02,648.90
14	ജുഡീഷ്യൽ ഫസ്റ്റ് ക്ളാസ് മജിസ്ട്രേറ്റ്	രണ്ടാം നില-D	70,806.36
15	മുൻസിഫ് തിരുവല്ല	രണ്ടാം നില-C	3,86,744.16
16	പട്ടികജാതി വികസനം	നാലാം നില-D	19,400.91
17	സബ് ജഡ്ജ് തിരുവല്ല	രണ്ടാം നില	4,15,780.17
18	തഹസിൽദാർ, തിരുവല്ല	നാലാം നില-K	38,21,776.92
19	താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ	നാലാം നില-O	53,467.32
20	താലൂക്ക് സപ്ളൈ ഓഫീസർ	നാലാം നില-J	5,50,894.37
21	വി.ബാലചന്ദ്രൻ സെക്രട്ടറി	FF/40	338.29
22	വില്ലേജ് ഓഫീസർ	മൂന്നാം നില	1,73,131.06
ആകെ			**73,76,203.77**

വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

8.3. സ്വകാര്യ വ്യക്തികളുടെ വാടക കുടിശ്ശിക 8,55,885/- രൂപ.

തിരുവല്ല റവന്യൂ ടവറിൽ പ്രവർത്തിക്കുന്ന സ്വകാര്യ വ്യക്തികളുടെ വാടക കുടിശ്ശിക ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വാടകക്കാരന്റെ പേര്	മുറി നമ്പർ	വാടക കുടിശ്ശിക
1	രമേഷ്	FF-47	8,370.08
2	അഭിലാഷ് ചന്ദ്രൻ	GF-2	2,855.10
3	അഡ്വ.അലക്സ്.പി.ചാക്കോ	FF-6	4,640.34
4	അഡ്വ.കെ.എൻ.മോഹൻദാസ്	FF-19	6,577.62
5	അനിൽ അപ്പു	GF-30	15,101.37
6	അനിൽകുമാർ.കെ	CF-21	13,025.61
7	അനില.എ.എൻ	FF-9	12,931.94

8	അശ്വതി തോമസ്	GF-13	5,546.73
9	ബെൻകിം.ബി.എ	GF-27	1,650.95
10	ബിജൻ മുളംമൂട്ടിൽ ഫിലിപ്പ്	CF-50	2,171.42
11	ബിജോയ് കുരുവിള	CF-54	19,229.05
12	ബിനു.വി.ഈപ്പൻ	FF-45	2,781.73
13	ഡാൻ ജോൺ	FF-22	23,048.44
14	ഡാൻ ജോൺ	FF-21	15,477.96
15	ദിലീപ്	FF-33	4,369.84
16	ഗീവർഗീസ്	GF-40	3,729.90
17	ഐസക് തോമസ് & ഗിരീഷ് വർമ്മ	GF-46	15,531.94
18	ജാക്സൺ അലോഷ്യസ്	FF-48	19,795.62
19	ജേക്കബ് മാത്യൂ	GF-43	3,755.26
21	നളിനകുമാരി.കെ	T-842/ MIG-89	2,29,964
22	പ്രഭാകരൻ.എൻ	T-1286 MIG-89	23,813
23	പുഷ്പാംഗദൻ.എസ്	T-203/90	1,73,115
24	റാബി.എൻ	T-28/LIG-86II	67,598
25	രാധ.ആർ	T-1059/MIG-89	89,469
26	രാഘവൻപിള്ള	HT-23320	28,730
27	രാജേന്ദ്രൻനായർ.കെ	HT-22236	11,739
28	രാമചന്ദ്രൻ.കെ	T-357/HIG-90	25,495
29	രവീന്ദ്രൻ.ആർ	HT-17815	26,464
30	രമണിബായി.എ	HT-900/93	44,618
31	രുഗ്മിണിയമ്മ.എൻ	NTA-56/MIGII/95	4,40,470
32	സദാശിവൻ നായർ.എൻ	T-903/MIG-89	90,571
33	സ്കന്ദസ്വാമി	T-172/90	3,82,326
34	ശ്രീധരൻ.എൻ	T-225/MIGII/89	2,73,784
35	ശ്രീകുമാരൻ നായർ.കെ	NTA-55/93	3,44,193

36	സുഗതൻ.എസ്	T-MIG/89	1,04,695
37	തോമസ്.എ	T-LIG-86II	24,274
38	തോമസ്.സി	T-MIG-89	1,00,652
39	ഉഷകുമാരി.എസ്	T-MIG-89	84,023
40	വാസുദേവൻ	NYAI/95	12,12,520
41	വേലായുധൻനാടാർ	T-218/90	1,79,638
42	വിക്ടോറിയബായി	T-433/MIG-89	98,764
43	വിജയകുമാരി.ആർ	T-1108/MIG-89	23,568
44	വിജയരാജൻ.ജെ	NTA-43/MIG-93	1,30, 318
45	വിശ്വനാഥൻ.സി	T-118/HUDCO-84	1,75,406
ആകെ			**72,77,046**

24. ബ്രാഞ്ച് ഓഫീസ്, നെടുമങ്ങാട്

24.1. ക്യാഷ് ബുക്ക് രേഖപ്പെടുത്തലുകളിലെ അപാകത സംബന്ധിച്ച്.

ക്യാഷ് ബുക്ക് രേഖപ്പെടുത്തലുകളിൽ താഴെപറയുന്ന അപാകതകൾ കണ്ടെത്തി.

എ) 2016-2017 ക്യാഷ് ബുക്ക് പരിശോധിച്ചതിൽ മാസാന്ത്യ സംക്ഷിപ്ത രേഖപ്പെടുത്തലുകൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. കേരള ട്രഷറി കോഡ് റൂൾ 92(എ)(iv) പ്രകാരം മാസാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തുകയും ആധികാരികത ഓഫീസ് മേലധികാരി ഉറപ്പുവരുത്തേണ്ടതുമാണ്.

ബി) നിലവിൽ ടി ഓഫീസ് ദൈനംദിന പ്രവൃത്തികൾക്കായി രണ്ട് ബാങ്ക് അക്കൗണ്ടുകളാണ് ഉപയോഗിച്ചുവരുന്നത്. എന്നാൽ ക്യാഷ് ബുക്കിൽ ഓരോ അക്കൗണ്ടിലും എത്ര വീതം തുക അടവുവരുത്തി എന്ന് പ്രത്യേകം രേഖപ്പെടുത്തുന്നില്ല. പകരം രണ്ട് അക്കൗണ്ടിലും കൂടി അടവ് വരുത്തിയ ആകെ തുകയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല ക്യാഷ് ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്തുമ്പോൾ അശ്രദ്ധകാരണം പിഴവ് സംഭവിക്കുന്നുണ്ട്. ഉദാഹരണത്തിന് ക്യാഷ് ബുക്കിൽ 30.11.2016 ന് ക്ളോസിംഗ് ബാലൻസായി 3840/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ 01.12.2016-ൽ ഓപ്പണിംഗ് ബാലൻസ് 'Nil' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 30.11.2016-ൽ തന്നെ ടി തുക ബാങ്ക് അക്കൗണ്ടിലേക്ക് അടച്ചതായാണ് ഓഡിറ്റിൽ മനസ്സിലാക്കാൻ കഴിഞ്ഞത്. അതിനാൽ ടി തീയതിയിലെ ക്ളോസിംഗ് ബാലൻസ് 'Nil' എന്നാണ് രേഖപ്പെടുത്തേണ്ടിയിരുന്നത്. ഇതുപോലെ ക്യാഷ് ബുക്കിൽ പലയിടങ്ങളിലും തെറ്റായ രേഖപ്പെടുത്തലുകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഓഫീസിലെ പ്രഥമ റിക്കോഡായ ക്യാഷ് ബുക്ക് സൂഷ്മതയോടെയും കൃത്യതയോടെയും പരിപാലിക്കുന്നുണ്ടെന്ന് മേലധികാരി ഉറപ്പുവരുത്തേണ്ടതാണ്.

24.2. മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി പ്രകാരം ഇളവ് നൽകിയത് 1,79,575/- രൂപ

20.08.2016-ലെ സർക്കാർ ഉത്തരവ് നം(പി)18/2016/ധനം പ്രകാരമുള്ള മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതിയിൽപ്പെടുത്തി നെടുമങ്ങാട് ബ്രാഞ്ച് ഓഫീസിൽ കീഴിലുണ്ടായിരുന്ന 4 വായ്പാ ഫയലുകൾ തീർപ്പാക്കുകയുണ്ടായി. പ്രസ്തുത വായ്പാ ഫയലുകളിലായി ആകെ 1,79,575/- രൂപയുടെ ഇളവുകൾ വായ്പാക്കാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	തീർപ്പാക്കിയ വായ്പാ ഫയലിന്റെ വിശദാംശങ്ങൾ	ഇളവ് നൽകിയ തുക (രൂപ)
1	ശ്രീ.രാജാമണി (NDD/87/LIG/93)	61,476
2	ശ്രീ.രാജേന്ദ്രൻ.സി (NDD/181/LIG/96)	51,188
3	ശ്രീ.ഭുവനേന്ദ്രൻ (T-2007/LIG/86)	22,184
4	ശ്രീ.രവീന്ദ്രൻ (NDD/133/LIG/93)	44,727
ആകെ		1,79,575

സൂചിത ഉത്തരവ് പ്രകാരം ഇളവ് നൽകിയ തുക സർക്കാരിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്.

24.3. റവന്യൂ റിക്കവറി നടപടിക്രമങ്ങൾ തുടരുന്ന 270 വായ്പാ ഫയലുകൾ.

നെടുമങ്ങാട് ബ്രാഞ്ച് ഓഫീസിൽ ഇനിയും 270 വായ്പാ ഫയലുകൾ തീർപ്പാക്കാനായുണ്ട്. ഇതിൽ 260 വായ്പാ ഫയലുകളിൽ ചീഫ് റവന്യൂ ഓഫീസർ മുഖേനയും 10 വായ്പാ ഫയലുകളിൽ ജില്ലാ കളക്ടർ മുഖേനയും റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിരുന്നു. പ്രസ്തുത വായ്പാ ഫയലുകളിലായി 31.03.2017 വരെ ആകെ 9,82,36,617/- രൂപയുടെ കുടിശ്ശികയാണുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	നടപടി ക്രമങ്ങളുടെ വിശദാംശങ്ങൾ	ആകെ ഫയലുകൾ	31.03.2017-ലെ ആകെ കുടിശ്ശിക
1	ചീഫ് റവന്യൂ ഓഫീസർ മുഖേന	260	9,46,51,307
2	ജില്ലാ കളക്ടർ മുഖേന	10	35,85,310
		270	9,82,36,617

ചീഫ് റവന്യൂ ഓഫീസർ വഴി 2016-2017 വർഷം 34 വായ്പാ ഫയലുകൾ തീർപ്പാക്കി 52,55,090/- രൂപ സമാഹരിക്കാൻ കഴിഞ്ഞെങ്കിലും ജില്ലാ കളക്ടർ മുഖേനയുണ്ടായിരുന്ന ഫയലുകൾ ഒന്നും തന്നെ തീർപ്പാക്കിയിട്ടില്ല. മാത്രവുമല്ല കേവലം 14,000/- രൂപ മാത്രമാണ് തൻവർഷം ഈടാക്കാൻ കഴിഞ്ഞിട്ടുള്ളത്. ടി സാഹചര്യത്തിൽ പ്രസ്തുത ഫയലുകൾ കൂടി തിരികെ വാങ്ങി ചീഫ് റവന്യൂ ഓഫീസർ മുഖേന കാര്യക്ഷമമായ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

24.4. റവന്യൂ റിക്കവറി നടപടികൾ ഫലപ്രദമാകുന്നില്ല.

വായ്പാ കുടിശ്ശിക വരുത്തിയവർക്കെതിരെ ഫലപ്രദമായ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാൻ ബ്രാഞ്ച് ഓഫീസിന് കഴിയുന്നില്ല. റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ട് വർഷങ്ങളായിട്ടും ഭവന നിർമ്മാണ ബോർഡിന് ലഭിക്കേണ്ട തുക കുടിശ്ശികക്കാരിൽ നിന്നും ഈടാക്കാൻ കഴിയുന്നില്ല. ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേക്കുന്നു.

എ) <u>ശ്രീ.ഭുവനേന്ദ്രൻ നായർ.കെ, വായ്പാ നം.NDD/7/HIG/95</u>

ശ്രീ.ഭുവനേന്ദ്രൻ നായർ.കെ, പൂർണിമവിലാസം, വെളിയന്നൂർ പി.ഒ, വെള്ളനാട് എന്നയാൾക്ക് എച്ച്.ഐ.ജി വായ്പയായി മൂന്ന് ലക്ഷം രൂപ ചുവടെപറയും പ്രകാരം നൽകിയിട്ടുണ്ട്.

17.04.1996	-	60,000
31.05.1996	-	1,20,000
03.08.1996	-	1,20,000
ആകെ	-	3,00,000

വെള്ളനാട് വില്ലേജിലെ സർവ്വേ നം.318/6, 318/7 എന്നിവയിലെ 8.5 സെന്റ് വസ്തു പണയപ്പെടുത്തിയാണ് ടിയാൾ ബോർഡിൽ നിന്നും വായ്പാ തുക കൈപ്പറ്റിയത്. 10.09.1996 മുതൽ 168 പ്രതിമാസ തവണകളായി 4,870/- രൂപ വീതം ബോർഡിലേയ്ക്ക് അടയ്ക്കണമെന്നതായിരുന്നു കരാർ വ്യവസ്ഥ. എന്നാൽ ടിയാൾ 08.10.2015 വരെ യാതൊരു തുകയും ബോർഡിലേയ്ക്ക് അടച്ചില്ല. ഒരു തവണപോലും തുക അടയ്ക്കാതിരിന്നിട്ടും ബോർഡിൽ നിന്നും ഫലപ്രദമായ തുടർനടപടികൾ സ്വീകരിച്ചില്ല. 08.10.2015 ന് ശേഷം മുതൽ, പലിശ, പിഴപ്പലിശ, മുടക്കപ്പലിശ എന്നീയിനങ്ങളിലായി ചുവടെ പറയും പ്രകാരം 45,000/- രൂപ ബോർഡിലേയ്ക്ക് അടച്ചിട്ടുണ്ട്.

09.10.2015	-	10,000
07.11.2016	-	5,000
26.10.2017	-	30,000
ആകെ	-	45,000

19.04.2017-ൽ ടിയാൾക്ക് ഫോം നം.16 പ്രകാരം സ്ഥാവര വസ്തു വിൽപനയ്ക്കുള്ള നോട്ടീസ് നൽകുകയും 25.05.2017, 27.10.2017 എന്നീ തീയതികളിൽ പണയവസ്തുവും, വീടും ലേലം ചെയ്യുന്നതിന് നടപടികൾ ആരംഭിച്ചെങ്കിലും ആരും ലേലം കൊണ്ടില്ല. 31.12.2017-ലെ തീർപ്പാക്കൽ പത്രിക പ്രകാരം ടിയാൾ 28,86,776/- രൂപയുടെ കുടിശ്ശിക വരുത്തിയിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം നൽകി അടിയന്തിരമായി ടിയാളിൽ നിന്നും തുക ഈടാക്കാൻ ബോർഡ് ഫലപ്രദമായ നടപടി സ്വീകരിക്കേണ്ടതാണ്.

ബി) <u>ശ്രീ.രത്നാകരൻ.എൻ, വായ്പാ നം.NDD/5/MIG/97.</u>

ശ്രീ.രത്നാകരൻ.എൻ, മേലേചിറക്കുന്നുവിള വീട്, ആര്യനാട് പി.ഒ, എന്നയാൾക്ക് എച്ച്.ഐ.ജി വിഭാഗത്തിലെ വായ്പ പ്രകാരം 3,00,000/- രൂപ ചുവടെ പറയും പ്രകാരം നൽകിയിരുന്നു.

04.12.1998	-	60,000
29.01.1999	-	1,20,000
12.03.1999	-	1,20,000
ആകെ	-	3,00,000

ഉഴമലയ്ക്കൽ വില്ലേജിലെ സർവ്വേ നം.3685 പ്രകാരമുള്ള 20 സെന്റ് വസ്തു പണയാധാരമായി നൽകിയാണ് ടിയാൾ ഭവന നിർമ്മാണ ബോർഡിൽ നിന്നും വായ്പാ തുക കൈപ്പറ്റിയത്. 10.04.1999

മുതൽ 108 പ്രതിമാസ തവണകളായി 5,805/- രൂപ വീതം ബോർഡിലേയ്ക്ക് അടയ്ക്കേണ്ടതായിരുന്നു. എന്നാൽ നാളിതുവരെ ഒരു രൂപ പോലും പ്രസ്തുത വായ്പ പ്രകാരം ബോർഡിലേയ്ക്ക് തിരിച്ചടച്ചിട്ടില്ല. തുക തിരികെ ഈടാക്കാൻ ബോർഡ് ഫലപ്രദമായ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

ശ്രീ.രത്നാകരൻ 25.07.2011-ൽ മരണപ്പെട്ടുപോയി. ശ്രീ.രത്നാകരന്റെ മക്കളായ ശ്രീ.പ്രവീൺ, ശ്രീമതി.ലക്ഷ്മി എന്നിവർക്ക് സ്ഥാവര വസ്തു വിൽപനയ്ക്കായി ഫോം നം.16 പ്രകാരം 07.07.2017-ൽ നോട്ടീസ് നൽകുകയും 30.08.2017 ന് ലേല തീയതി നിശ്ചയിക്കുകയും ചെയ്തു.

ശ്രീമതി.ലക്ഷ്മി, പ്രവീൺ എന്നിവർ ചേർന്ന് 25.07.2011-ൽ വായ്പാ തുക തിരിച്ചടയ്ക്കുന്നതിന് സാവകാശം അനുവദിക്കണമെന്ന് ഭവന നിർമ്മാണ ബോർഡ് ചെയർമാന് അപേക്ഷ സമർപ്പിച്ചു. ആയതു പ്രകാരം ലേല നടപടികൾ താത്ക്കാലികമായി നിർത്തിവയ്ക്കാൻ ഉത്തരവിടുകയും ചെയ്തു. 14.08.2017-ലെ RRC/TVM/2487/2016-ാം നമ്പർ കത്ത് പ്രകാരം റവന്യൂ റിക്കവറി നടപടികൾ നിർത്തിവയ്ക്കാൻ സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ അക്കൗണ്ട്സ് ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

30.06.2017-ലെ തീർപ്പാക്കൽ പത്രിക പ്രകാരം പ്രസ്തുത വായ്പാ പ്രകാരം ആകെ കുടിശ്ശിക തുക 22,27,168/- രൂപയാണ്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം നൽകി കുടിശ്ശിക തുക ശ്രീ.രത്നാകരന്റെ അനന്തരാവകാശികളിൽ നിന്നും അടിയന്തിരമായി തിരികെ ഈടാക്കാൻ ബോർഡ് ഫലപ്രദമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

സി) <u>ശ്രീ.ഷാജികുമാർ, വായ്പാ നം.NDD/1/HIG/2000.</u>

ശ്രീ.ഷാജികുമാർ, ശ്യാമിലി ഭവൻ, ചുള്ളിമാനൂർ പി.ഒ, ആനാട് എന്നയാൾക്ക് എച്ച്.ഐ.ജി വിഭാഗത്തിൽ ചുവടെ പറയും പ്രകാരം 4 ലക്ഷം രൂപ ഭവന നിർമ്മാണ വായ്പയായി അനുവദിച്ചു നൽകിയിട്ടുണ്ട്.

04.05.2000	-	80,000
27.07.2000	-	1,60,000
17.08.2000	-	1,60,000
ആകെ	-	4,00,000

ആനാട് വില്ലേജിലെ റീ സർവ്വേ നം.42/2-5 പ്രകാരമുള്ള എട്ട് സെന്റ് വസ്തു പണയപ്പെടുത്തിയാണ് ടിയാൾ ബോർഡിൽ നിന്നും വായ്പാ തുക കൈപ്പറ്റിയത്. കരാർ വ്യവസ്ഥ പ്രകാരം 108 പ്രതിമാസ തവണകളായി 7,175/- രൂപ വീതം ബോർഡിന് തിരിച്ചടയ്ക്കേണ്ടതായിരുന്നു. എന്നാൽ ടിയാൾ നാളിതുവരെ ഒരു രൂപപോലും ബോർഡിലേയ്ക്ക് തിരികെ അടച്ചിട്ടില്ല. 31.12.2017-ലെ വായ്പാ

തീർപ്പാക്കൽ പത്രിക പ്രകാരം മുതൽ, പലിശ, മുടക്കപ്പലിശ, പിഴപ്പലിശ എന്നീയിനത്തിൽ ടിയാളുടെ ആകെ കുടിശ്ശിക 26,67,804/- രൂപയാണ്.

വായ്പാ ഫയൽ പരിശോധിച്ചതിൽ നിന്നും, 24.05.2005-ൽ മാത്രമാണ് റവന്യൂ റിക്കവറി നടപടികൾക്കായി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തത് എന്നു കാണുന്നു. 20.06.2005-ൽ R12/41534/2005-ാം നമ്പർ പ്രകാരം റവന്യൂ റിക്കവറി സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചെങ്കിലും വായ്പാക്കാരനിൽ നിന്നും തുക ഈടാക്കുന്നതിനുള്ള ഫലപ്രദമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

ശ്രീ.ഷാജികുമാർ പണയവസ്തുവിൽ വീട് നിർമ്മിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. 20.08.2015-ലെ NDD/1/HIG/2000 കത്ത് പ്രകാരം പണയവസ്തു ഉൾപ്പെട്ടിട്ടുള്ള ആനാട് വില്ലേജ് ഓഫീസിലെ അധികൃതരുമായി സ്ഥലം സന്ദർശിച്ചപ്പോൾ വായ്പാ ഫയലിൽ പണയവസ്തുവായി രേഖപ്പെടുത്തിയതും വീട് നിർമ്മിച്ചതുമായ ലൊക്കേഷൻ മാപ്പിലെ വസ്തു അല്ല ഇപ്പോൾ കുടിശ്ശികക്കാരന്റെ വസ്തുവായി കാണാൻ കഴിഞ്ഞത് എന്നും പകരം വായ്പ അനുവദിച്ച സമയത്തെ വില്ലേജ് ഓഫീസർ നൽകിയ ലൊക്കേഷൻ സർട്ടിഫിക്കറ്റിലെ സമീപ വസ്തുവാണ് കാണാൻ കഴിഞ്ഞത് എന്നും ടി വസ്തുവിൽ വീട് നിർമ്മിച്ചിട്ടില്ല എന്നും എന്നാൽ വായ്പയുടെ ആദ്യ ഗഡു അനുവദിക്കുന്നതിന് പണയവസ്തുവിൽ ഫൗണ്ടേഷനും ബേസ്മെന്റും കെട്ടിയതായി വില്ലേജ് ഓഫീസർ സർട്ടിഫിക്കറ്റ് നൽകിയിരുന്നുവെന്നും വീട് നിർമ്മിച്ചിട്ടില്ലാത്തതും വായ്പാ ഫയലിലെ ലൊക്കേഷൻ സർട്ടിഫിക്കറ്റിലെ സമീപ വസ്തുവായി കാണിച്ചതുമായ വസ്തു ആർ.ആർ നടപടികളിലൂടെ ലേലം ചെയ്യാൻ പോകുന്നതായും അക്കൗണ്ട്സ് ഓഫീസർ സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടറെ അറിയിച്ചിട്ടുണ്ട്. യഥാർത്ഥ പണയ / ജാമ്യ വസ്തുകണ്ടെത്തുന്നതിനും വീട് വച്ചിട്ടില്ലാത്ത സമീപ വസ്തു ലേലം ചെയ്യുന്നത് ഒഴിവാക്കണമെന്നും ടി കത്തിൽ സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടറെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പണ യവസ്തുവിൽ വായ്പാക്കാരൻ വീട് നിർമ്മിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല എന്ന് കാണുന്നു.

വായ്പ നൽകിയ വേളയിൽ നിർമ്മാണ ഘട്ടത്തിലെ പുരോഗതി വിലയിരുത്തി വായ്പാ തുകയുടെ I, II, III ഗഡു തുകകൾ നൽകുന്നതിനായി സ്റ്റേജ് സർട്ടിഫിക്കറ്റുകൾ നൽകിയത് ശ്രീ.എസ്.സുന്ദരേശൻ, അസിസ്റ്റന്റ് എഞ്ചിനീയർ ഇൻ-ചാർജ്ജ്, കെ.എസ്.എച്ച്.ബി ആണ്. വീട് നിർമ്മിച്ചിട്ടില്ലാത്ത വസ്തുവാണ് പണയപ്പെടുത്തിയ വസ്തുവെങ്കിൽ ബോർഡിന് ലഭിക്കേണ്ട കുടിശ്ശിക തുക റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് വസ്തു ലേലം ചെയ്യുന്നതിലൂടെ ലഭിക്കുകയില്ല. ഈ സാഹചര്യത്തിൽ വിശദമായ ഒരു അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ബോർഡിനെ കബളിപ്പിച്ച് വായ്പാ തുക കൈപ്പറ്റിയ വായ്പാക്കാരനെതിരെയും കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെയും ക്രിമിനൽ കേസ്സെടുത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതും ബോർഡിന് ലഭിക്കേണ്ട കുടിശ്ശിക തുക ഈടാക്കേണ്ടതുമാണ്.

24.5. വ്യാജ സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകി ബോർഡിനെ കബളിപ്പിച്ച് വായ്പാ സ്വന്തമാക്കി - വായ്പാ കുടിശ്ശിക 1546619/- രൂപ

ബോർഡിൽ നിന്നും വായ്പയെടുക്കുകയും എന്നാൽ വീട് നിർമ്മിക്കാതെയും വായ്പ തുക തിരിച്ചടക്കാതെയും ബോർഡിനെ കബളിപ്പിച്ച വ്യക്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പേര്	ലോൺ നമ്പർ	സർവ്വേ നം.	ലോൺ എടുത്ത തുക	ആകെ അടക്കേണ്ട തുക (30.11.17 പ്രകാരം)	നിലവിലെ സ്ഥിതി
ചന്ദ്രകുമാർ.എസ്	T-1071/MIG/89	1804/2	58,000	5,06,996	ഫോം 16 അയച്ചു
പ്രഭാകരൻ നായർ	T-678/MIG/89	1804/2-3	58,000	5,23,996	ഫോം 16 അയച്ചു
എസ്.കെ.ഹരി	T-1003/MIG/89	1804/2-3-0	58,000	5,15,627	ലേല നോട്ടീസ് അയച്ചിട്ടില്ല

ലോൺ ഫയലിൽ സമർപ്പിച്ച രേഖകൾ പ്രകാരം ശ്രീ.എസ്.ചന്ദ്രകുമാർ, ശ്രീ.പ്രഭാകരൻ നായർ, ശ്രീ.എസ്.കെ.ഹരി എന്നിവർക്കാണ് വായ്പ അനുവദിച്ചത്. വായ്പ തിരിച്ചടവ് മുടങ്ങിയതിനെ തുടർന്ന് കെ.എസ്.എച്ച്.ബി നടത്തിയ പരിശോധനയിൽ 3 വായ്പകളും ലഭിച്ചത് ശ്രീ.ചന്ദ്രകുമാറിനാണെന്നും, ടി സ്ഥലങ്ങളിൽ നാളിതുവരെ വീട് നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ പോലും ചെയ്തിട്ടില്ലെന്നും കണ്ടെത്തി. എന്നാൽ ഇത്തരത്തിൽ വായ്പ തരപ്പെടുത്തിയതു സംബന്ധിച്ച് അന്വേഷണം നടന്നതായി കാണുന്നില്ല. ഒരേ ഭവന പദ്ധതിയിൽ നിന്നും 3 വ്യത്യസ്ത പേരുകളിൽ MIG വായ്പ തരപ്പെടുത്തിയ ശ്രീ.എസ്.ചന്ദ്രകുമാർ 15,46,619/- രൂപ ബോർഡിലേയ്ക്ക് തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്നു. ടി വീടുകൾ നിർമ്മിച്ചിട്ടില്ലാത്തതും വസ്തുക്കൾ മതിപ്പുവിലയനുസരിച്ച് വായ്പാ കുടിശ്ശിക ഈടാക്കുന്നതിന് പര്യാപ്തമല്ല എന്നും ടി ഓഫീസിൽ നിന്നും കെ.എസ്.എച്ച്.ബി ഡെപ്യൂട്ടി സെക്രട്ടറിക്ക് (റിക്കവറി) 16.02.2016-ൽ നൽകിയ NDD/Gel/2012-ാം നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

കെ.എസ്.എച്ച്.ബിയെ കബളിപ്പിച്ച് വായ്പ ലഭ്യമാക്കിയ നടപടിയും വീട് പണിയുടെ പ്രാരംഭ പ്രവർത്തികൾ പോലും ചെയ്യാത്ത വായ്പക്കാരന് വ്യാജ സ്റ്റേജ് സർട്ടിഫിക്കറ്റുകൾ നൽകി തുക അനുവദിച്ചത് സംബന്ധിച്ചും വിശദമായ അന്വേഷണത്തിനും ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തല നടപടിക്കും ഓഡിറ്റ് ശുപാർശ ചെയ്യുന്നു. കൂടാതെ കുടിശ്ശിക തുക വായ്പാക്കാരിൽ നിന്നും ഈടാക്കാൻ കഴിയാത്ത പക്ഷം വ്യാജ സ്റ്റേജ് സർട്ടിഫിക്കറ്റുകൾ നൽകി വായ്പ അനുവദിച്ച ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി ബോർഡ് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

25. <u>ബ്രാഞ്ച് ഓഫീസ്,പത്തനാപുരം</u>

പ്രത്യേക പരാമർശമില്ല.

26. <u>ബ്രാഞ്ച് ഓഫീസ്,കരുനാഗപ്പള്ളി</u>

26.1. <u>മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ - സബ്സിഡി തുക തിരികെ ലഭ്യമാക്കണം 7,50,000/- രൂപ</u>

2016-2017 സാമ്പത്തിക വർഷത്തിൽ 10 വായ്പാ ഫയലുകൾ മത്സ്യതൊഴിലാളി കടാശ്വാസ പദ്ധതി പ്രകാരം തീർപ്പാക്കിയിട്ടുണ്ട്. പ്രസ്തുത വായ്പാ ഫയലുകളിലായി 7,50,000/- രൂപ സബ്സിഡിയിനത്തിൽ സർക്കാരിൽ നിന്നും ലഭിക്കാനായുണ്ട്. പ്രസ്തുത തുക തിരികെ ലഭ്യമാക്കാൻ വേണ്ടുന്ന സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

26.2. <u>റവന്യൂ റിക്കവറി നടപടിക്രമങ്ങൾ ഫലപ്രദമാകുന്നില്ല.</u>

ഭവന നിർമ്മാണ ബോർഡ് ബ്രാഞ്ച് ഓഫീസ് കരുനാഗപ്പള്ളിയിൽ നിന്നും വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവർക്കെതിരെ ഫലപ്രദമായ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാൻ ബ്രാഞ്ച് ഓഫീസിന് കഴിയുന്നില്ല. റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ട് ഏറെ വർഷങ്ങൾ ആയിട്ടും

ബോർഡിന് ലഭിക്കേണ്ട തുക കുടിശ്ശികക്കാരിൽ നിന്നും ഈടാക്കാൻ സാധിക്കുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ) ശ്രീ.എ.ഡി.രാധാകൃഷ്ണൻ - വായ്പ നമ്പർ Q3/JHS-97.

ശ്രീ.എ.ഡി.രാധാകൃഷ്ണൻ, ആശാരിശ്ശേരിൽ വീട്, ഞാറയ്ക്കൽ, ഓച്ചിറ കരുനാഗപ്പള്ളി എന്നയാൾ ജൂബിലി ഹൗസിംഗ് സ്കീം പ്രകാരം ഭവന നിർമ്മാണ ബോർഡ് കരുനാഗപ്പള്ളി ബ്രാഞ്ച് ഓഫീസിൽ നിന്നും 2 ലക്ഷം രൂപ വായ്പയെടുത്തിരുന്നു. ടിയാൾക്ക് വായ്പാ തുക ചുവടെ പറയുന്ന തീയതികളിൽ നൽകിയിരുന്നു.

17.02.1998	-	80,000
29.05.1998	-	80,000
22.07.1998	-	40,000
		2,00,000

ടിയാളുമായുള്ള കരാർ വ്യവസ്ഥകൾ പ്രകാരം 168 പ്രതിമാസ തവണകളായി 2700/- രൂപ വീതം ബോർഡിലേയ്ക്ക് തിരിച്ചടയ്ക്കണമായിരുന്നു. എന്നാൽ 09.08.1998 മുതൽ 09.07.1999 വരെ 2,700/- രൂപ വീതം ആകെ 12 മാസതവണയായി ആകെ 32,400/- രൂപ മാത്രമാണ് ടിയാൾ ഒടുക്കുവരുത്തിയത്. 07/1999 ശേഷം പ്രതിമാസ തിരിച്ചടവ് തുക അടയ്ക്കുന്നതിൽ വീഴ്ചവരുത്തിയിട്ടും വർഷങ്ങൾ കഴിഞ്ഞാണ് റവന്യൂ റിക്കവറി നടപടികൾ ബോർഡ് ടിയാൾക്കെതിരെ ആരംഭിച്ചത്. 13.05.2009-ൽ റവന്യൂ റിക്കവറി നടപടികൾക്കായി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തു. 05.06.2009-ൽ ജില്ലാ കളക്ടർ റവന്യൂ റിക്കവറി സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചു. എന്നാൽ ഫലപ്രദമായ തുടർനടപടികൾ സ്വീകരിക്കാൻ ബോർഡിന് കഴിഞ്ഞിട്ടില്ല.

റവന്യൂ റിക്കവറി നടപടിക്രമങ്ങൾ പ്രകാരം പണയവസ്തുവായ ഓച്ചിറ വില്ലേജിലെ സർവ്വേ നം.169/2015-ലെ 20.75 ആർ വസ്തു (51 സെന്റ്) വും വീടും ലേലം ചെയ്യുന്നതിനായി Form No.16 പുറപ്പെടുവിക്കുകയും 20.08.2011 മുതൽ 20.05.2017 വരെ ആകെ 17 തവണ ലേലം നടത്താൻ തീരുമാനിച്ചുവെങ്കിലും ലേലം ആരും കൊണ്ടില്ല. നിരവധി തവണ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം നൽകി വായ്പാ ഫയൽ ക്ളോസ് ചെയ്യുന്നതിന് ടിയാന് അറിയിപ്പു നൽകിയിട്ടും യാതൊരു പ്രതികരണവും ഉണ്ടായില്ല.

ടിയാൻ വീട് നിർമ്മിച്ചിരിക്കുന്നത് പണയവസ്തുവിന്റെ വടക്ക് വശത്തായി 10 സെന്റിലാണ്. വീട് ഒഴികെയുള്ള ഭാഗം 40 സെന്റ് വസ്തുവിലധികമുണ്ട്. സെന്റിന് പ്രാദേശിക മതിപ്പുവില ഒരു ലക്ഷം രൂപയുണ്ട്. വീട് ഒഴികെയുള്ള ഭാഗത്ത് നിന്ന് കുടിശ്ശിക ഈടാക്കുന്നതിന് പര്യാപ്തമായ ഭാഗം തിരിച്ച് വിൽപന നടത്താവുന്നതാണോയെന്നും അതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾക്കാവശ്യമായ നിർദ്ദേശം നൽകണമെന്നും 16.07.2016-ൽ Q3/JHS/97 എന്ന കത്തിലൂടെ സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടറോട് ബ്രാഞ്ച് ഓഫീസ് അക്കൗണ്ട്സ് ഓഫീസർ അന്വേഷിച്ചെങ്കിലും ഇതുവരെയും സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ നിർദ്ദേശങ്ങളൊന്നും തന്നെ നൽകിയിട്ടില്ല.

ബി) ശ്രീമതി.സരസ്വതി അമ്മ - വായ്പ നമ്പർ K/Q-509/MIG/2000.

ശ്രീമതി.സരസ്വതി അമ്മ എം.ഐ.ജി വിഭാഗത്തിൽ ഭവന നിർമ്മാണത്തിനായി 3,00,000/- രൂപ ചുവടെപറയുന്ന തീയതികളിൽ കൈപ്പറ്റിയിട്ടുണ്ട്.

06.05.2000 - 60,000

04.06.2000 - 1,20,000

11.10.2000 - 1,20,000

3,00,000

കുന്നത്തൂർ താലൂക്കിലെ കുന്നത്തൂർ വില്ലേജിലെ റീ സർവ്വേ നം.230/13-ലെ 3 ആർ 34 ചതുരശ്ര മീറ്റർ വസ്തു പണയ വസ്തുവായി നൽകിയാണ് ശ്രീമതി.സരസ്വതി അമ്മ വായ്പാ തുക കൈപ്പറ്റിയത് നാളിതുവരെ പ്രസ്തുത വായ്പ പ്രകാരം മുതൽ, പലിശ, മുടക്കപ്പലിശ, പിഴപ്പലിശ എന്നീ ഇനങ്ങളിലായി ആകെ 1,04,762/- രൂപ തിരിച്ചടച്ചിട്ടുണ്ട്. 15.11.2017 വരെയുള്ള വായ്പാ കുടിശ്ശിക 15,55,947/- രൂപയാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം നൽകിയശേഷം ബാക്കി അടയ്ക്കേണ്ട തുക 7,78,942/- രൂപയാണ്. റവന്യൂ റിക്കവറി നടപടിക്രമങ്ങളുടെ ഭാഗമായി 14 തവണ (20.08.2011 മുതൽ 27.08.2016 വരെ) ടി വസ്തു ലേലം ചെയ്യാൻ നടപടികൾ സ്വീകരിച്ചെങ്കിലും ആരും തന്നെ ലേലം കൊണ്ടില്ല.

മേൽ സൂചിപ്പിച്ച രണ്ട് ഭവന വായ്പകളിലെയും ബോർഡിന് ലഭിക്കേണ്ട കുടിശ്ശിക തുക ഈടാക്കുന്നതിൽ റവന്യൂ റിക്കവറി വിഭാഗത്തിന്റെ ഭാഗത്ത് നിന്ന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല എന്ന് കാണുന്നു. ഇക്കാര്യത്തിൽ ബോർഡിന്റെ അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു.

27. <u>ബ്രാഞ്ച് ഓഫീസ്,അടൂർ</u>

27.1. <u>വാടകയിനത്തിലെ കുടിശ്ശിക സമാഹരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.</u>

അടൂർ റവന്യൂ ടവറിലെ വാടകയ്ക്ക് നൽകിയിട്ടുള്ള വ്യക്തികൾ / സ്വകാര്യ സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും 31.03.2017 വരെ 13,98,943/- രൂപ ആകെ വാടക തുകയായി ലഭിക്കാനുണ്ട്. ആയത് പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും ഒഴിപ്പിക്കൽ ഉൾപ്പെടെയുള്ള തുടർനടപടികൾ ചെയ്യേണ്ടതുമാണ്. 31.03.2017 പ്രാബല്യത്തിൽ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞുകിട്ടാനുള്ള ആകെ വാടക കുടിശ്ശിക 1,27,29,600/- രൂപയാണ്. ടി തുക സമാഹരിക്കുന്നതിനു വേണ്ടി സെക്രട്ടറി തല നടപടികൾ കെ.എസ്.എച്ച്.ബിയുടെ ആസ്ഥാനത്തു നിന്നും ഉണ്ടാകണമെന്നു ഓഡിറ്റ് നിർദ്ദേശിക്കുന്നു.

27.2. <u>രസീത് നം.984725 തീയതി 31.12.2016 (തുക 6,600/- രൂപ) പുറപ്പെടുവിച്ചതിലെ അപാകത സംബന്ധിച്ച്.</u>

31.12.2016-ലെ രസീത് നം.984725 പ്രകാരം 6,600/- രൂപ ലഭിച്ചതായി കാണുന്നു. എന്നാൽ ക്യാഷ് ബുക്കിൽ ടി തീയതിയിൽ 4,900/- രൂപ ലഭിച്ചതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മാനേജിംഗ് കമ്മിറ്റി വസൂലാക്കേണ്ടിയിരുന്ന 1,700/- രൂപ അശ്രദ്ധകാരണം ബോർഡ് പിരിച്ചെടുത്തു എന്നാണ് ഇതിനെ തുടർന്ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ലഭിച്ചത്. ടി തുക ബോർഡ് പൊതുചിലവിനത്തിലും വാർഷിക വരിസംഖ്യ ഇനത്തിലുമായി മാനേജിംഗ് കമ്മിറ്റിയിലേക്ക് അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ക്യാഷ് ബുക്കിൽ 4,900/- രൂപ മാത്രമാണ് വരവായി രേഖപ്പെടുത്തിയത്. ഇത് തെറ്റായ നടപടിയാണ്. പകരം 6,600/- രൂപയുടെ രസീത് റദ്ദ് ചെയ്തിട്ട് 4,900/- രൂപയ്ക്ക് പുതിയ രസീത് നൽകണമായിരുന്നു. ഭാവിയിൽ അശ്രദ്ധമൂലമുള്ള ഇത്തരം പിശകുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

28. ബ്രാഞ്ച് ഓഫീസ്, ചങ്ങനാശ്ശേരി

28.1. കരാറില്ലാതെ - വാടകക്കാർ.

ചങ്ങനാശ്ശേരി ൗണിൽ സ്ഥിതി ചെയ്യുന്ന റവന്യൂ ടവറൽ 28 സർക്കാർ സ്ഥാപനങ്ങളും 132 ഇതര സ്ഥാപനങ്ങളും പ്രവർത്തിച്ചുവരുന്നു. ഇവയിൽ ചുരുക്കം ചിലതൊഴിച്ച് ബാക്കിയുള്ളവ കരാർ കാലാവധിക്കു ശേഷവും അനധികൃതമായി പ്രവർത്തിക്കുന്നവയാണ്. ആദ്യം അനുവദിച്ചിരുന്ന 3 വർഷത്തിനു ശേഷം കരാർ പുതുക്കാനാവശ്യപ്പെട്ട് കെ.എസ്.എച്ച്.ബി നിരന്തരം കത്തിടപാടുകൾ നടത്തിയിരുന്നെങ്കിലും പ്രസ്തുത സ്ഥാപനങ്ങൾ അനുകൂലമായി പ്രതികരിച്ചിട്ടില്ല. ബോർഡ് തീരുമാനിച്ച 20% വാടക വർദ്ധനവ്, ഈ സ്ഥാപനങ്ങൾ നൽകിവരുന്നതിനാൽ കർശന നടപടികൾ ബോർഡിന്റെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല. ഇത് തുടർന്നാൽ കരാർ പ്രകാരമല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഭാഗത്തു നിന്നുള്ള വീഴ്ചകൾ ചോദ്യം ചെയ്യുന്നതിന് ബോർഡിന് കഴിയാതെവരും. ആയതിനാൽ വാടകക്കാരുമായി നിയമാനുസൃത കരാർ ചമക്കേണ്ടതാണ്.

28.2. ഒഴിഞ്ഞുകിടക്കുന്ന കടമുറി / ഓഫീസ് സ്ഥലം വാടകയ്ക്ക് നൽകേണ്ടത് അനിവാര്യം.

ചങ്ങനാശ്ശേരി റവന്യൂ ടവറിൽ 11990.32 ചതുരശ്ര അടി സ്ഥലം ഒഴിഞ്ഞുകിടക്കുന്നു. പ്രസ്തുത സ്ഥലം ഒഴിഞ്ഞുകിടക്കുന്നതുമൂലം പ്രതിമാസം ബോർഡിന് 1,43,354/- രൂപ തനത് വരുമാനത്തിൽ ഇടിവ് ഉണ്ടാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നില	ഒഴിഞ്ഞുകിടക്കുന്ന സ്ഥലം (സ്ക്വയർ ഫീറ്റ്)	വാടക നിരക്ക്	പ്രതിമാസം ലഭിക്കേണ്ട വാടക
4-ാം നില	2825.4	12.96	36,617
5-ാം നില	3128.64	12.10	37,856
6-ാം നില	5720.28	11.23	64,239
2-ാം നില	316	14.69	4,642
ആകെ			1,43,354

ഒഴിഞ്ഞുകിടക്കുന്ന കടമുറി / ഓഫീസ് സ്ഥലം വാടകയ്ക്ക് നൽകി ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

29. ബ്രാഞ്ച് ഓഫീസ്, പാല

പ്രത്യേക പരാമർശമില്ല.

30. ബ്രാഞ്ച് ഓഫീസ്, കാഞ്ഞിരപ്പള്ളി

പ്രത്യേക പരാമർശമില്ല.

31. ബ്രാഞ്ച് ഓഫീസ്, പെരുമ്പാവൂർ

31.1. വായ്പ കുടിശ്ശിക - 2,31,31,965/- രൂപ

വിവിധ പദ്ധതികളിൽ വായ്പയെടുത്ത 21 പേർ നാളിതുവരെ തുക അടച്ചു തീർത്തിട്ടില്ല. ഈയിനത്തിൽ 23131965/- രൂപ ബോർഡിന് പിരിഞ്ഞുകിട്ടാനുണ്ട്. വിശദവിവരം ചുവടെ

പദ്ധതി	ക്രമ നമ്പർ	പേര്	രജിസ്റ്റർ നമ്പർ	വായ്പാ തുക	കുടിശ്ശിക
HIG	1	ബാബു.എം.ഒ	MEH-25	5,00,000	11,35,671
	2	ബാബു.ഇ.കെ	EPH-6	3,00,000	7,59,265
	3	വിശ്വനാഥൻ	MEH-19	5,00,000	12,24,480
	4	വിനിത	EPH-7	5,00,000	14,97,490
	5	വർഗ്ഗീസ്	EPH-9	5,00,000	29,54,865
	6	വർഗ്ഗീസ്.എം.എം	MEH-7	5,00,000	30,23,750
	7	പൗലോസ്.കെ.സി	EH-26	63,500	2,33,940
	8	ബെന്നി.സി.എ	EPH-18	3,00,000	15,10,200
	9	മണി.എ.കെ	EH-67	63,500	3,05,400
	10	ടോണി ചാക്കപ്പൻ	MEH-28	5,00,000	22,54,510
ആകെ				**37,27,000**	**1,48,99,571**
MIG	1	പൗലോസ്.പി.വി	MEM-7026	3,00,000	8,63,076
	2	ശശി.എം.എൻ	EPM-583	2,00,000	4,58,607
	3	മോളി വർഗ്ഗീസ്	MEM-7079	3,00,000	7,88,846
	4	ആനന്ദവല്ലിയമ്മ	EPM-3020	3,00,000	12,10,685
	5	റോമി സണ്ണി	MEM-7062	3,00,000	16,65,710
	6	വിജയരാമചന്ദ്രൻ	MEM-7164	2,50,000	13,10,800
	7	ടോമി.ഒ.എ	EPM-532	2,00,000	11,63,820
ആകെ				**18,50,000**	**74,61,544**

പദ്ധതി	ക്രമ നമ്പർ	പേര്	രജിസ്റ്റർ നമ്പർ	വായ്പാ തുക	കുടിശ്ശിക
LIG	1	വേലായുധൻ	REL-4106	34,000	2,67,950
	2	ജമാൽ.റ്റി.എസ്	EPL-799	70,000	3,15,350
	3	ആന്റു.റ്റി.ജെ	EPL-47	30,000	1,12,500
	4	ജോസ് മത്തായി	E-3691	16,320	75,050
ആകെ				**1,50,320**	**7,70,850**

കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള ആർ.ആർ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

32. ബ്രാഞ്ച് ഓഫീസ്, കോതമംഗലം

32.1. വാടകക്കരാർ പുതുക്കേണ്ടത് അനിവാര്യം

കോതമംഗലം റവന്യൂ ടവറിലെ ഭൂരിഭാഗം വാടകക്കാരും കരാർ പുതുക്കാതെയാണ് കടകൾ നടത്തിവരുന്നത്. ഇത്തരത്തിൽ കരാർ പുതുക്കാത്തതിനാൽ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ സർക്കാരിന് ലഭിക്കേണ്ട വരുമാനം നഷ്ടമാകുന്നതോടൊപ്പം തന്നെ കുടിശ്ശിക വരുത്തുന്ന വാടകക്കാർക്കെതിരെയുള്ള നിയമനടപടികൾക്ക് ഫലപ്രാപ്തി ഉണ്ടാകാതെ വരാം. ആയതിനാൽ അടിയന്തിരമായി വാടകക്കാരുമായി നിയമാനുസൃത കരാറിൽ ഏർപ്പെടുന്നതിനും വാടക ഇനത്തിൽ അനുപാതിക വർദ്ധനവ് വരുത്തുന്നതിനും പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

32.2. മൊബൈൽ ടവറുകളുടെ വാടക കുടിശ്ശിക 12,94,516/- രൂപ

കോതമംഗലം റവന്യൂ ടവറിൽ പ്രവർത്തിക്കുന്ന വിവിധ കമ്പനികളുടെ മൊബൈൽ ടവറുകളിൽ നിന്നും 12,94,516/- രൂപ വാടകയിനത്തിൽ കുടിശ്ശിക ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മൊബൈൽ ടവർ	വാടക കുടിശ്ശിക
BSNL	4,41,506
TATA	3,53,611
Idea	3,64,002
Vodafone	1,35,397
ആകെ	12,94,516

ബി.എസ്.എൻ.എൽ, ഐഡിയ എന്നീ കമ്പനികൾ കരാർ കാലാവധി കഴിഞ്ഞിട്ടും കരാർ പുതുക്കിയിട്ടില്ല. ടി കമ്പനികളുമായി കരാർ പുതുക്കേണ്ടതും വാടക കുടിശ്ശികയായ 12,94,516/- രൂപ പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

32.3. ഒഴിഞ്ഞുകിടക്കുന്ന ഓഫീസ് സ്ഥലം / കടമുറികൾ വാടകയ്ക്ക് നൽകേണ്ടത് സംബന്ധിച്ച്.

കോതമംഗലം റവന്യൂ ടവറിൽ വിവിധ നിലകളിലായി 14327.52 ചതുരശ്ര അടി സ്ഥലം (ഓഫീസ് സ്ഥലം /കടമുറികൾ) ഒഴിഞ്ഞുകിടക്കുന്നു. ഇത്തരത്തിൽ ഒഴിഞ്ഞുകിടക്കുന്നതു മൂലം പ്രതിമാസം 1,73,310/- രൂപ ബോർഡിന്റെ തനത് വരുമാനത്തിൽ കുറവുണ്ടാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നില	റൂം നമ്പർ / ഓഫീസ് സ്ഥലം	ഏര്യ (ചതുരശ്ര അടി)	ഒഴിഞ്ഞു കിടക്കുന്ന വിവരം	വാടക നിരക്ക് (രൂപ)	വാടക (രൂപ)
രണ്ടാം നില	S-21	186.04	25.01.2017	14.5	2,698
രണ്ടാം നില	S-22	186.04	31.03.2015	14.5	2,698
രണ്ടാം നില	S-39	189.5	31.12.2014	14.5	2,741
മൂന്നാം നില	ഓഫീസ് സ്ഥലം	576.63	08.04.2015	12	6,920
മൂന്നാം നില	ഓഫീസ് സ്ഥലം	1369.53	02/2009	12	16,434
മൂന്നാം നില	ഓഫീസ് സ്ഥലം	2281.12	തുടക്കം മുതൽ	12	27,373
മൂന്നാം നില	ഓഫീസ് സ്ഥലം	3399.8	തുടക്കം മുതൽ	12	40,789
അഞ്ചാം നില	ഓഫീസ് സ്ഥലം	1369.53	12/2009	12	16,434
അഞ്ചാം നില	ഓഫീസ് സ്ഥലം	1369.53	07/2010	12	16,434
അഞ്ചാം നില	ഓഫീസ് സ്ഥലം	3399.8	03/2011	12	40,789
ആകെ		14327.52	ആകെ		1,73,310

ഒഴിഞ്ഞുകിടക്കുന്ന ഓഫീസ് സ്ഥലം / കടമുറികൾ വാടകയ്ക്ക് നൽകുന്നതിന് പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

32.4. <u>സർക്കാർ ഓഫീസുകളുടെ വാടക കുടിശ്ശിക 51,88,111/- രൂപ</u>

കോതമംഗലം റവന്യൂ ടവറിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളുടെ വാടകയിനത്തിലെ കുടിശ്ശിക 51,88,111/- രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഓഫീസിന്റെ പേര്	മുറി നമ്പർ / ഓഫീസ് സ്ഥലം	വാടക (30.09.2017 വരെ)
1	Industries	IV	1,65,934
2	Labour Office	IV	15,136
3	Employment exchange	IV	26,433
4	PWD NH	V	2,581
5	Statistical office	IV	76,674
6	DEO	V	11,85,853
7	AEO	V	4,92,620
8	Supply Office	IV	4,87,523
9	Taluk Office	V	21,24,607
10	RTO	III	1,27,574
11	PWD Buildings	IV	4,52,716
12	Food Safety Office	III	30,460
ആകെ			51,88,111

വാടക കുടിശ്ശിക ഈടാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

32.5. <u>ഈടായി നൽകിയ വസ്തു കൈമാറ്റം ചെയ്തു - കുടിശ്ശിക തുക ഈടാക്കാൻ സാധിക്കുന്നില്ല. ബോർഡിന് 19,26,616/- രൂപ നഷ്ടം.</u>

ശ്രീ.ജേക്കബിന് KMIG-207-ാം നമ്പരായി 1997-ൽ അനുവദിച്ച 3 ലക്ഷം രൂപയുടെ തിരിച്ചടവ് മുടങ്ങിയതിനെ തുടർന്ന് ചീഫ് റവന്യൂ ഓഫീസർ മുഖേന ആർ.ആർ നടപടികൾ സ്വീകരിച്ചിരുന്നു. ആർ.ആർ നടപടികൾ സ്വീകരിക്കുന്ന ഘട്ടത്തിൽ, ഈടായി നൽകിയിരുന്ന 10 സെന്റ് വസ്തു (സർവ്വേ നം.798/8A/1) അനധികൃതമായി 2 തവണ കൈമാറ്റം ചെയ്തതായും ലോൺ എടുത്ത ശ്രീ.ജേക്കബ് മരണപ്പെട്ടതായും മനസ്സിലാക്കുകയുണ്ടായി. സർക്കാർ നിർദ്ദേശ പ്രകാരം വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ വസ്തുകൈമാറ്റം ചെയ്യാനുണ്ടായ സാഹചര്യം അന്വേഷിച്ച് 13.06.2010-ൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. നിലവിലെ ഉടമസ്ഥരായ ശ്രീ.ജോർജ്ജ്, ഭാര്യ ജോളി ജോർജജ് എന്നിവർക്ക് വസ്തു പണയപ്പെടുത്തിയിരുന്നതാണ് എന്ന അറിവുള്ളതായി വിജിലൻസ് റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ഇപ്പോഴത്തെ ഉടമയിൽ നിന്നും തുക ഈടാക്കാൻ 01.08.2012-ലെ നം.1510/A.1/2010/Hsg-ാം നമ്പർ കത്ത് പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു.

എന്നാൽ ഇവർക്ക് വസ്തു കൈമാറ്റം ചെയ്തപ്പോൾ രജിസ്ട്രേഷൻ വകുപ്പിൽ നിന്നും നൽകിയ ബാധ്യതാരഹിത സർട്ടിഫിക്കറ്റിൽ കെ.എസ്.എച്ച്.ബിയുടെ ബാധ്യത രേഖപ്പെടുത്താത്തതിനാൽ തുടർന്ന് ആർ.ആർ നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല. അനധീകൃത കൈമാറ്റം റദ്ദ് ചെയ്യാനോ തണ്ടപ്പേര്

റദ്ദ് ചെയ്യാനോ ഈ കാരണം കൊണ്ട് സാധിച്ചിട്ടില്ല. സെക്ഷൻ ക്ളർക്കിന് സംഭവിച്ച കൈപ്പിഴയായും ഈ വ്യക്തി റിട്ടയർ ചെയ്തതായും വിജിലൻസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മുൻ ഉടമസ്ഥനിൽ നിന്നോ നിലവിലെ ഉടമസ്ഥനിൽ നിന്നോ കുടിശ്ശിക തുക ഈടാക്കാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. വായ്പ എടുത്ത ആൾ മരണപ്പെടുകയും അനന്തര അവകാശികൾ എവിടെയാണെന്ന് കണ്ടെത്താനും സാധിച്ചിട്ടില്ല. നിലവിലെ ഉടമസ്ഥരുടെ കൈവശം വായ്പയുടെ വിവരം രേഖപ്പെടുത്താത്ത ബാധ്യതാരഹിത സർട്ടിഫിക്കറ്റ് ഉള്ളതിനാൽ ഇവർക്കെതിരെയും നടപടി സ്വീകരിക്കാൻ പറ്റില്ല. ഫയൽ പരിശോധിച്ചതിൽ നിന്നും 30.06.2017 വരെ 1926616/- രൂപ കുടിശ്ശിക ഉള്ളതായി കാണുന്നു. ഈ തുക ഈടാക്കാൻ സിവിൽ കേസ്സ് അടക്കമുള്ള നടപടികൾ സ്വീകരിക്കാനായി ബോർഡിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

32.6. <u>ജാമ്യവസ്തുവിൽ വീട് വയ്ക്കാതെ മറ്റൊരു വസ്തുവിൽ വീട് വച്ചു - ഉദ്യോഗസ്ഥരുടെ അനാസ്ഥ കൊണ്ട് കുടിശ്ശിക ഈടാക്കാനാകുന്നില്ല - ബോർഡിന് നഷ്ടം 34,61,395/- രൂപ</u>

ശ്രീ.ജോസ് ജോസഫ് എന്നയാളിന് KHH-3/98-ാം നമ്പരായി 5 ലക്ഷം രൂപ വായ്പ അനുവദിച്ചിരുന്നു. തുക തിരിച്ചടയ്ക്കാത്തതിനെ തുടർന്ന് 2001-ൽ ജില്ലാ കളക്ടർ എറണാകുളം മുഖേന ആർ.ആർ നടപടികൾ സ്വീകരിച്ചു. ഇതിനെതിരെ കക്ഷി ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ച് സ്റ്റേ വാങ്ങിയെങ്കിലും 27.07.2010-ൽ ഹൈക്കോടതി സ്റ്റേ പിൻവലിക്കുകയും 30.09.2010 ന് മുൻപായി വായ്പാ തിരിച്ചടവ് പൂർത്തിയാക്കാനും നിർദ്ദേശിച്ചിരുന്നു. എന്നാൽ കക്ഷി വായ്പ തിരിച്ചടയ്ക്കാതെ തുടർന്ന്പോന്നു.

തുടർന്ന്നടത്തിയ ആർ.ആർ നടപടിയുടെ ഭാഗമായി തഹസിൽദാർ നടത്തിയ അന്വേഷണത്തിൽ പണയപ്പെടുത്തിയ സർവ്വേ നം.868/1B/2 നമ്പരിൽപ്പെട്ട 10 സെന്റ് വസ്തുവിലല്ല വീട് വച്ചതെന്നും പകരം സഹോദരന്റെ 867/2-ൽപ്പെട്ട വസ്തുവിലാണ് വീട് വച്ചതെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. ആയതിനാൽ വ്യവസ്ഥകൾക്ക് വിരുദ്ധമായി പണയപ്പെടുത്തിയ വസ്തുവിൽ വീട് പണിയാതെ മറ്റൊരു വസ്തുവിൽ വീട് നിർമ്മിച്ച കുടിശ്ശികക്കാരന്റെ പേരിൽ നിയമനടപടികൾ സ്വീകരിക്കാനും നിർദ്ദേശിച്ചിരുന്നു. ലോൺ അനുവദിച്ച സമയത്ത് വ്യക്തമായ പരിശോധന നടത്താത്തത്കൊണ്ടാണ് ജാമ്യമായി നൽകിയ വസ്തുവിൽ വീട്വയ്ക്കാതെ മറ്റൊരു വസ്തുവിൽ വീട് വച്ചകാര്യം ശ്രദ്ധയിൽപ്പെടാതിരുന്നത്. ബോർഡിനെ കബളിപ്പിച്ച ശ്രീ.ജോസ്ജോസഫിനെതിരെ നാളിതുവരെയായി ക്രിമിനൽ നടപടികളൊന്നും സ്വീകരിക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്.

30.06.2017 വരെ ആകെ 34,61,395/- രൂപ കുടിശ്ശികയായുണ്ട്. നിയമനടപടികൾ ത്വരിതപ്പെടുത്തി കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

33. ബ്രാഞ്ച് ഓഫീസ്, ഇരിങ്ങാലക്കുട.

33.1. റവന്യൂ റിക്കവറിയിലൂടെ പിരിച്ചെടുക്കേണ്ട തുക 1,56,68,775/- രൂപ

കെ.എസ്.എച്ച്.ബി ഇരിങ്ങാലക്കുട ബ്രാഞ്ച് ഓഫീസിൽ സി.ആർ.ഒ മുഖേന റവന്യൂ റിക്കവറി നേരിടുന്ന ഫയലുകളിൽ നിന്നും 1,56,68,775/- രൂപ പിരിച്ചെടുക്കുന്നതിന് അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എൽ.ഐ.ജി						
ക്രമ നമ്പർ	പേര്	വായ്പ നമ്പർ	വായ്പ തുക	റിക്വസിഷൻ തുക	റിക്വസിഷൻ തീയതി	10/2016-ലെ കുടിശ്ശിക
1	ലൂസി ജേക്കബ്	LIT-334	70,000	1,73,455	30.09.2007	1,59,849
2	ഗിരിജവല്ലഭൻ	LIT-114	1,25,000	3,00,628	28.02.2009	2,63,478
3	ഭാസ്കരൻ	LIT-346	14,000	35,984	28.02.2009	48,510
4	ബേബി	TLR-358	33,000	75,305	28.02.2009	1,27,231
ആകെ						**5,99,068**
എം.ഐ.ജി						
5	പോൾ.കെ.എസ്	MIT-298	5,00,000	8,81,763	01.04.2005	13,43,116
6	ബാലൻ.പി.സി	MIT-44	3,00,000	11,03,433	31.05.2007	10,49,920
7	ആനി വർഗ്ഗീസ്	MIT-199	1,75,000	5,27,258	31.05.2007	5,34,413
8	ജോയി.പി.പി	MIT-25	3,00,000	11,62,110	31.07.2007	10,53,118
9	സേവ്യർ.എം.എസ്	MRT-53	1,00,000	2,49,831	31.01.2008	1,82,249
10	രാജൻ.റ്റി.പി	MRT-165	1,75,000	6,10,744	31.03.2008	5,57,286
ആകെ						**47,20,102**
എച്ച്.ഐ.ജി						
11	ജസ്റ്റിൻ.പി.കെ	HIT-22	5,00,000	13,52,472	01.04.2005	21,31,449
12	ഡേവിഡ്.വി.എ	HIT-21	5,00,000	13,59,576	01.04.2005	21,48,066
13	ജൂലി ജോസഫ്	THRS-88	3,00,000	8,21,653	30.04.2005	12,14,591
14	കൃഷ്ണൻ	HIT-27	1,00,000	4,07,578	31.05.2007	4,07,578
15	മണികണ്ഠൻ	HIT-15	5,00,000	9,68,698	30.06.2002	22,23,327
16	സണ്ണി.കെ.വി	HIT-12	5,00,000	9,65,944	30.06.2002	22,24,594
ആകെ						1,03,49,605

ആർ.ആർ നടപടിയിലൂടെ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ

34. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ഗാന്ധിനഗർ, കോട്ടയം

34.1. ഒഴിഞ്ഞുകിടക്കുന്ന ഡോർമിറ്ററികൾ ഉപയോഗയോഗ്യമാക്കുന്നത് - സംബന്ധിച്ച്.

കോട്ടയം വർക്കിംഗ് വിമൻസ് ഹോസ്റ്റലിലെ 6 കിടക്കകൾ വീതമുള്ള 2 ഡോർമിറ്ററികൾ ആവശ്യക്കാരില്ലാത്തതിനാൽ വർഷങ്ങളായി ഒഴിഞ്ഞികിടക്കുന്നതായി ഓഡിറ്റിന് മനസ്സിലാക്കാൻ കഴിഞ്ഞു. ഇതു മൂലം വരുമാനമായി ലഭിക്കേണ്ട നല്ലൊരു തുകയാണ് ബോർഡിന് നഷ്ടപ്പെടുന്നത്. നിലവിലുള്ള ഡോർമിറ്ററികൾ മുറികളായി തിരിച്ച് വാടകയ്ക്ക് കൊടുത്താൽ വാടകയിനത്തിൽ ബോർഡിന് കൂടുതൽ വരുമാനം നേടാവുന്നതാണ്. ആയതിനാൽ ഇക്കാര്യത്തിൽ ബോർഡ് അടിയന്തിരമായി ശ്രദ്ധപതിപ്പിക്കേണ്ടതാണ്.

35. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, മുട്ടം

പ്രത്യേക പരാമർശമില്ല.

36. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, കാക്കനാട്

36.1. ക്യാൻസൽ ചെയ്ത രസീതുകളുടെ ഒറിജിനൽ ലഭ്യമല്ല.

2016-2017 സാമ്പത്തിക വർഷത്തെ രസീത് പരിശോധിച്ചതിൽ താഴെപ്പറയുന്ന രസീതുകൾ ക്യാൻസൽ ചെയ്തിട്ടുണ്ടെങ്കിലും അവയുടെ ഒറിജിനൽ സൂക്ഷിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

ബുക്ക് നമ്പർ	രസീത് നമ്പർ
147	14695
149	14854
149	14892
151	15033
152	15183
154	15375
155	15480
159	15882

ഓഡിറ്റ് എൻക്വയറി നം.2-ൽ വിശദീകരണം ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ പറയുന്നത് ചില രസീത് ബുക്കുകളിൽ ഇത്തരത്തിൽ ഒറിജിനൽ ഇല്ലാതെ വരാറുണ്ടെന്നാണ്. സർട്ടിഫിക്കറ്റ് ഓഫ് അക്കൗണ്ടിൽ ഈ വിവരം രേഖപ്പെടുത്തുന്നതായും മറുപടിയിൽപറയുന്നു. അപാകതയില്ലാതെ രസീത് ബുക്കുകൾ പ്രിന്റ് ചെയ്യുന്നതിനും, ഉപയോഗിച്ച് തുടങ്ങുന്നതിനു മുമ്പ് പേജുകൾ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തുന്നതിനും അല്ലാത്തവയുടെ വിവരം രേഖപ്പെടുത്തി സർട്ടിഫൈ ചെയ്യുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

36.2. സ്ഥിര നിക്ഷേപം രേഖകൾ സൂക്ഷിക്കുന്നില്ല.

കാക്കനാട് വർക്കിംഗ് വിമൻസ് ഹോസ്റ്റലിൽ, സ്ഥിര നിക്ഷേപങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ എത്ര FD നിലവിലുണ്ടെന്നോ, അവയിലെ തുകയുടെ വിവരങ്ങളോ പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.1-ൽ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ടതനുസരിച്ച് യൂണിയൻ ബാങ്കിലെ ഒരു FDയുടെ രേഖ ഹാജരാക്കി ഇതിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ബാങ്ക്	രസീത് നമ്പർ	നിക്ഷേപ തുക	തീയതി	മെച്യൂരിറ്റി തീയതി	
യൂണിയൻ ബാങ്ക്, തൃക്കാക്കര	000085717	2,77,831/-	18.10.2016	18.10.2017	2,98,675/-

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2015-2016 വർഷത്തെ ഓഡിറ്റ് നോട്ടിൽ 4,20,526/-, 2,57,303/- എന്നീ തുകകളുടെ രണ്ട് FD-കൾ നിലവിലുള്ളതായി റിപ്പോർട്ട് ചെയ്തിരുന്നു. ഇവയുടെ നിലവിലെ വിവരങ്ങൾ ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

നിലവിലുള്ള എല്ലാ FD യുടെയും വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

36.3 മാനേജ്മെന്റ് കമ്മിറ്റി കാര്യക്ഷമമായി കൂടുന്നില്ല.

കാക്കനാട് വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ മാനേജ്മെന്റ് കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കൽ കൂടി ഹോസ്റ്റലിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറില്ല എന്ന കാര്യം മുൻ റിപ്പോർട്ടിലും പരാമർശിച്ചിരുന്നു. 2015-2016 വർഷം രണ്ട് കമ്മിറ്റികൾ (19.10.2016, 24.03.2017 തീയതികളിൽ) മാത്രമാണ് കൂടിയിട്ടുള്ളത്. 19.10.2016-ലെ മീറ്റിംഗിൽ അന്തേവാസികളുടെ പ്രതിനിധികളാരും പങ്കെടുത്തതായി കാണുന്നില്ല. നൂറിൽപ്പരം അന്തേവാസികളുള്ള ഈ ഹോസ്റ്റലിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് യഥാസമയം മാനേജ്മെന്റ് കമ്മിറ്റികൾ കൂടേണ്ടത് അത്യാവശ്യമാണ്. മാനേജ്മെന്റ് കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കൽ കാര്യക്ഷമമായി കൂടുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

മാനേജ്മെന്റ് കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നില്ല.

ഹോസ്റ്റലിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനു വേണ്ടിയാണ് മാനേജ്മെന്റ് കമ്മിറ്റികൾ കൂടുന്നത്. മാനേജ്മെന്റ് കമ്മിറ്റിയിൽ തീരുമാനിക്കുന്ന പല കാര്യങ്ങളും നടപ്പാക്കുന്നതായി കാണുന്നില്ല. 16.06.2015-ൽ കൂടിയ കമ്മിറ്റിയിൽ തീരുമാനിച്ച താഴെപ്പറയുന്ന കാര്യങ്ങൾ നാളിതുവരെയായി നടപ്പാക്കിയിട്ടില്ല. ഇതേ വിഷയങ്ങൾ 19.10.2016-ലെ കമ്മിറ്റിയിലും നടപ്പാക്കാനായി തീരുമാനിച്ചിരുന്നു.

1. ഓഫീസ് റൂം, റീഡിംഗ് റൂം, അടുക്കള, മെസ്സ് ഹാൾ, ലോബി, ഡൈനിംഗ് ഹാൾ എന്നിവിടങ്ങളിലെ ടൈൽ വർക്കുകൾ.
2. കൊതുക് ശല്ല്യം ഒഴിവാക്കുന്നതിന് ജനലുകളിൽ നെറ്റടിക്കുന്നത്.
3. മെസ്സ് ഹാളിലേക്ക് ആവശ്യമായ കസേര വാങ്ങൽ

4. മെസ്സിലേക്ക് ഒരു കൂളർ വാങ്ങുന്നത്.

5. മുൻവശം വിട്രിഫൈഡ് ടൈൽ വിരിക്കുന്നത്.

കമ്മിറ്റി തീരുമാനങ്ങളിൽ ഉചിതമായ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കേണ്ടതാണ്.

ഹോസ്റ്റൽ ഫീ കളക്ഷൻ രജിസ്റ്റർ - വ്യക്തമായി എഴുതി സൂക്ഷിക്കുന്നില്ല.

അംഗങ്ങളുടെ പേര്, റൂം നമ്പർ, ലഭിക്കേണ്ട തുക (റെന്റ്, വാട്ടർ, ഇലക്ട്രിസിറ്റി ചാർജ്ജുകൾ വേർ തിരിച്ച്), ലഭിച്ച തുക എന്നിവ വ്യക്തമാക്കുന്ന രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പകരം ചെറിയ ഒരു ബുക്കിൽ അലക്ഷ്യമായി ചില വിവരങ്ങൾ മാത്രം എഴുതി സൂക്ഷിക്കുന്നു. ഓരോ മാസത്തെയും ഫീ കളക്ഷൻ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു രജിസ്റ്റർ വ്യക്തമായി എഴുതി സൂക്ഷിക്കേണ്ടതും കൃത്യമായ ഇടവേളകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധന നടത്തേണ്ടതുമാണ്.

37. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, പുല്ലഴി.

37.1. വാർഷിക വരുമാനത്തിൽ ഗണ്യമായ കുറവ്.

2015-2016 സാമ്പത്തിക വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ 2016-2017 സാമ്പത്തിക വർഷത്തിൽ ഹോസ്റ്റലിലെ നീക്കിയിരിപ്പിൽ 4,56,612/- രൂപയുടെ കുറവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സാമ്പത്തിക വർഷം	ആകെ വരവ്	ആകെ ചെലവ്	നീക്കിയിരിപ്പ്
1	2015-2016	34,21,214	21,75,244	12,45,970
2	2016-2017	26,67,743	18,78,385	7,89,358

പ്രാദേശികമായുള്ള ഓഫീസുകളിലും, സ്ഥാപനങ്ങളിലും, കോളേജുകളിലും അവശ്യം വേണ്ടുന്ന പരസ്യ പ്രചാരണങ്ങൾ നൽകി ഹോസ്റ്റലിലേയ്ക്ക് പരമാവധി അംഗങ്ങളെ ആകർഷിക്കാൻ വേണ്ടുന്ന സത്വര നടപടികൾ ഹോസ്റ്റൽ മാനേജ്മെന്റിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്. 2015-2016 വർഷത്തെ അപേക്ഷിച്ച് 2016-2017-ൽ വരുമാനത്തിൽ കുറവുണ്ടായത് സംബന്ധിച്ച് പരിശോധന നടത്തേണ്ടതും ന്യൂനതകൾ പരിഹരിക്കേണ്ടതുമാണ്.

37.2. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഉള്ള തുക സ്ഥിര നിക്ഷേപമാക്കേണ്ടത് - സംബന്ധിച്ച്.

ഹോസ്റ്റൽ മാനേജ്മെന്റ് എക്സിക്യൂട്ടീവ് കമ്മിറ്റി കൺവീനർ ആയ ഭവന നിർമ്മാണ ബോർഡ് തൃശ്ശൂർ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സിവിൽസ്റ്റേഷൻ എസ്.ബി.ഐ ബ്രാഞ്ചിലെ 67240104928-ാം നമ്പർ കറണ്ട് അക്കൗണ്ടിലേയ്ക്കാണ് ഹോസ്റ്റലിന്റെ വാടക, പ്രവേശന ഫീ എന്നിവ നിക്ഷേപിക്കുന്നത്. പ്രസ്തുത അക്കൗണ്ടിൽ നിന്നും മേട്രൺ, വാർഡൻ, ശുചീകരണ തൊഴിലാളികൾ (2 പേർ), രാത്രികാവൽക്കാരൻ എന്നിവരുടെ ശമ്പളവും അത്യാവശ്യ മെയിന്റനൻസ് ചെലവുകളും വഹിച്ചുവരുന്നു. പലിശ ലഭിക്കാത്ത പ്രസ്തുത അക്കൗണ്ടിൽ സാമ്പത്തിക വർഷം 8 ലക്ഷത്തോളം രൂപ എല്ലാ മാസവും ബാക്കി നിൽക്കുന്നുണ്ടായിരുന്നു. 31.03.2017-ൽ പ്രസ്തുത

അക്കൗണ്ടിൽ 877757/- രൂപ അന്തിമ ബാക്കിയായി നിൽപ്പുണ്ട്. ടിതുക അടിയന്തിരമായി സ്ഥിര നിക്ഷേപമാക്കേണ്ടതാണ്. ഹോസ്റ്റൽ മാനേജരുടെയും എക്സിക്യൂട്ടീവ് എഞ്ചിനിയറുടേയും ഭാഗത്ത് നിന്നുമുള്ള അനാസ്ഥ ഭവന നിർമ്മാണ ബോർഡിന് പലിശയിനത്തിൽ ലഭിക്കേണ്ടിയിരുന്ന വരുമാനം നഷ്ടമാക്കിയിരിക്കുകയാണ്. ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അടിയന്തിര ആവശ്യങ്ങൾക്ക് കഴിഞ്ഞുള്ള ബാക്കി തുക ബോർഡ് അനുമതിയോടു കൂടി സ്ഥിര നിക്ഷേപമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതും ആയത് പ്രകാരം ബോർഡിന്റെ വരുമാനത്തിൽ വർദ്ധവനുണ്ടാക്കാനും ശ്രമിക്കേണ്ടതാണ്

ഭാഗം - III

ചെലവിനങ്ങളെ സംബന്ധിച്ച പരാമർശങ്ങൾ

1. ഹെഡ് ഓഫീസ് - തിരുവനന്തപുരം

1.1. <u>'ഇ-ഓഫീസ് പദ്ധതി' - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല - 6 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു - അധികം ചെലവഴിച്ച 1,96,774/- രൂപ നിരാകരിക്കുന്നു.</u>

2015-2016 വർഷത്തെ ഗവൺമെന്റ് പ്ളാൻ ഫണ്ട് (50 ലക്ഷം രൂപ) വിനിയോഗിച്ച ബോർഡിന്റെ ആസ്ഥാന ഓഫീസ് കടലാസ് രഹിത ഓഫീസ് ആക്കി മാറ്റാനുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കുകയും, IT മിഷൻ നിർദ്ദേശിക്കുന്ന രീതിയിൽ NIC യുടെ സോഫ്റ്റ്വെയർ വാങ്ങി NIC വഴി ജീവനക്കാർക്ക് പരിശീലനം നൽകി പദ്ധതി നടപ്പാക്കാൻ 06.10.2015-ലെ GO(Rt)No.76/2015/Hsg പ്രകാരം സർക്കാർ അനുമതി നൽകുകയും ചെയ്തിരുന്നു. IT മിഷന്റെ നിർദ്ദേശാനുസരണം സെക്രട്ടറിയേറ്റ് മുതലായ സർക്കാർ വകുപ്പുകളിൽ ഈ പദ്ധതി വിജയകരമായി നടപ്പാക്കിയ NIC യെ ബോർഡ് സമീപിക്കുകയും NIC നൽകിയ പ്രൊപ്പോസൽ പ്രകാരം സോഫ്റ്റ് വെയർ തയ്യാറാക്കാൻ 6,09,900/- രൂപയും ട്രെയിനിംഗിന് 2,70,000/- രൂപയും വേണ്ടി വരുമെന്നറിയിച്ചിരുന്നു. 24.11.2015-ലെ ബോർഡ് മീറ്റിംഗിൽ പദ്ധതി നടപ്പാക്കാനായി NIC യുമായി കരാറിലേർപ്പെടാനും 8,79,900/- രൂപ NIC ക്ക് കൈമാറാനും തീരുമാനിച്ചു.

എന്നാൽ ബോർഡിന്റെ IT വിഭാഗത്തിന് സോഫ്റ്റ് വെയർ തയ്യാറാക്കാനാകുമെന്നും ഇതിലേക്കായി NIC നിശ്ചയിച്ച ആകെ തുകയായ 8,79,900/- രൂപയ്ക്ക് പകരം ഒരു പ്രോജക്ട് ഡയറക്ടറെ ഒരു വർഷത്തേക്ക് നിയമിക്കുന്ന തുകയടക്കം (50,000 x 12) ആകെ 7,80,000/- രൂപ മാത്രമാണ് ബോർഡിന് ചെലവ് വരുന്നതെന്ന് കെ.എസ്.എച്ച്.ബി സർക്കാരിനെ അറിയിക്കുകയുണ്ടായി. കൂടാതെ എല്ലാ ഓഫീസുകളിലെയും KSWAN കണക്ഷനായി പ്രതിവർഷം 5 ലക്ഷം രൂപ അധിക ചെലവ് വരുമെന്നും ഇത് ബോർഡിന് സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നും 08.01.2016-ലെ KSHB/IT.Divm/15 കത്ത് പ്രകാരം സർക്കാരിനെ അറിയിച്ചിരുന്നു.

ബോർഡ് സ്വന്തം നിലയിൽ സോഫ്റ്റ് വെയർ തയ്യാറാക്കുന്നത് അധിക സാമ്പത്തിക ചെലവുണ്ടാക്കുമെന്നും പുതിയ സോഫ്റ്റ് വെയർ തയ്യാറാക്കാൻ കൂടുതൽ സമയവും തുകയും ആവശ്യമായി വരുമെന്നും അപ്ഗ്രഡേഷൻ, മെയിന്റനൻസ്, സെക്യൂരിറ്റി എന്നിവയ്ക്കായി പ്രതിവർഷം ധാരാളം തുക ചെലവിടേണ്ടിവരുമെന്നും IT മിഷൻ സർക്കാരിനെയും ബോർഡിനെയും അറിയിച്ചിരുന്നു. എന്നാൽ അധികമായി യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടാകില്ലെന്നും failover, backup, disaster management, server മുതലായവ സൗകര്യങ്ങൾ കെ.എസ്.എച്ച്.ബി ക്ക് ഉണ്ടെന്നും സമയപരിധിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കാനാകുമെന്നും കെ.എസ്.എച്ച്.ബി സർക്കാരിനെ അറിയിച്ചതിനെതുടർന്ന് 24.05.2016-ലെ GO(MS)No.18/2016/Hsg പ്രകാരം സർക്കാർ ഭരണാനുമതി നൽകി. IT മിഷൻ നിർദ്ദേശിച്ച പ്രകാരമുള്ള സോഫ്റ്റ് വെയർ സമയപരിധിക്കുള്ളിൽ തയ്യാറാക്കാത്തപക്ഷം കെ.എസ്.എച്ച്.ബി ഉത്തരവാദികളായിരിക്കുമെന്ന് സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു.

എന്നാൽ പ്രോജക്ട് ആരംഭിച്ച് ഒന്നരവർഷം ആയിട്ടും പദ്ധതി നടപ്പാക്കാൻ സാധിച്ചിട്ടില്ല. 2017 നവംബറിൽ ഒരു സോഫ്റ്റ് വെയർ തയ്യാറാക്കിയെങ്കിലും IT മിഷന്റെ അംഗീകാരമോ STQC

(Standardisation Testing & Quality Certification) സർട്ടിഫിക്കറ്റോ വാങ്ങാൻ സാധിച്ചിട്ടില്ല. ശരിയായ രീതിയിൽ സോഫ്റ്റ് വെയർ തയ്യാറാക്കിയില്ലെങ്കിൽ വിവിധ സെക്ഷനുകൾക്ക് ഉപയോഗിക്കുവാനോ മറ്റ ഓഫീസുകളുമായി ബന്ധിപ്പിക്കുവാനോ സാധിക്കില്ല. ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(a) 'ഇ-ഓഫീസ്' പദ്ധതി 8,79,900/- രൂപയ്ക്ക് (സോഫ്റ്റ്വെയറും ട്രെയിനിഗും ഉൾപ്പെടെ) 6 മാസത്തിനുള്ളിൽ പൂർത്തിയാക്കാമെന്നാണ് NIC അറിയിച്ചിരുന്നത്. എന്നാൽ ഇതിലും കുറഞ്ഞ ചെലവിൽ (പ്രോജക്ട് ഡയറക്റുടെ 12 മാസത്തെ ശമ്പളം 50,000/- രൂപ നിരക്കിൽ 6 ലക്ഷം മാത്രം) സമയപരിധിക്കുള്ളിൽ പദ്ധതി വിജയകരമായി നടപ്പാക്കാമെന്ന കെ.എസ്.എച്ച്.ബിയുടെ പ്രൊപ്പോസൽ സർക്കാർ അംഗീകരിച്ചാണ് ഭരണാനുമതി നൽകിയത്. കെ.എസ്.എച്ച്.ബിയുടെ IT വിഭാഗത്തിന്റെ സേവനത്തിന് പുറമേ ഒരു പ്രോജക്ട് ഡയറക്ടറെ (ശ്രീ.ലീപു.എൽ.പണിക്കർ) 22.06.2016 മുതൽ 21.06.2017 വരെ നിയമിക്കുകയും കരാറിലേർപ്പെടുകയും ചെയ്തിരുന്നു. ശ്രീ.ലീപു.എൽ.പണിക്കരുമായുള്ള കരാർ (ഖണ്ഡിക 4) പ്രകാരം "if the project is not completed within the contractual period, the board shall realise such amount as if may fix from the first part as compensation in this regard" എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാതിരുന്നാൽ കെ.എസ്.എച്ച്.ബിയും IT സെല്ലും വ്യക്തിപരമായി ഉത്തരവാദികളായിരിക്കുമെന്ന് ഭരണാനുമതി ഉത്തരവിൽ സർക്കർ വ്യക്തമാക്കിയിരുന്നു.

എന്നാൽ ഒരു വർഷത്തിനുള്ളിൽ സോഫ്ഹ് വെയർ തയ്യാറാക്കാൻ സാധിക്കാത്തതിനെ തുടർന്ന് ശ്രീ.ലീപു.എൽ.പണിക്കർക്ക് 22.07.2017-ലെ ബോർഡ് തീരമാനം 28(5) പ്രകാരം വീണ്ടും 6 മാസത്തേക്ക് കാലാവധി നീട്ടി നൽകി. സർക്കാർ അംഗീകാരം വാങ്ങാതെയാണ് കാലാവധി നീട്ടി നൽകിയത്. ഈ കാലയളവിൽ ശ്രീ.ലീപു.എൽ.പണിക്കർക്ക് താഴെപ്പറയുന്ന പ്രകാരം വേതനം തൽകിയിട്ടുണ്ട്.

08/2017 (3.8.17 മുതൽ)	-	46,774
09/2017	-	50,000
10/2017	-	50,000
11/2017	-	50,000
		1,96,774

പ്രോജക്ട് കാലാവധിക്കുള്ളിൽ സോഫ്റ്റ് വെയർ തയ്യാറാക്കി നൽകേണ്ടത് പ്രോജക്ട് ഡയറക്ടറുടെ ഉത്തരവാദിത്വമാണ്. കൂടാതെ സർക്കാർ ഉത്തരവ് പ്രകാരം അധിക ചെലവ് വരാനും പാടില്ല. സർക്കാർ ഫണ്ട് സർക്കാർ അനുമതി ഇല്ലാതെ ക്രമവിരുദ്ധമായി ചെലവ് ചെയ്തതായി കാണുന്നു. ആയതിനാൽ അധികം ചെലവായ 1,96,774/- രൂപ ശ്രീ.ലീപുവിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

(b) ഈ പദ്ധതി NIC മുഖേന നടപ്പാക്കാനായി KSWAN കണക്ഷൻ ആവശ്യമുണ്ട്. ഇപ്രകാരം KSWAN കണക്ഷൻ എടുത്താൽ പ്രതിവർഷം ഏകദേശം 5 ലക്ഷം രൂപ അധിക ചെലവ് വരുമെന്ന് ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ 08.01.2016-ൽ അറിയിച്ചിരുന്നു. ഇത് കൂടി പരിഗണിച്ചാണ് കെ.എസ്.എച്ച്.ബി തന്നെ സോഫ്റ്റ് വെയർ തയ്യാറാക്കാനുള്ള ഭരണാനുമതി നൽകിയത്.

നിലവിലെ ഇന്റർനെറ്റ് കണക്ഷന് പകരമായാണ് KSWAN (Kerala State Wide Area Network) കണക്ഷൻ ലഭിക്കുന്നത്. ഇതിന് താരതമ്യേന ചെലവ് കുറവാണ്. 2015-2016 വർഷം ഇന്റർനെറ്റ് കണ

ക്ഷനായി ഹെഡ് ഓഫീസിൽ 1,94,498/- രൂപ ചെലവ് വന്നിട്ടുണ്ട്. എന്നാൽ KSWAN കണക്ഷനായി ഒരു വർഷം 66,957/- രൂപ മാത്രമാണ് ചെലവ് വരുന്നത്. കൂടാതെ ബോർഡിന്റെ ആസ്ഥാന ഓഫീസ് കെട്ടിടങ്ങളിൽ ഉൾപ്പെടെ KSWAN ടൗച്ചറുകൾ സ്ഥാപിക്കാൻ 17.08.2007-ലെ ബോർഡ് യോഗം 14-ാം ഇനപ്രകാരം സർക്കാരിന് അനുമതി നൽകിയിട്ടുണ്ട്. ബോർഡിന് ആവശ്യമുള്ളപ്പോൾ KSWAN കണക്ഷൻ സൗജന്യമായി നൽകും എന്ന വ്യവസ്ഥയിലാണ് റവന്യൂ ടൗവ്വറുകളിലും വാണിജ്യ സമുച്ചയങ്ങളിലും ടൗവ്വർ സ്ഥാപിക്കാൻ അനുമതി നൽകിയത്. നിലവിലെ ഇന്റർനെറ്റ് കണക്ഷൻ പ്രകാരം KSWAN കണക്ഷൻ എടുത്തിരുന്നുവെങ്കിൽ വർഷാവർഷം ലക്ഷക്കണക്കിന് രൂപ ബോർഡിന് ലാഭിക്കാൻ കഴിയുമായിരുന്നു. ഇപ്രകാരം ബോർഡിന് ലാഭമുണ്ടാകേണ്ട സാഹചര്യം മറച്ച് വച്ച് പ്രതിവർഷം 5 ലക്ഷം രൂപ അധിക ചെലവ് വരുമെന്ന് സർക്കാരിനെ തെറ്റായി ധരിപ്പിച്ച സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

(c) NIC മുഖേന നടപ്പാക്കിയിരുന്നുവെങ്കിൽ 6 മാസംകൊണ്ട് 8,79,900/- രൂപ ചെലവിൽ ട്രെയിനിംഗടക്കം പൂർത്തിയാക്കേണ്ട പദ്ധതി ഒന്നരവർഷമായിട്ടും നടപ്പാക്കാനായിട്ടില്ല. താത്കാലികമായി ഒരു സോഫ്റ്റ് വെയർ തയ്യാറാക്കിയെങ്കിലും ടെസ്റ്റിംഗ് പൂർത്തിയാക്കി IT മിഷന്റെ അംഗീകാരം STQC സർട്ടിഫിക്കറ്റ് എന്നിവയൊന്നും നേടിയെടുക്കാൻ സാധിച്ചിട്ടില്ല. 2006-2007 കാലയളവിൽ ബോർഡ് സ്വന്തമായി വികസിപ്പിച്ചെടുത്ത ലോൺ മുതലായ ആവശ്യങ്ങൾക്കുള്ള സോഫ്റ്റ് വെയറിന് പോലും മേൽ അംഗീകാരം ലഭിച്ചിട്ടില്ല. പ്രോജക്ട് ഡയറക്ടർക്ക് 1,96,774/- രൂപ സർക്കാർ അനുമതിയില്ലാതെ അധികം നൽകിയിട്ടുണ്ട്. കൂടാതെ ബോർഡിന്റെ 3 സീനിയർ പ്രോഗ്രാമർ ഉൾപ്പെടെ IT വിഭാഗത്തിന്റെ സേവനം ഇതിനായി ഈ കാലയളവിൽ വിനിയോഗിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കാനായി മാത്രം 2016 മാർച്ചിൽ 45 കമ്പ്യൂട്ടറുകൾ, 3 സ്കാനർ, 2 എണ്ണം 20KVA UPS എന്നിവ വാങ്ങുകയും നെറ്റ് വർക്കിംഗ്, ഇലക്ട്രിഫിക്കേഷൻ മുതലായവ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ബോർഡിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചകൊണ്ട് മാത്രമാണ് പദ്ധതി പൂർത്തിയാക്കാൻ സാധിക്കാത്തത്. സോഫ്റ്റ് വെയർ തയ്യാറാക്കി അംഗീകാരം വാങ്ങി ഉപയോഗിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ സോഫ്റ്റ് വെയർ തയ്യാറാക്കാനായി പ്രോജക്ട് ഡയറക്ടറുടെ സാലറി ഇനത്തിൽ ചെലവഴിച്ച 6 ലക്ഷം രൂപ തടസ്സത്തിൽവയ്ക്കുന്നു. പദ്ധതിയെ സംബന്ധിച്ച നിലവിലെ സാഹചര്യങ്ങൾ സർക്കാരിനെ അറിയിച്ച് സർക്കാർ അനുമതിയോടെ മാത്രം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1.2. ട്രെയിനിംഗ് - സർക്കാർ അനുമതി ഇല്ലാതെ പങ്കെടുത്തു - റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല - 46,000/- രൂപ തടസ്സപ്പെടുത്തുന്നു.

എഞ്ചിനീയറിംഗ് സ്റ്റാഫ് കോളേജ് ഓഫ് ഇന്ത്യ, ഹൈദ്രാബാദ് എന്ന സ്ഥാപനം 2016 ഡിസംബർ 20 മുതൽ 24 വരെ "Pre-fabricated structures planning, design & construction" എന്ന വിഷയത്തിൽ ഹൈദ്രാബാദിൽ വച്ച് ട്രെയിനിംഗ് സംഘടിപ്പിച്ചിരുന്നു. കോഴ്സ് വിഷയങ്ങൾ ഹൗസിംഗ് ബോർഡിനെ സംബന്ധിച്ച് പ്രയോജന പ്രദമായതിനാലും, പുതിയ സാങ്കേതിക വിദ്യയുടെ പ്രയോജനങ്ങൾ ഹൗസിംഗ് ബോർഡിൽ ഉപയോഗപ്പെടുത്താം എന്നുള്ള ലക്ഷ്യങ്ങളും മുന്നിൽക്കണ്ട് ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി കൊല്ലം ഡിവിഷൻ ഓഫീസിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ.ജി.സുരേഷ്കുമാർ, ഇതേ ഓഫീസിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ.ബി.പത്മകുമാർ എന്നിവരെ നിയോഗിച്ചുകൊണ്ട് 23.11.2016-ൽ HBO-299/Ad.II(a)/11368/2012 പ്രകാരം ഉത്തരവായിരുന്നു. ഹൈദ്രാബാദിലെ ഗാച്ചിബൗളി എന്ന സ്ഥലത്തുള്ള എഞ്ചിനീയറിംഗ് സ്റ്റാഫ്

കോളേജ് ഓഫ് ഇന്ത്യയുടെ ഇ.എസ്.സി.ഐ ക്യാമ്പസിൽ വച്ച് നടത്തുന്ന പ്രസ്തുത ട്രെയിനിംഗിൽ പങ്കെടുത്ത് വിശദമായ ഒരു റിപ്പോർട്ട് തയ്യാറാക്കി ചീഫ് എഞ്ചിനീയർക്ക് നൽകണമെന്ന് ഈ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. കോഴ്സ് ഫീയും 15% സർവ്വീസ് ടാക്സുമടക്കം ആകെ 46,000/- രൂപ (20000 x 2 + 15% ST) മേൽ ഉത്തരവ് പ്രകാരം ഡി.ഡിയായി എഞ്ചിനീയറിംഗ് സ്റ്റാഫ് കോളേജ് ഓഫ് ഇന്ത്യക്ക് നൽകിയിട്ടുണ്ട്. (No.439472/05.12.2016, Voucher No.735/05.12.2016) പ്രസ്തുത ഫയൽ പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

എ) ഈ യാത്രക്ക് ബോർഡിന്റെയോ സർക്കാരിന്റെയോ അനുമതി ലഭിച്ചതായി കാണുന്നില്ല.

ബി) കോഴ്സിൽ പങ്കെടുത്തതിന്റെ അറ്റന്റൻസ് സർട്ടിഫിക്കറ്റടക്കമുള്ള യാതൊരു വിവരങ്ങളും ഫയലിൽ ലഭ്യമല്ല.

സി) ട്രെയിനിംഗിൽ ലഭിക്കുന്ന വിവരങ്ങൾ ഉൾക്കൊള്ളിച്ച വിശദമായ ഒരു റിപ്പോർട്ട് ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കണമെന്ന് അനുമതി ഉത്തരവിൽ നിർദ്ദേശിച്ചിരുന്നെങ്കിലും സമർപ്പിച്ചതായി കാണുന്നില്ല.

ഇതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വ്യക്തമായ മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ട്രെയിനിംഗിനായി ചെലവഴിച്ച 46,000/- രൂപ തടസ്സത്തിൽവയ്ക്കുന്നു. ട്രെയിനിംഗിൽ പങ്കെടുക്കാതിരിക്കുകയോ റിപ്പോർട്ട് സമർപ്പിക്കാതിരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ രണ്ട് ഉദ്യോഗസ്ഥരും T.A ഇനത്തിൽ വാങ്ങിയ തുകയും തിരികെ ഈടാക്കേണ്ടതാണ്.

1.3. <u>ടെണ്ടർ പരസ്യം - സമയപരിധി പാലിക്കുന്നില്ല.</u>

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പദ്ധതികൾ നടപ്പാക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചിരിക്കുന്നത് നിയമപ്രകാരം അനുവദിക്കേണ്ട സമയ ദൈർഘ്യം നൽകാതെയാണ്. ടെണ്ടർ പരസ്യങ്ങൾ പത്രങ്ങളിൽ പ്രസിദ്ധീകരിച്ച തീയതി ഉൾപ്പെടെയുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പത്രം	**ടെണ്ടർ പരസ്യം വന്ന തീയതി**	**ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി**	**പദ്ധതി**	**അടങ്കൽ തുക**	**വൗച്ചർ നമ്പർ /തീയതി**
മംഗളം	18.08.2015	20.08.2015	പത്തനംതിട്ട, റാന്നി പഴവങ്ങാടി വികസന പ്രവർത്തനങ്ങൾ	598921	120/4.5.16
മംഗളം	10.11.2015	19.11.2015	ചിതറ പഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനിയിലെ പൂർത്തീകരിക്കാത്ത വീടുകളുടെ പണി	6733789	120/4.5.16
മംഗളം	05.09.2015	11.09.2015	പേരൂർക്കട WWH ന് വാട്ടർസപ്ളൈ ജോലികൾ & പേയിന്റിംഗ്	1442128	120/4.5.16
മംഗളം	06.11.2015	13.11.2015	കോഴിക്കോട്, ചേളന്നൂർ സാഫല്യം കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ	1347998	120/4.5.16

മംഗളം	03.12.2015	14.12.2015	ചടയമംഗലം MGHSS ന് വേണ്ടി ഒരു കെട്ടിടത്തിന്റെ നിർമ്മാണം	7343934	120/4.5.16
മംഗളം	03.12.2015	14.12.2015	വെളിയന്നൂർ ഗവൺമെന്റ് എൽ.പി.എസ് കെട്ടിട നിർമ്മാണം	4870332	120/4.5.16
മംഗളം	03.12.2015	14.12.2015	കരുകോൺ ഗവൺമെന്റ് HSS ന് വേണ്ടി കെട്ടിട നിർമ്മാണം	4870332	120/4.5.16
ദി ഹിന്ദു	22.11.2015	02.12.2015	EWS ഫ്ളാറ്റ്, ചോറ്റാനിക്കര	12285960	128/5.5.16
ദി ഹിന്ദു	23.12.2015	31.12.2015	കുര്യോട്ടുമല ഹൈടെക് ഡയറി കോംപ്ളക്സ്, പുനലൂർ	15125000	128/5.5.16
ദീപിക	09.01.2016	15.01.2016	ചോറ്റാനിക്കര സാഫല്യം 24 ഫ്ളാറ്റുകളുടെ ഫിനിഷിംഗ് വർക്കുകൾ	3442292	120/4.5.16

1997-ലെ കേരളാ പൊതു മരാമത്ത് വകുപ്പ് ചട്ടങ്ങൾ അനുസരിച്ച് 1 മുതൽ 10 ലക്ഷം വരെ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്ക് ടെണ്ടർ സമർപ്പിക്കുന്നതിന് 10 ദിവസവും 10 ലക്ഷത്തിനു മുകളിൽ 20 ദിവസവും അനുവദിക്കുന്നതിന് നിർദ്ദേശമുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച പട്ടികയിൽ പറഞ്ഞിരിക്കുന്ന പരസ്യങ്ങളിൽ അർഹമായ സമയം അനുവദിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരാമത്ത് പണികളുടെ ടെണ്ടർ സമർപ്പിക്കുന്നതിന് ആവശ്യമായ സമയം നൽകാതിരിക്കുന്നത് മത്സര സ്വഭാവമുള്ള ടെണ്ടറുകളുടെ എണ്ണം കുറയാനും, ബോർഡിന് നഷ്ടം വരാനും സാധ്യതയുണ്ട്. ആയതിനാൽ മേൽപറഞ്ഞ അപാകം സംഭവിച്ചതിനുള്ള കാരണം പരിശോധിക്കേണ്ടതും, ചട്ടങ്ങൾ പാലിച്ച് ടെണ്ടർ നടപടികൾ സുതാര്യമാക്കുകയും ചെയ്യേണ്ടതാണ്.

1.4. ടെണ്ടർ പരസ്യം - സമയപരിധി പാലിക്കുന്നില്ല.

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പദ്ധതികൾ നടപ്പാക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചിരിക്കുന്നത് നിയമപ്രകാരം അനുവദിക്കേണ്ട സമയ ദൈർഘ്യം നൽകാതെയാണ്. ടെണ്ടർ പരസ്യങ്ങൾ പത്രങ്ങളിൽ പ്രസിദ്ധീകരിച്ച തീയതി ഉൾപ്പെടെയുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പത്രം	ടെണ്ടർ പരസ്യം വന്ന തീയതി	ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി	പദ്ധതി	അടങ്കൽ തുക	വൗച്ചർ നമ്പർ /തീയതി
മംഗളം	18.08.2015	20.08.2015	പത്തനംതിട്ട, റാന്നി പഴവങ്ങാടി വികസന പ്രവർത്തനങ്ങൾ	598921	120/4.5.16
മംഗളം	10.11.2015	19.11.2015	ചിതറ പഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനിയിലെ പൂർത്തീകരിക്കാത്ത വീടുകളുടെ പണി	6733789	120/4.5.16
മംഗളം	05.09.2015	11.09.2015	പേരൂർക്കട WWH ന് വാട്ടർസപ്ളൈ ജോലികൾ & പേയിന്റിംഗ്	1442128	120/4.5.16
മംഗളം	06.11.2015	13.11.2015	കോഴിക്കോട്, ചേളന്നൂർ	1347998	120/4.5.16

			സാഫല്യം കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ		
മംഗളം	03.12.2015	14.12.2015	ചടയമംഗലം MGHSS ന് വേണ്ടി ഒരു കെട്ടിടത്തിന്റെ നിർമ്മാണം	7343934	120/4.5.16
മംഗളം	03.12.2015	14.12.2015	വെളിയന്നൂർ ഗവൺമെന്റ് എൽ.പി.എസ് കെട്ടിട നിർമ്മാണ ം	4870332	120/4.5.16
മംഗളം	03.12.2015	14.12.2015	കരുകോൺ ഗവൺമെന്റ് HSS ന് വേണ്ടി കെട്ടിട നിർമ്മാണം	4870332	120/4.5.16
ദി ഹിന്ദു	22.11.2015	02.12.2015	EWS ഫ്ളാറ്റ്, ചോറ്റാനിക്കര	12285960	128/5.5.16
ദി ഹിന്ദു	23.12.2015	31.12.2015	കുര്യോട്ടുമല ഹൈടെക് ഡയറി കോംപ്ളക്സ്, പുനലൂർ	15125000	128/5.5.16
ദീപിക	09.01.2016	15.01.2016	ചോറ്റാനിക്കര സാഫല്യം 24 ഫ്ളാറ്റുകളുടെ ഫിനിഷിംഗ് വർക്കുകൾ	3442292	120/4.5.16

1997-ലെ കേരളാ പൊതു മരാമത്ത് വകുപ്പ് ചട്ടങ്ങൾ അനുസരിച്ച് 1 മുതൽ 10 ലക്ഷം വരെ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്ക് ടെണ്ടർ സമർപ്പിക്കുന്നതിന് 10 ദിവസവും 10 ലക്ഷത്തിനു മുകളിൽ 20 ദിവസവും അനുവദിക്കുന്നതിന് നിർദ്ദേശമുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച പട്ടികയിൽ പറഞ്ഞിരിക്കുന്ന പരസ്യങ്ങളിൽ അർഹമായ സമയം അനുവദിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരാമത്ത് പണികളുടെ ടെണ്ടർ സമർപ്പിക്കുന്നതിന് ആവശ്യമായ സമയം നൽകാതിരിക്കുന്നത് മത്സര സ്വഭാവമുള്ള ടെണ്ടറുകളുടെ എണ്ണം കുറയാനും, ബോർഡിന് നഷ്ടം വരാനും സാധ്യതയുണ്ട്. ആയതിനാൽ മേൽപറഞ്ഞ അപാകം സംഭവിച്ചതിനുള്ള കാരണം പരിശോധിക്കേണ്ടതും, ചട്ടങ്ങൾ പാലിച്ച് ടെണ്ടർ നടപടികൾ സുതാര്യമാക്കുകയും ചെയ്യേണ്ടതാണ്.

1.5. പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിൽ മതിയായ തുക വകയിരുത്തിയിട്ടില്ല.

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് എംപ്ളോയീസ് പ്രോവിഡന്റ് ഫണ്ടിനത്തിൽ 31.03.2017 വരെ ബോർഡിനുള്ള ആകെ ബാധ്യത 23.55 കോടി രൂപയുടേതാണ്. എന്നാൽ പ്രോവിഡന്റ് ഫണ്ട് സ്ഥിര നിക്ഷേപയിനത്തിൽ 22.50 കോടി രൂപ മാത്രമാണ് 31.03.2017-ൽ ഉള്ളത്. അതായത് ഫണ്ടിൽ 1.05 കോടി രൂപയുടെ കുറവുണ്ട്. ടി തുക കൂടി എത്രയുംപെട്ടെന്ന് പ്രോവിഡന്റ് ഫണ്ട് സ്ഥിരനിക്ഷേപമാക്കേണ്ടതാണ്.

1.6. ഗൃഹശ്രീ ഭവന പദ്ധതി - പ്രോഗ്രസ്സ് റിപ്പോർട്ട്.

സ്വന്തമായി 2/3 സെന്റ് ഭൂമിയെങ്കിലുമുള്ള ദുർബല വിഭാഗത്തിൽ / താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടനകൾ / എൻ.ജി.ഒകൾ കാരുണ്യവാന്മാരായ വ്യക്തികൾ തുടങ്ങിയവരുടെ സാമ്പത്തിക സഹകരണത്തോടെ ഭവന നിർമ്മാണത്തിന് സർക്കാർ 2 ലക്ഷം രൂപ ഭവന നിർമ്മാണ ബോർഡ് വഴി സബ്സിഡി നൽകുന്നതാണ് ഗൃഹശ്രീ ഭവന പദ്ധതി. ഗുണഭോക്തൃ

വിഹിതം ഒരു ലകഷം രൂപ, സ്പോൺസർഷിപ്പ് വിഹിതം ഒരു ലക്ഷം രൂപ സർക്കാർ സബ്സിഡി രണ്ട് ലക്ഷം ഉൾപ്പെടെ ആകെ നാല് ലക്ഷം രൂപയാണ് അടങ്കൽ തുക.

മൂന്ന് ഘട്ടങ്ങൾ പൂർത്തീകരിച്ച പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് ഒട്ടാകെ ആദ്യ ഘട്ടത്തിൽ 525 ഭവനങ്ങളും രണ്ടാം ഘട്ടത്തിലെ 618 ഭവനങ്ങളും മൂന്നാം ഘട്ടത്തിലെ 1037 ഭവനങ്ങളും ഉൾപ്പെടെ ആകെ 2180 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 333 ഭവനങ്ങളുടെ നിർമ്മാണം പുരോഗതിയിലാണ്. ഗൃഹശ്രീ ഭവന പദ്ധതിക്കായി ആകെ 5719 ലക്ഷം സർക്കാരിൽ നിന്നും ലഭിച്ചതിൽ 5469 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ 701011400000047STSB അക്കൗണ്ട് വഴിയാണ് തുകയുടെ വരവ് ചെലവുകൾ പരിപാലിച്ച് വരുന്നത്. 31.03.2017 വരെ ടി അക്കൗണ്ടിൽ 250 ലക്ഷം രൂപ ബാക്കിയുണ്ട്.

ഗൃഹശ്രീ ഭവന പദ്ധതിക്കായി സർക്കാരിൽ നിന്നും ലഭിച്ച തുകയുടെ വരവ് ചെലവ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വർഷം	അനുവദിച്ച തുക ലക്ഷത്തിൽ	ചെലവഴിച്ച തുക ലക്ഷത്തിൽ	ബാക്കി ലക്ഷത്തിൽ
1	2013-2014	1,050	1,050	-
2	2014-2015	1,781	1,781	-
3	2015-2016	2,888	2,638	250
ആകെ		5,719	5,469	250

ഗൃഹശ്രീ ഭവന പദ്ധതിയുടെ പ്രോഗ്രസ്സ് റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഘട്ടം	അനുവദിച്ച വീടുകളുടെ എണ്ണം	ഗുണഭോക്തൃ വിഹിതം അടച്ചത്	ഗഡു തുക വിതരണം ചെയ്തത്			
				1	2	3	4
1	Stage-I	525	525	525	525	525	525
2	Stage-II	709	694	692	683	659	618
3	Stage-III	1662	1294	1277	1229	1189	1037
ആകെ		2896	2513	2494	2437	2373	2180

പൂർത്തിയാക്കിയ ഗഡു വിതരണ പ്രകാരം ചെലവാക്കേണ്ടിയിരുന്ന തുകയും സബ്സിഡി തുകയും താഴെ ചേർക്കുന്നു.

എ. ഒന്നാം ഗഡു 2494 x 50000 - 1247 ലക്ഷം

ബി. രണ്ടാം ഗഡു 2437 x 100000 - 2437 ലക്ഷം

സി. മൂന്നാം ഗഡു 2373 x 100000 - 2373 ലക്ഷം

ഡി. നാലാം ഗഡു 2180 x 150000 - 3270 ലക്ഷം

ആകെ ചെലവഴിക്കേണ്ടിയിരുന്ന തുക - 9327 ലക്ഷം

നൽകേണ്ടിയിരുന്ന സർക്കാർ സബ്സിഡി 9327 രൂപയുടെ 50% 4663.5/- ലക്ഷം രൂപ

എന്നാൽ ബോർഡ് സമർപ്പിച്ച കണക്കുകൾ പ്രകാരം ആകെ ചെലവഴിച്ച സബ്സിഡി തുക 5469 ലക്ഷം രൂപയാണ്. അതായത് 805.5 ലക്ഷം രൂപയുടെ അധിക ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. ഇതിന് കാരണം വിശദമാക്കേണ്ടതാണ്.

1.7. <u>പെൻഷൻ ഫണ്ട് ആവശ്യമായ തുക വകയിരുത്തുന്നില്ല.</u>

ഭവന നിർമ്മാണ ബോർഡിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ വിരമിക്കൽ ആനുകൂല്യങ്ങളും പ്രതിമാസ പെൻഷനും നൽകുന്നതിലേക്കായി പ്രത്യേക പെൻഷൻ ഫണ്ട് രൂപീകരിച്ച് എല്ലാ വർഷവും മതിയായ തുക വകമാറ്റേണ്ടതാണ്. [(KSHB Employees Pension and Other Retirement Benefit Regulation 1990, Rule (7)]

എന്നാൽ 04.12.2017 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 8 ന് ബോർഡ് സമർപ്പിച്ച മറുപടി പ്രകാരം 2016-2017 വർഷം പെൻഷനറിബെനഫിറ്റ് ഇനത്തിൽ 3,36,85,115/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 561 സർവ്വീസ് പെൻഷനേഴ്സ് 103 ഫാമിലി പെൻഷനേഴ്സ് എന്നിവരുടെ പ്രതിമാസ പെൻഷൻ ഇനത്തിൽ ടി സാമ്പത്തിക വർഷം 15,72,60,906/- രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 2016-2017 വർഷം പെൻഷൻ ഫണ്ടിലേയ്ക്ക് കേവലം 2,10,00,000/- രൂപ മാത്രമാണ് വകമാറ്റിയിട്ടുള്ളത്. 31.03.2017-ൽ പെൻഷൻ ഫണ്ട് (F.D) യിലെ അന്തിമ ബാക്കി 4,52,72,952/- രൂപ മാത്രമാണ്. എന്നാൽ പ്രസ്തുത തുക വാർഷിക കണക്കിലെ പെൻഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് എഫ്. .ഡി തുകയുമായ് പൊരുത്തപ്പെടുന്നില്ല.

പുതുതായി സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർക്ക് 'National Pension Scheme' ആയതിനാൽ അവരുടെ ശമ്പളത്തിൽ നിന്നും ഈടാക്കുന്ന തുകയോടൊപ്പം Employer Contribution കൂടി ഉൾപ്പെടുത്തി കൃത്യമായും NPS ലേക്ക് ഒടുക്ക് വരുത്തിവരുന്നുണ്ട്.

ഈ സാഹചര്യത്തിൽ പെൻഷൻ ഫണ്ടിലേക്ക് ബോർഡ് വകമാറ്റിവരുന്ന തുക തീർത്തും അപര്യപ്തമാണ്. വരും വർഷങ്ങളിൽ പെൻഷനറി ആനുകൂല്യങ്ങൾ നൽകുന്നതിലും നിലവിലെ ടെർമിനൽ സറണ്ടർ ഇനത്തിലുള്ള കുടിശ്ശിക തീർക്കുന്നതിനും പ്രതിമാസ പെൻഷൻ വിതരണ ത്തിനും തടസ്സമുണ്ടാകുന്ന സ്ഥിതിവിശേഷം ഉണ്ടാകാൻ സാധ്യതയുണ്ട്. ആയതിനാൽ ഭാവിയിലെ പ്രതീക്ഷിത ചെലവിന് ആനുപാതികമായി മതിയായ തുക (പ്രതിമാസം ഒരു കോടി രൂപയെങ്കിലും) പെൻഷൻ സ്ഥിരപിക്ഷേപത്തിലേക്ക് വകമാറ്റേണ്ടതാണ്.

1.8. <u>മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി 2016, 2018 വായ്പാക്കാരുടെ കടം എഴുതിതള്ളി - 11,89,360/- രൂപ</u>

സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നും താഴ്ന്ന വരുമാനക്കാരായ ആൾക്കാർ എടുത്തിട്ടുള്ള അഞ്ചു ലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടച്ച് കഴിഞ്ഞവർക്ക്

കടാശ്വാസം അനുവദിച്ചും മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ മുതലിന്റെ ഒന്നരയിരട്ടിയെങ്കിലും തിരിച്ചടച്ചിട്ടുള്ളവർക്ക് മുതലിന്റെ രണ്ടിരട്ടിയെത്തുന്നത് വരെയുള്ള കുടിശ്ശിക തുക പലിശയും പിഴപ്പലിശയും ഒഴിവാക്കി ഇരുപത്തിനാല് പ്രതിമാസ ഗഡുക്കളായി പുനക്രമീകരിച്ച് നൽകാനും 20.08.2016-ലെ സർക്കാർ ഉത്തരവ് (പി)118/2016/ധനം പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

പ്രസ്തുത സർക്കാർ ഉത്തരവിൽ ഭവന നിർമ്മാണ ബോർഡിൽ നിന്നും വായ്പയെടുത്തിട്ടുള്ള LIG വിഭാഗത്തിലെ വായ്പക്കാരെയും ഉൾപ്പെടുത്തിയിരുന്നു. സൂചനയിലെ മാനദണ്ഡമനുസരിച്ച് മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടവ് വരുത്തിയിരുന്ന 18 വായ്പക്കാർക്ക് 1189360/- രൂപയുടെ കടാശ്വാസം ഭവന നിർമ്മാണ ബോർഡ് അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ മുതലിന്റെ ഒന്നരയിരട്ടിയെങ്കിലും അടവ് വരുത്തിയ 49 വായ്പക്കാരുടെ അവശേഷിക്കുന്ന കുടിശ്ശിക തുക പുനക്രമീകരിച്ചും നൽകിയിട്ടുണ്ട്. ഇത്തരത്തിൽ കടാശ്വാസം അനുവദിച്ചതിന് സാധൂകരിച്ച്കൊണ്ട് 09.10.2017-ലെ സർക്കാർ ഉത്തരവ് (പി)നം.129/201കെ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>**യൂണിറ്റ് ഓഫീസുകൾ**</u>

2. <u>യൂണിറ്റ് ഓഫീസ്, തിരുവനന്തപുരം</u>

2.1. <u>വാഹന കരാർ - സിംഗിൾ ക്വട്ടേഷൻ അംഗീകരിച്ചു.</u>

മേഖലാ ഓഫീസിൽ ഉപയോഗിച്ചു വന്ന വാഹനം ഡിവിഷൻ 1-ലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ആർ.ആർ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ടി ഓഫീസിലേക്ക് കൈമാറിയതിനെ തുടർന്ന് വാഹനം കരാറിലെടുക്കാൻ തീരുമാനിക്കുകയും ക്വട്ടേഷൻ ക്ഷണിച്ചുകൊണ്ട് മംഗളം, മാധ്യമം എന്നീ ദിനപത്രങ്ങളിൽ പരസ്യം നൽകുയും ചെയ്തിട്ടുണ്ട്. ശ്രീ.രാജേഷ്കുമാർ.എം എന്നയാൾ പ്രതിമാസം 25,500/- രൂപയ്ക്ക് ക്വട്ടേഷൻ (1500 KM വരെ) സമർപ്പിക്കുകയും നെഗോഷിയേഷനിലൂടെ 25,000/- രൂപയ്ക്ക് ടിയാനുമായി കരാറൊപ്പിടുകയും ചെയ്തതായി കാണുന്നു. ഒരു ക്വട്ടേഷൻ മാത്രം ലഭിച്ച സാഹചര്യത്തിൽ വീണ്ടും ക്വട്ടേഷൻ ക്ഷണിക്കാതെ നെഗോഷിയേഷന് തയ്യാറായതിന്റെ കാരണം വ്യക്തമല്ല. ക്വട്ടേഷൻ നോട്ടീസ് പുറപ്പെടുവിക്കുമ്പോൾ സ്റ്റോർപർച്ചേസ് നിയമം പാലിച്ച് നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. <u>യൂണിറ്റ് ഓഫീസ്, കൊച്ചി</u>

3.1. <u>അപ്രന്റീസ് ട്രെയിനീസ് - സ്റ്റൈപന്റിനത്തിൽ നൽകിയ തുക തിരികെ ലഭിക്കേണ്ടത് 70,755/- രൂപ</u>

എറണാകുളം മേഖലാ എഞ്ചിനീയറുടെ ഓഫിസിൽ 2016-2017 വർഷം ഗ്രാജുവേറ്റ് / ടെക്നീഷ്യൽ അപ്രന്റീസ് ട്രെയിനികൾക്ക് സ്റ്റൈപന്റിനത്തിൽ നൽകിയ 70,755/- രൂപ സാങ്കേതിക

വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും തിരികെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ട്രയിനിയുടെ പേര്	ആകെ നൽകിയ സ്റ്റൈപന്റ് (രൂപ)
1	കുമാരി.ലക്ഷ്മിപ്രീയ ഗ്രാജുവേറ്റ് ട്രെയിനി	48,677
2	കുമാരി.മറിയ.പി.ദേവസ്സി ടെക്നീഷ്യൻ അപ്രന്റീസ് ട്രെയിനി	22,078
ആകെ		70,755

4. യൂണിറ്റ് ഓഫീസ് - കോഴിക്കോട്

പ്രത്യേക പരാമർശമില്ല.

ഡിവിഷൻ ഓഫീസുകൾ

5. ഡിവിഷൻ ഓഫീസ് നം. I, തിരുവനന്തപുരം

5.1. ഗൃഹശ്രീ ഭവന പദ്ധതി - അവലോകനം.

ഗൃഹശ്രീ ഭവന പദ്ധതിയിൽ വീട് നിർമ്മാണം ആരംഭിച്ച 558 പേരിൽ 482 പേരും പണി പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ള 76 ഗുണഭോക്താക്കൾ വിവിധ ഘട്ടങ്ങളിലായി വീട് നിർമ്മാണം തുടർന്നുവരുന്നതായി കണ്ടു. വിവിധ സ്റ്റേജുകളിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെയും നൽകിയ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

ഘട്ടം	നിർമ്മാണം ആരംഭിച്ചത്	ഒന്നാം ഗഡു നൽകിയത്	രണ്ടാം ഗഡു നൽകിയത്	മൂന്നാം ഗഡു നൽകിയത്	നാലാം ഗഡു നൽകിയത്	ആകെ വിതരണം ചെയ്ത തുക
1	101	101	101	101	101	3,90,08,220
2	141	141	141	140	137	5,37,89,200
3	221	220	220	219	213	8,38,71,280
4	95	94	76	60	31	2,22,45,100
ആകെ	558	556	538	520	482	19,89,13,800

രണ്ടും മൂന്നും സ്റ്റേജുകളിൽ ഭവന നിർമ്മാണം ആരംഭിച്ച 12 ഗുണഭോക്താക്കൾ നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തിയാക്കി, സബ്സിഡി പൂർണ്ണമായും വിനിയോഗിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

5.2. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മാണം - സ്റ്റോർ പർച്ചേസ് നിയമം പാലിച്ചിട്ടില്ല - 3,99,984/- രൂപ തടസ്സപ്പെടുത്തുന്നു.

NCC നഗറിലെ വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സിവിൽ വർക്കിനുള്ള മെറ്റീരിയൽ സപ്ളൈ ചെയ്യുന്നതിലേക്കായി ടെന്റർ വിളിച്ചിരുന്നുവെങ്കിലും ഏറ്റവും കുറവ് തുകയ്ക്കുള്ള ടെന്റർ അംഗീകരിക്കാതെ നേരിട്ട് വിപണിയിൽ നിന്നും മെറ്റീരിയൽ വാങ്ങുന്നതിലേക്കായി 2016-2017 വർഷത്തിൽ 4 ലക്ഷം രൂപ അഡ്വാൻസായി നൽകിയിരുന്നു. ഇതിന്റെ ചെലവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	തീയതി	വാങ്ങിയ സാധനം	ചെലവഴിച്ച ഉദ്യോഗസ്ഥൻ	തുക
1	28.06.2016	ഹോളോ ബ്രിക്സ്	ശ്രീ.റോയ് (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ)	5,320
2	29.06.2016	ഹോളോ ബ്രിക്സ്	ശ്രീ.റോയ് (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ)	16,800
3	29.05.2016	ബ്രോക്കൺ സ്റ്റോൺ	ശ്രീ.ഷിബുരാജ് (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ)	8,932
4	30.05.2016	എം.സാന്റ്	ശ്രീ.ഷിബുരാജ് (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ)	19,856
5	30.06.2016	ഹോളോ ബ്രിക്സ്	ശ്രീ.റോയ്	14,000
6	01.07.2016	എം.സാന്റ്	ശ്രീ.ഷിബുരാജ്	19,856
7	02.07.2016	എം.സാന്റ്	ശ്രീ.ഷിബുരാജ്	19,652
8	04.07.2016	ഇന്റർലോക്ക് ടൈൽ	ശ്രീ.ഷിബുരാജ്	70,000
9	07.07.2016	എം.സാന്റ്	ശ്രീ.ഷിബുരാജ്	18,802
10	08.07.2016	ഇന്റർലോക്ക് ടൈൽ	ശ്രീ.ഷിബുരാജ്	1,05,000
11	11.07.2016	എം.സാന്റ്	ശ്രീ.ഷിബുരാജ്	19,210
12	12.07.2016	ബ്രോക്കൺ സ്റ്റോൺ	ശ്രീ.ഷിബുരാജ്	6,256
13	04.07.2016	ഹോളോ ബ്രിക്സ്	ശ്രീ.റോയ്	6,300
14	05.07.2016	ഇന്റർലോക്ക് ടൈൽ	ശ്രീ.ഷിബുരാജ്	70,000
ആകെ				3,99,984

മിച്ച തുകയായ 16 രൂപ 26.07.2016-ൽ തിരികെ ഒടുക്കിയിട്ടുണ്ട്. വൗച്ചർ പരിശോധിച്ചതിൽ നിന്നും മേൽസാധനങ്ങൾ വാങ്ങിയതിന്റെ ഒറിജിനൽ രസീതിന് പകരം ഹൗസിംഗ് ബോർഡിന്റെ പേരിലുള്ള കൈപ്പറ്റ് രസീതാണ് ഹാജരാക്കിയിട്ടുള്ളത്. സാധനം വാങ്ങിയ കടയുടെ പേര്, മെറ്റീരിയലിന്റെ അളവും തൂക്കവും, തുക, ലോറി നമ്പർ തുടങ്ങിയ വിവരങ്ങളൊന്നും ഈ രസീതിലില്ല. പകരം തുക ചെലവഴിച്ച ഉദ്യോഗസ്ഥന്റെ ഒപ്പോടുകൂടിയ ഒരു കൈപ്പറ്റ് രസീതാണ് സൂക്ഷിച്ചിട്ടുള്ളത്. സാധനങ്ങൾ വിപണിയിൽ നിന്നും വാങ്ങുമ്പോൾ വ്യക്തമായ രസീത്

ലഭ്യമാകുമെന്നിരിന്നെ അത് ഹാജരാക്കാതെ കൈപ്പറ്റ് രസീത് വച്ച് അഡ്വാൻസ് ക്രമീകരിച്ചത് ക്രമവിരുദ്ധമാണ്.

ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ക്വട്ടേഷൻ അംഗീകരിക്കാതെയാണ് അതേ നിരക്കിൽ വിപണിയിൽ നിന്നും വാങ്ങിയിട്ടുള്ളത്. എന്നാൽ സാധനങ്ങൾ വാങ്ങിയതിന്റെ യഥാർത്ഥ ബില്ലും ഹാജരാക്കിയിട്ടില്ല. ഇത്തരത്തിൽ സ്റ്റോർ പർച്ചേസ് നിയമങ്ങളൊന്നും പാലിക്കാതെയാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. മെറ്റീരിയൽ വാങ്ങിയതിന്റെ യഥാർത്ഥ ബില്ലുകൾ ഹാജരാക്കാത്തതിനാൽ ആകെ ചെലവഴിച്ച 3,99,984/- രൂപ ഓഡിറ്റിൽ തടസ്സപ്പെ ത്തുന്നു.

6. ഡിവിഷൻ ഓഫീസ് നം. II, തിരുവനന്തപുരം

6.1. അപ്രന്റീസ് ട്രെയിനികളുടെ സ്റ്റൈപന്റ് സർക്കാരിൽ നിന്നും തിരികെ ലഭിക്കേണ്ട തുക 16,500/- രൂപ

ഡിവിഷൻ ഓഫീസിൽ 2016-2017 സാമ്പത്തിക വർഷത്തിൽ 3 അപ്രന്റീസ് ട്രെയിനികൾ (ITI) ജോലി ചെയ്തിരുന്നു. അവർക്ക് സ്റ്റൈപന്റിനത്തിൽ ചെലവായ തുകയിൽ നിന്നും 16500/- രൂപ സർക്കാരിൽ നിന്നും തിരികെ ലഭിക്കുന്നതാണ്. ഡയറക്ടർ ജനറൽ ഓഫ് ട്രയിനീസിന്റെ 11.09.2017-ലെ DGT-37(1)/2016-AP നമ്പർ ഉത്തരവ് പ്രകാരം 2016-2017 മുതലുള്ള അപ്രന്റീസ് ട്രയിനികളുടെ സ്റ്റൈപന്റിന്റെ 25% തുക (പരമാവധി 1500/- രൂപ പ്രതിമാസം) തിരികെ മാതൃ സ്ഥാപനത്തിന് ലഭ്യമാക്കുന്നതാണ്. ആയതിനാൽ 2016-2017 സാമ്പത്തിക വർഷം ഈ ഇനത്തിൽ ചെലവായ തുകയിൽ തിരികെ ലഭിക്കാൻ അർഹതയുള്ള 16500/- രൂപ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

6.2. അത്താണി ഭവന പദ്ധതി - ആദ്യ അലോട്ടികളെ പരമാവധി കാലാവധി കഴിഞ്ഞിട്ടും ഒഴിപ്പിച്ചിട്ടില്ല മറ്റുള്ളവർക്ക് അവസരം ലഭിക്കുന്നില്ല.

ഭവന നിർമ്മാണ ബോർഡിന്റെ അത്താണി ഭവന പദ്ധതി പ്രകാരം പൂജപ്പുരയിൽ ആദ്യഘട്ടത്തിൽ 16 ഫ്ളാറ്റുകളും രണ്ടാം ഘട്ടത്തിൽ 24 ഫ്ളാറ്റുകളും നിർമ്മിച്ച് അർഹരായവരെ കണ്ടെത്തി മാനേജ്മെന്റ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം അനുവദിക്കുകയുണ്ടായി. അത്താണി പദ്ധതിയുടെ ആർട്ടിക്കിൾ ഓഫ് മാനേജ്മെന്റ് വകുപ്പ് (7) പ്രകാരം പദ്ധതിയുടെ നടത്തിപ്പിന്റെ ചുമതല മാനേജ്മെന്റ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. വകുപ്പ് 21(എ) പ്രകാരം നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുന്നതും നഗരപരിധിക്ക് പുറത്തുള്ളതും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളതുമായ കേരളീയനായ തൊഴിലാളിയായിരിക്കണം ഗുണഭോക്താവ്, അർഹരായ അപേക്ഷകരിൽ നിന്നും ഗുണഭോക്തൃ പട്ടിക തയ്യാർ ചെയ്ത് മുൻഗണനാ ക്രമത്തിലായിരിക്കണം ഫ്ളാറ്റുകൾ അനുവദിക്കേണ്ടത്. വകുപ്പ് 21(ബി) പ്രകാരം ആദ്യ അലോട്ട്മെന്റ് 11 മാസത്തേക്കും തുടർന്ന് രണ്ട് തവണകളായി ദീർഘിപ്പിച്ച് നൽകി പരമാവധി 33 മാസത്തേക്കാണ് ഫ്ളാറ്റ് അനുവദിക്കുന്നത്. ഒരു സാഹചര്യത്തിലും 33 മാസ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതല്ല. ഗുണഭോക്തൃ പട്ടികയുടെ കാലാവധി പരമാവധി 33 മാസമായിരിക്കും [വകുപ്പ് 21(ബി)].

07.05.2013-ൽ അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രകാരമാണ് ഫ്ളാറ്റുകൾ ഗുണഭോക്താക്കൾക്ക് അനുവദിച്ച് നൽകിയത് . തുടർന്ന് ആദ്യ അലോട്ട്മെന്റ് ലഭിച്ച ഒട്ടുമിക്ക

ഗുണഭോക്താക്കളും പരമാവധി കാലാവധിയായ 33 മാസം കഴിഞ്ഞിട്ടും ഫ്ളാറ്റുകൾ ഒഴിഞ്ഞ് നൽകാതെ ഇപ്പോഴും താമസം തുടരുകയാണ്. ആർട്ടിക്കിൾ ഓഫ് മാനേജ്മെന്റ് ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രസ്തുത ഗുണഭോക്താക്കൾക്കു തുടരുവാനായി ബോർഡും സർക്കാരും വിവിധ ഘട്ടങ്ങളിൽ അനുമതി നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രവണത വഴി ഗുണഭോക്തൃ പട്ടികയിൽപ്പെട്ട അർഹർക്ക് അവസരം ലഭിക്കാതെ വരികയും ഭരണഘടന ഉറപ്പ് നൽകുന്ന അവസര സമത്വം നിഷേധിക്കപ്പെടുകയും ചെയ്യുന്നു. മാത്രവുമല്ല കാലഹരണപ്പെട്ട ഗുണഭോക്തൃ പട്ടികയിൽ നിന്നുമാണ് ഒഴിവുവരുന്ന ഫ്ളാറ്റുകളിലേക്ക് നിലവിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് വരുന്നത്.

പ്രസ്തുത വിഷയത്തിൽ ബോർഡ് അധികൃതരുടെ സത്വര ശ്രദ്ധയുണ്ടാകേണ്ടതും ആർട്ടിക്കിൾ ഓഫ് മാനേജ്മെന്റ് അനുശാസിക്കും പ്രകാരം പുതിയ ഗുണഭോക്തൃ പട്ടിക തയ്യാർ ചെയ്തു തുടർഅലോട്ട്മെന്റുകൾ നടത്തേണ്ടതുമാണ്. പരമാവധി കാലാവധി പൂർത്തിയാക്കിയ എല്ലാ അലോട്ടികളേയും ഒഴിവാക്കി മറ്റുള്ളവർക്ക് കൂടി അവസരം ലഭ്യമാക്കാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

6.3. <u>സേവന നികുതി ഒടുക്കുവരുത്തിയില്ല</u>

ഡിവിഷൻ ഓഫീസിന് സ്വന്തമായി വാഹന സൗകര്യം ഇല്ലാത്തതിനാൽ ഓഫീസ് ആവശ്യത്തിനായി പ്രതിമാസം 1500 കിലോ മീറ്ററിന് 26,500/- രൂപ വാടക നിരക്കിൽ 01.07.2016 മുതൽ ശ്രീ.സന്തോഷ്കുമാർ.എസ് (KL-01-BF-2202) എന്ന വ്യക്തിയുടെ വാഹനം വാടകയ്ക്കെടുത്തിരുന്നു. 2016-2017 കാലയളവിലെ 07/2016 മുതൽ 02/2017 വരെയുള്ള മാസങ്ങളിലെ വാഹന വാടകയായി ടിയാൾക്ക് 2,09,880/- രൂപ (26,235 x 8) നൽകിയിട്ടുണ്ട്. 26,500/- രൂപയിൽ നിന്ന് പ്രതിമാസം ആദായ നികുതിയായി 1% കുറവുവരുത്തിയിട്ടുണ്ട്. തുക നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വൗച്ചർ നമ്പർ / തീയതി	തുക
1	296 / 10.08.2016	26,235
2	353 / 08.09.2016	26,235
3	421 / 07.10.2016	26,235
4	457 / 05.11.2016	26,235
5	526 / 09.12.2016	26,235
6	576 / 05.01.2017	26,235
7	653 / 09.02.2017	26,235
8	701 / 06.03.2017	26,235
ആകെ തുക		2,09,880

ശ്രീ.സന്തോഷ്കുമാറുമായി ഏർപ്പെട്ടിട്ടുള്ള കരാർ വ്യവസ്ഥ പ്രകാരം സേവന നികുതിയായ 15% ൽ 7 1/2 % ഭവന നിർമ്മാണ ബോർഡും 7 1/2 % വാഹന ഉടമയുമാണ് ഒടുക്കു വരുത്തേണ്ടത്. ബോർഡ് പ്രതിമാസം 26500/- ന്റെ 7 1/2 % ആയ 1988/- രൂപ

ഒടുക്കുവരുത്തിയിട്ടുണ്ട്. എന്നാൽ വാഹന ഉടമയ്ക്ക് നൽകിയ തുകയിൽ നിന്ന് സേവന നികുതി കുറവുവരുത്തി ഒടുക്കുവരുത്തുകയോ വാഹന ഉടമ സേവന നികുതി ഒടുക്കുവരുത്തിയെങ്കിൽ ആയതിന്റെ രസീതുകൾ വാങ്ങി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (2/16-17 തീയതി 17.10.2017) കരാറുകാരൻ സേവന നികുതി അടച്ചതിന്റെ രസീതുകൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട് എന്നാണ് മറുപടി നൽകിയിട്ടുള്ളത്.

വാഹന ഉടമ 2016-2017-ൽ ഒടുക്കുവരുത്തേണ്ട സേവന നികുതിയായ 15904/- (1988 x 8) രൂപ ഈടാക്കി ഒടുക്കുവരുത്തേണ്ടത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചുമതലയായതിനാൽ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ടി തുക ഈടാക്കി സേവന നികുതി ഒടുക്കുവരുത്തേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

6.4. <u>കോൺട്രാക്ടേഴ്സ് ലെഡ്ജർ എഴുതി സൂക്ഷിക്കുന്നില്ല.</u>

ഭവന നിർമ്മാണ ബോർഡ് തിരുവനന്തപുരം ഡിവിഷൻ നം.2 ഓഫീസിൽ മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച കോൺട്രാക്ടേഴ്സ് ലെഡ്ജർ എഴുതി സൂക്ഷിക്കുന്നില്ല. വിവിധ പ്രവൃത്തികളിൽ കരാറുകാരുമായുള്ള കണക്കുകളുടെ വിശദാംശങ്ങൾ CPWA Form 43 പ്രകാരം എഴുതി സൂക്ഷിക്കേണ്ടതാണ്. കോൺട്രാക്ടേഴ്സ് ലെഡ്ജറിൽ ഓരോ കരാറുകാരന്റെയും വ്യക്തിഗത അക്കൗണ്ടുകൾക്കായി പ്രത്യേകം പേജുകൾ അനുവദിക്കേണ്ടതാണ്. ലെഡ്ജറിൽ കോൺട്രാക്ടറുടെ പേര്, ബിൽ/വൗച്ചർ വിവരങ്ങൾ, ചെക്ക് നമ്പർ/തീയതി, അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ, മെറ്റീരിയൽസ് വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ, പ്രവൃത്തിയുടെ പേര്, പ്രവൃത്തിയുടെ മൂല്യം, ബാലൻസ് തുകയുടെ വിവരം, അഭിപ്രായം, കോൺട്രാക്റുടെ ഒപ്പ് / വിരലടയാളം മുതലായവ രേഖപ്പെടുത്തേണ്ടതാണ്. ലെഡ്ജറിലെ രേഖപ്പെടുത്തലുകൾ ഡിവിഷണൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഭാവിയിൽ കോൺട്രാക്ടേഴ്സ് ലെഡ്ജർ എഴുതി സൂക്ഷിക്കേണ്ടതും പരിശോധനാ വേളയിൽ ഹാജരാക്കേണ്ടതുമാണ്.

6.5. <u>കൺസൾട്ടൻസി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല.</u>

ഭവന നിർമ്മാണ ബോർഡ്, തിരുവനന്തപുരം ഡിവിഷൻ നം.2-ൽ ഏറ്റെടുത്ത് നടപ്പാക്കുന്ന കൺസൾട്ടൻസി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല. സാമൂഹ്യനീതി വകുപ്പിന്റെ കൺസൾട്ടൻസി പ്രവൃത്തികളാണ് മുഖ്യമായും ഡിവിഷൻ നം.2-ൽ നടപ്പാക്കിവരുന്നത്. 2015-2016-ൽ ആരംഭിച്ച പ്രവൃത്തികളിൽ ഭൂരിഭാഗവും നാളിതുവരെയും പൂർത്തീകരിക്കാൻ ഡിവിഷൻ ഓഫീസിന് കഴിഞ്ഞിട്ടില്ല. സാമൂഹ്യനീതി വകുപ്പിന്റെ അനക്സ് കെട്ടിടത്തിന്റെ റാംപിന്റെ പ്രവൃത്തി മാത്രമാണ് 2016-2017-ൽ പൂർത്തിയാക്കി ഫൈനൽ ബിൽ തുക നൽകാൻ കഴിഞ്ഞത്. പ്രവൃത്തികൾ തമ്മിലുള്ള ഏകോപനത്തിന്റെ അഭാവം കാരണം പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടു. സാമൂഹ്യനീതി വകുപ്പിന്റെ മറ്റ് പ്രവൃത്തികളെല്ലാം തന്നെ മന്ദഗതിയിലാണ് നടന്നുവരുന്നത്.

സാമൂഹ്യ നീതി വകുപ്പ് - അനക്സ് കെട്ടിടം വെർട്ടിക്കൽ എക്സ്റ്റൻഷൻ (എസ്റ്റിമേറ്റ് തുക 22,66,948/- രൂപ) അനക്സ് കെട്ടിടം ട്രസ് വർക്ക് (എസ്റ്റിമേറ്റ് തുക 52,86,443/- രൂപ) ഇലക്ട്രിക്കൽ

വർക്ക് (എസ്റ്റിമേറ്റ് തുക 5,97,769/- രൂപ) എന്നീ പ്രവൃത്തികൾ നാളിതുവരെ പൂർത്തിയാക്കി ഫൈനൽ ബിൽ തുക നൽകിയിട്ടില്ല.

ഭവന നിർമ്മാണ ബോർഡ് മേഖലാ എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് വിവിധ കത്തുകൾ പ്രകാരം കൺസൾട്ടൻസി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടു പോലും ഊർജ്ജിത നടപടികൾ സ്വീകരിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കാൻ ഡിവിഷന് കഴിഞ്ഞിട്ടില്ല. വിവിധ പ്രവൃത്തികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും ഏകോപനത്തിലും ഗുരുതരവീഴ്ചയാണ് ഡിവിഷന് സംഭവിച്ചത്. പണി പൂർത്തിയാക്കുന്നതിൽ വീഴ്ചവരുത്തുന്ന കരാറുകാർക്കെതിരെ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്. സമയബന്ധിതമായി ഗുണമേന്മയോടുകൂടി പ്രവൃത്തികൾ പൂർത്തിയാക്കിയാൽ മാത്രമേ സർക്കാർ, മറ്റ് സർക്കാർ ഏജൻസികൾ തുടങ്ങിയവയുടെ കൂടുതൽ പ്രവൃത്തികൾ ഭവന നിർമ്മാണ ബോർഡിനെ വിശ്വസിച്ച് ഏൽപ്പിക്കുകയുള്ളു. ബോർഡിന്റെ നിലനിൽപ്പിനെ ബാധിക്കുന്ന വിഷയമായതിനാൽ ബോർഡ് അധികൃതർ ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

7. ഡിവിഷൻ ഓഫീസ് - കൊല്ലം

പ്രത്യേക പരാമർശമില്ല.

8. ഡിവിഷൻ ഓഫീസ് - പത്തനംതിട്ട

പ്രത്യേക പരാമർശമില്ല.

9. ഡിവിഷൻ ഓഫീസ് - ആലപ്പുഴ

9.1. <u>അസ്സൽ രസീതിന്റെ അഭാവത്തിൽ 1,23,768/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.</u>

കേരള കെട്ടിട തൊഴിലാളി ക്ഷേമനിധി വിഹിതമായി ഹരിപ്പാട് റവന്യൂ ടവർ നിർമ്മാണ കരാറുകാരനായ ശ്രീ.കെ.വി.ജോസഫ് & സൺസിൽ നിന്നും ഈടാക്കിയിട്ടുണ്ട്. പ്രസ്തുത തുക ക്ഷേമനിധി ബോർഡിൽ ഒടുക്കുവരുത്തുന്നതിനായി 1,23,768/- രൂപ ചെലവഴിച്ചിട്ടുണ്ട് (ചെക്ക് നം.347007/19.07.2016). തുക ചെലവ് ചെയ്തിട്ടുണ്ടെങ്കിലും കെട്ടിട തൊഴിലാളി ക്ഷേമനിധിയിൽ നിന്നുള്ള രസീത് ഫയലിൽ ലഭ്യമല്ല. ആയതിനാൽ 1,23,768/- (ഒരു ലക്ഷത്തി ഇരുപത്തി മൂവായിരത്തി എഴുന്നൂറ്റി അറുപത്തിയെട്ട് രൂപ) രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

9.2. <u>സർക്കാർ നിഷ്കർഷിച്ച അളവിൽ അധികമായി വീടു പണി നടത്തി സബ്സിഡി തുകയായ 50,000/- രൂപ തിരികെ ഈടാക്കണം. (ഫയൽ നം.AGHS-60)</u>

ശ്രീ.പ്രദീപ്.പി, കായൽപ്പറമ്പ്, നെടുമ്പ്രക്കാട് എന്ന വ്യക്തിക്ക് ഗൃഹശ്രീ ഭവന പദ്ധതിയിൽ ആനുകൂല്യം നൽകുകയുണ്ടായി. നിർമ്മാണ പുരോഗതി വിലയിരുത്തി മൂന്ന് ഗഡു തുക (2,50,000/- രൂപ) അനുവദിച്ചു. നാലാം ഗഡു തുക അനുവദിക്കുന്നതിനായി ടിയാൻ അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ ചുമതലയുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 08.10.2015, 27.10.2015, 03.11.2015 എന്നീ തീയതികളിൽ നിർമ്മാണ പുരോഗതി വിലയിരുത്തി

റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ ഗുണഭോക്താവ് മേൽക്കൂര പൂർണ്ണമായും കോൺക്രീറ്റ് ചെയ്തിട്ടില്ലായെന്നും, അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ളാനിൽ നിന്നും വ്യത്യസ്തമായി മുറികളുടെ എണ്ണം കൂട്ടിയതായും പ്ളിന്ത് ഏരിയ 92.15 ചതുരശ്ര മീറ്റർ വിസ്തീർണ്ണം ഉള്ളതായും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഗൃഹശ്രീ ഭവന പദ്ധതിയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പരമാവധി അളവിൽ (66 എം.സ്ക്വയർ) അധികമായി വീടു പണി നടത്തിയതിനാൽ തുടർ ഗഡുക്കൾ അനുവദിക്കേണ്ടതില്ല എന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ടിയാന് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഒന്നാം ഗഡു തുക	50,000/-	ചെക്ക് നം.193244/28.04.2015
രണ്ടാം ഗഡു തുക	1,00,000/-	ചെക്ക് നം.247643/31.07.2015
മൂന്നാം ഗഡു തുക	1,00,000/-	ചെക്ക് നം.248961/07.09.2015

മൂന്നാം ഗഡുവായി അനുവദിച്ച 1,00,000/- രൂപയിൽ ഗുണഭോക്തൃ വിഹിതം കിഴിച്ച് സർക്കാർ സബ്സിഡിയായ 50,000/- രൂപ പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ തറ വിസ്തീർണ്ണം അധികരിച്ച് ഭവന നിർമ്മാണം നടത്തിയിട്ടും രണ്ടും മൂന്നും ഗഡുക്കൾ അനുവദിക്കാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്.

9.3. പേരൂർ കോളനി സാംസ്കാരിക നിലയം - ചുറ്റുമതിൽ നിർമ്മാണം സംബന്ധിച്ച്.

പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിൽപ്പെട്ട പേരൂർ കോളനി സാംസ്കാരിക നിലയത്തിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവൃത്തി ബോർഡ് മുഖേന ഡെപ്പോസിറ്റ് വർക്കായി നടത്തിയിട്ടുണ്ട്. രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തിയിലുൾപ്പെട്ട ചുറ്റുമതിൽ, യാഡ് പേവിങ്, ഓടനിർമ്മാണം എന്നിവയിൽ ഓടനിർമ്മാണം പൂർത്തീകരിച്ചതായും മതിൽ നിർമ്മാണം, 2012 PWD നിരക്കിൽ ആദ്യം എസ്റ്റിമേറ്റെടുത്തത്, CPWD നിരക്കിലേക്ക് മാറ്റിയതായി പഞ്ചായത്തിനെ അറിയിച്ചും കാണുന്നു (എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത് നം.എ/ഡിബി/1244/2012 തീയതി 04.03.2016). ആദ്യ എസ്റ്റിമേറ്റായ 1,06,931/- രൂപയ്ക്ക് 29.12.2016-ൽ അനുമതി നൽകിയതായി 29.12.2016-ലെ എ4-2015/2016-ാം നമ്പർ കത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട് (ടി പഞ്ചായത്ത് കമ്മിറ്റിയുടെ 06.12.2016-ലെ II-ാം നമ്പർ തീരുമാനം). എന്നാൽ DSR പ്രകാരം 1,36,043/- രൂപയായി എസ്റ്റിമേറ്റ് പുതുക്കുകയുണ്ടയി. ടി പ്രവൃത്തി ഓഡിറ്റ് കാലയളവിൽ പൂർത്തീകരിച്ചിട്ടില്ല. ആയത് പഞ്ചായത്ത് കമ്മിറ്റിയുമായി ബന്ധപ്പെട്ട് അനുമതി വാങ്ങി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

9.4. പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം സംബന്ധിച്ച്.

പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിന്റെ പുതിയ ഓഫീസ് കെട്ടിട നിർമ്മാണത്തിനായി ബോർഡുമായി ഏർപ്പെട്ട കരാറിന്റെ കാലാവധി 30.11.2014 ആയിരുന്നു. എന്നാൽ പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നതിൽ കാലതാമസം നേരിട്ടതിനാലും ലോകബാങ്ക് ധനസഹായ തുക ലഭ്യമാകുവാൻ വൈകിയതിനാലും നിർമ്മാണ പ്രവർത്തനം വൈകി. ഈ സാഹചര്യത്തിൽ

എസ്റ്റിമേറ്റ് റ്റി.എസ് തുകയിൽ മാറ്റമില്ലാതെ 31.01.2016 നിർമ്മാണ കാലാവധിയായി അംഗീകരിച്ച് ടി പഞ്ചായത്ത് ബോർഡുമായി ഒരു സപ്ളിമെന്ററി കരാർ ഒപ്പുവച്ചു.

കരാർ പ്രകാരമുള്ള നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കി ബോർഡ് സമർപ്പിച്ചിട്ടുള്ള വർക്ക് ബിൽ തുകയിൽ കരാറുകാരന്റെ 10% ലാഭവിഹിതം ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ള യൂണിറ്റ് നിരക്കാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ കെ.എസ്.എച്ച്.ബി ഒരു അക്രഡിറ്റഡ് ഏജൻസി ആയതിനാലും ബോർഡ് ഡയറക്ട് എക്സിക്യൂഷൻ നടത്തുന്നതിനാലും ലാഭവിഹിതം ഒഴിവാക്കി മാത്രമേ കരാറുകാരൻ പ്രവൃത്തിയുടെ നിരക്കുകൾ ലഭ്യമാക്കാവൂ. ഇത് ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോർഡിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 30.03.2017-ൽ കത്ത് നൽകിയിരുന്നു.

ഫൈനൽ ബിൽ തുകയിൽ തെറ്റായി ലാഭവിഹിതം ഉൾപ്പെടുത്തിയ വിവരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു എന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.05/2017 ന് മറുപടിയായി ലഭിച്ചത്. പ്രസ്തുത വിഷയം സംബന്ധിച്ച് സത്വരനടപടികൾ ബോർഡ് മേധാവികൾ സ്വീകരിക്കേണ്ടതാണ് എന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

9.5. ഹരിപ്പാട് റവന്യൂ ടവർ - നിർമ്മാണ പുരോഗതി സംബന്ധിച്ച്.

ഹരിപ്പാട് റവന്യൂ ടവർ 2 വർഷംകൊണ്ട് പൂർത്തീകരിക്കാനാണ് 12.02.2013-ലെ A/1/DB/RT/2011 ഉത്തരവിലൂടെ ലക്ഷ്യമിട്ടത്. ഇതിനായി 20,38,11,975/- രൂപ വകയിരുത്തിയിരുന്നു. രണ്ട് വർഷക്കാലയളവിൽ പണി പൂർത്തീകരിക്കണമെന്ന വ്യവസ്ഥയിൽ 19.92 കോടി രൂപക്ക് ടവർ നിർമ്മാണത്തിന് സർക്കാർ ഭരണാനുമതി നൽകി.

മുൻവർഷ റിപ്പോർട്ടിൽ പ്രതിപാദിച്ചിരുന്നതു പോലെ 7455.78 ചതുരശ്ര മീറ്ററിൽ 8 നിലകളിലായി കെട്ടിട സമുച്ചയം നിർമ്മിക്കാനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. വിവിധ കട മുറികളിൽ നിന്ന് വാർഷിക വാടകയിനത്തിൽ ഡെപ്പോസിറ്റ് ഉൾപ്പെടെ ആദ്യ വർഷം 101.7 ലക്ഷം രൂപയും തുടർന്നുള്ള വർഷങ്ങളിൽ 54.18 ലക്ഷം രൂപയും പ്രതീക്ഷിച്ചിരുന്നു.

കെ.യു.ജോസഫ് ആന്റ് സൺസ് പ്രൈവറ്റ് ലിമിറ്റഡിനെ പണി ഏൽപ്പിക്കുകയും ടവറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. ടി സ്ഥാപനം ബാങ്ക് ഗ്യാരന്റിയായി 33,55,767/- രൂപയും സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി FD receipt No.H-953982 തീയതി 06.11.2015 പ്രകാരം 33,55,707/- രൂപയും (ഫെഡറൽ ബാങ്ക്, എടപ്പള്ളി ശാഖ) നൽകിയതായി 07.11.2015-ലെ DB/930/RT/HPD/2015/WORKS കത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രസ്താവിച്ചിരിക്കുന്നു. നിർമ്മാണ പ്രവൃത്തിക്കായി സൈറ്റ് 11.11.2015-ൽ കൈമാറുകയുണ്ടായി. അംഗീകരിച്ച PAC 13,42,30,666/- രൂപയും നിർമ്മാണ എഗ്രിമെന്റ് 1/CE/KSHB/AGMT/2015-2016 തീയതി 11.11.2015 ഉം ആണ്.

ടി ടവറിന്റെ പൈലുകൾ 8 മുതൽ 8.50 മീറ്റർ വരെ ആഴത്തിൽ നിർമ്മിക്കാനാണ് പ്ലാനിൽ പറഞ്ഞിരുന്നത്. എന്നാൽ N Value വും മണ്ണ് സ്ട്രാറ്റയുടെ വ്യതിയാനം മൂലവും ചില പൈലുകൾ 17 മുതൽ 19.50 മീറ്റർ ആഴത്തിൽ നിർമ്മിക്കുകയുണ്ടായതായി 11.01.2016-ലെ

DB/930/ആർ.റ്റി/എച്ച്.പി.ഡി/2015/വർക്സ് കത്ത് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ ചീഫ് എഞ്ചിനീയറുടെ ശ്രദ്ധയിൽപ്പെടുത്തിയിരിക്കുന്നു. കെട്ടിട നിർമ്മാണത്തിന്റെ ആദ്യ ഘട്ടത്തിൽ തന്നെ ഉചിതമായതും കൃത്യമായതുമായ സോയിൽ ടെസ്റ്റ് നടത്തിയിരുന്നെങ്കിൽ ഇപ്രകാരം വ്യതിയാനം വരികയില്ലായിരുന്നു. ബ്ളോക്ക് രണ്ടിന്റെ സ്ട്രക്ചറൽ ഡ്രായിങ് മാത്രമേ ലഭിച്ചിട്ടുള്ളുവെന്നും ബ്ളോക്ക് 1-ന്റെ ഡ്രായിങ് ലഭിക്കാത്തതിനാൽ പണി സ്തംഭനാവസ്ഥയിലാണെന്നും (Stand still stage) കോൺട്രാക്ടിങ് ഫോം 06.06.2016-ൽ അറിയിച്ചു കാണുന്നു. കൃത്യസമയത്ത് സ്ട്രക്ചറൽ ഡ്രായിങ് നൽകാത്തത് ബോർഡിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. 12.01.2017-ലെ ഡി.ബി.930/RT/HPD/2015/വർക്സ് നമ്പരായ കത്തിൽ കെട്ടിടത്തിന്റെ സ്ട്രക്ചറൽ പണികളും ഓവർ ഹെഡ് വാട്ടർ ടാങ്കിന്റെ പണിയും പൂർത്തീകരിച്ചതായും പാർട്ടീഷ്യൻ പണികൾ 85% ഉം സീലിങ്/പ്ളാസ്റ്ററിങ് പണികൾ 80% ഉം ഭിത്തി തേപ്പ് പണികൾ 60% ഉം പൂർത്തിയായതായി എക്സിക്യൂട്ടീവ് എഞ്ചിനീയർ ജില്ലാ കളക്ടറെ അറിയിച്ചിരുന്നു. എന്നാൽ 21.02.2017-ലെ DB/930/RT/HPD/2015/WORKS/VOL.II നമ്പർ കത്തിൽ സ്ട്രക്ചറൽ വർക്ക് കംപ്ളീഷൻ വരെയുള്ള പണികൾ ദ്രുതഗതിയിൽ നടത്തിയെങ്കിലും നിലവിൽ വളരെ മന്ദഗതിയിലാണ് പ്രവൃത്തിയെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ കോൺട്രാക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഈ സാഹചര്യത്തിൽ, പ്രവർത്തി എത്രയും വേഗത്തിൽ പൂർത്തികരിക്കാൻ വേണ്ടുന്ന സക്രിയ നടപടികൾ ബോർഡിന്റെ ഭാഗത്തു നിന്നുമുണ്ടാകേണ്ടതാണ്.

10 ഡിവിഷൻ ഓഫീസ്, കോട്ടയം

10.1. ലിഫ്റ്റ് നവീകരണം - ഇ-ടെണ്ടർ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

കോട്ടയം ഡിവിഷൻ ഓഫീസിന്റെ കീഴിലുള്ള ചങ്ങനാശ്ശേരി റവന്യൂ ടവറിലെ 1-ാം നമ്പർ ലിഫ്റ്റ് നവീകരിച്ച ഇനത്തിൽ 532594/- രൂപ ചെലവഴിച്ചിട്ടുണ്ട്. (വൗച്ചർ നം.545/17.11.2016, ചെക്ക് നം.336723/17.11.2016). പ്രസ്തുത പ്രവൃത്തി M/s Axis Elevators & Escalators എന്ന സ്ഥാപനത്തിനാണ് അനുവദിച്ചു നൽകിയത് വർക്ക് ബിൽ പരിശോധിച്ചതിൽ നിന്നും എസ്റ്റിമേറ്റിൽ നിന്നും 5% കുറവ് നിരക്കിലാണ് അനുവദിച്ച് നൽകിയതെന്ന് കാണുന്നു. കൂടാതെ നെഗോസിയേഷൻ പ്രകാരം 2 1/2% കൂടി കുറച്ചാണ് ബിൽ നൽകിയിരിക്കുന്നത്.

എന്നാൽ പ്രസ്തുത പ്രവൃത്തി സ്ഥാപനത്തിന് അനുവദിച്ചു നൽകിയതു സംബന്ധിച്ച ഇ-ടെണ്ടർ രേഖകൾ (പങ്കെടുത്തവരുടെ വിശദാംശങ്ങൾ, സമർപ്പിച്ച നിരക്കുകൾ മുതലായവ) പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്, പ്രസ്തുത രേഖകൾ എറണാകുളം റീജിയണൽ ഓഫീസിലാണ് സൂക്ഷിച്ചിട്ടുള്ളത് എന്നാണ് അറിയിച്ചത്. ടി രേഖകൾ ശേഖരിച്ച് അടിയന്തിരമായി പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതാണ്.

11 ഡിവിഷൻ ഓഫീസ്, ഇടുക്കി (കട്ടപ്പന)

11.1. പെരിയാർ ടൈഗർ റിസർവ്വ് - കഫ്റ്റേരിയ കം-എന്റർടെയിൻമെന്റ് സെന്റർ നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പെരിയാർ ടൈഗർ റിസർവ്വ് ഈസ്റ്റ് ഡിവിഷൻ ബോട്ട്ലാന്റിംഗിൽ കഫ്റ്റേരിയ കം എന്റർടെയിൻമെന്റ് സെന്റർ നിർമ്മിക്കുന്നതിനായി കേരള വനം വകുപ്പും സംസ്ഥാന ഭവന

നിർമ്മാണ ബോർഡും 10.11.2013-ൽ കരാറിൽ ഏർപ്പെട്ട് നിർമ്മാണ പ്രവൃത്തികൾ ഭാഗികമായി പൂർത്തീകരിച്ചിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ഹരിത ട്രൈബ്യൂണൽ സതേൺ സോൺ, ചെന്നൈ ഉത്തരവ് പ്രകാരം 15.03.2014-ൽ പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ നിർത്തിവയ്ക്കുകയും ടി കാലയളവ് വരെയുള്ള നിർമ്മാണ പ്രവൃത്തികൾ തിട്ടപ്പെടുത്തി 04/2014-ൽ കോൺട്രാക്ടർക്ക് തുക കൈമാറുകയും ചെയ്തു. ഈയിനത്തിൽ വനം വകുപ്പിൽ നിന്നും 50,47,275/- രൂപ ലഭിച്ചതിൽ ചെലവ് തുകയായ 42,79,575/- രൂപ കിഴിച്ച് ബാക്കി തുകയായ 7,67,700/- രൂപ 9/2016-ൽ വനം വകുപ്പിന് തിരികെ നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ആകെ അടങ്കൽ തുക 69,09,097/- രൂപയായിരുന്നു. കൺസൾട്ടൻസി ചാർജ്ജിനത്തിൽ സർവ്വീസ് ചാർജ്ജുൾപ്പെടെ 2,98,911/- രൂപ ബോർഡിന് ലഭിച്ചിരുന്നു.

21.06.2017-ലെ T.4844/12-ാം നമ്പർ കത്ത് പ്രകാരം ബഹുമാനപ്പെട്ട ട്രൈബ്യൂണലിന്റെ 30.05.2017-ലെ ഉത്തരവിൽ ടി പ്രവൃത്തി സംബന്ധിച്ച് ഉണ്ടായിരുന്ന സ്റ്റേ പിൻവലിച്ചിട്ടുണ്ടെന്നും പ്രസ്തുത സാഹചര്യത്തിൽ നിർമ്മാണ പ്രവൃത്തികൾ അടിയന്തിരമായി പുനരാരംഭിക്കണമെന്നും വനം വകുപ്പ് പെരിയാർ ഈസ്റ്റ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടർ ഭവന നിർമ്മാണ ബോർഡിനെ അറിയിച്ചിരുന്നു. ആയതിലേയ്ക്കായി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി അയയ്ക്കുവാനും ടി കത്തിലൂടെ അറിയിച്ചിരുന്നു. എന്നാൽ കട്ടപ്പന ഡിവിഷൻ ഓഫീസിൽ നിന്നും നാളിതുവരെ വനം വകുപ്പിന് ഇതു സംബന്ധിച്ച് മറുപടി നൽകിയിട്ടില്ല. കട്ടപ്പന ഡിവിഷൻ ഓഫീസിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവൃത്തികൾ പുരോഗമിച്ച് വരുന്നതായി ഓഡിറ്റ് എൻക്വയറി നം.3 ന് മറുപടി നൽകിയിട്ടുണ്ട്. നിലവിലെ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി അടിയന്തിരമായി വനം വകുപ്പിന് സമർപ്പിക്കേണ്ടതാണ്. ബോർഡ് ഡിവിഷൻ ഓഫീസിൽ ഇത്തരം പ്രവൃത്തികൾ നടപ്പാക്കുന്നതിനായി ഉദ്യോഗസ്ഥരുടെ കുറവുണ്ടെങ്കിൽ ഈ വിഷയം അടിയന്തിരമായി ഭവന നിർമ്മാണ ബോർഡ് ഹെഡ് ഓഫീസിൽ റിപ്പോർട്ട് ചെയ്ത് ആവശ്യമായ ഉദ്യോഗസ്ഥരുടെ അഭാവം പരിഹരിക്കേണ്ടതാണ്.

11.2. <u>ലോഗ് ബുക്കിലെ അപാകത - സ്വകാര്യ വാഹനം നിയമവിരുദ്ധമായി ഔദ്യോഗിക ആവശ്യത്തിന് ഉപയോഗിക്കുന്നു.</u>

ബോർഡിന്റെ ഔദ്യോഗികാവശ്യങ്ങൾക്കായി ശ്രീ.സജി എന്ന വ്യക്തിയുമായി കരാർ വച്ചിരിക്കുന്നത് KL-13-D-486 നമ്പർ വാഹനമാണ്. എന്നാൽ ടി വാഹനത്തിന് പുറമേ KL-6-7862, KL-7-AC-5748 എന്നീ നമ്പർ വാഹനങ്ങളും ഔദ്യോഗികാവശ്യത്തിനു ഉപയോഗിക്കുന്നതായി ലോഗ് ബുക്ക് പരിശോധനയിൽ മനസ്സിലാക്കാൻ കഴിഞ്ഞു. മൂന്നു വാഹനങ്ങളും ഇതേ കരാറുകാരന്റെ ഉടമസ്ഥതയിലുള്ളതാണെന്നാണ് വിശദീകരണമായി ലഭിച്ചത്. ഇതിനെ തുടർന്ന് മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റിൽ മേൽപ്പറഞ്ഞ വാഹന രജിസ്റ്റർ നമ്പരുകൾ പരിശോധിക്കുകയുണ്ടായി. പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വാഹന നമ്പർ	വാഹനം	ഇനം
KL-13-D-486	Mahindra	Non Transport
KL-6-7862	Maruti 800	Non Transport
KL-7-AC-5748	TVS Scooty	Non Transport

മൂന്ന് വാഹനങ്ങളും 'Non transport' വിഭാഗത്തിൽപ്പെട്ടവയും മൂന്ന് വ്യക്തികളുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവയുമാണ്. മാത്രമല്ല ഒരു ഇരുചക്രവാഹനമായ 'TVS Scooty' യും ഔദ്യോഗികാവശ്യത്തിന് ഉപയോഗിച്ചിരിക്കുന്നു. ഇതിനെ തുടർന്ന് നൽകിയ ഓഡിറ്റ് അന്വേഷണം നം.5 ന് നാളിതുവരെയായി മറുപടി ലഭ്യമായിട്ടില്ല.

വാഹനത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ കൃത്യമായി പരിശോധിക്കാതെ വാഹന ഉടമയുമായി കരാർ വച്ചത് ബോർഡിന്റെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയായി കാണുന്നു. ലോഗ് ബുക്കിൽ മൂന്ന് വാഹനങ്ങളുടെ നമ്പർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 1-ാം നമ്പർ വാഹനത്തിന്റെ പേരിലാണ് വൗച്ചറുകളെല്ലാം പുറപ്പെടുവിച്ചിട്ടുള്ളത്. മാത്രമല്ല ലോഗ് ബുക്കിലെ രേഖപ്പെടുത്തലുകളിൽ കൃത്യതയുള്ളതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ കരാർ പുന: പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

12. <u>ഡിവിഷൻ ഓഫീസ്, എറണാകുളം</u>

12.1. <u>കുമാരനാശാൻ നഗർ റസിഡൻഷ്യൽ കം കൊമേഴ്സ്യൽ കോംപ്ളക്സ് കെട്ടിടം നിർമ്മാണത്തിൽ കാലതാമസം നേരിടുന്നത് സംബന്ധിച്ച്.</u>

ഉപഭോക്താക്കളിൽ നിന്നും മുൻകൂർ പണം വാങ്ങി പാരസ്പര്യം പദ്ധതിയായി നടപ്പിലാക്കുന്ന എറണാകുളം കുമാരനാശാൻ നഗർ കൊമേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ളക്സ് പദ്ധതിയ്ക്ക് 02.07.2008-ൽ സർക്കാരിന്റെ ഭരണാനുമതി ലഭിച്ചു. 22 ഫ്ളാറ്റുകൾ ഉൾപ്പെട്ട 9.30 കോടി രൂപ ചെലവ് പ്രതീക്ഷിച്ചിരുന്ന പ്രസ്തുത പദ്ധതി 18 മാസം കൊണ്ട് പൂർത്തീകരിച്ച് ഫ്ളാറ്റുകൾ 2009 ഡിസംബറിൽ ഗുണഭോക്താക്കൾക്ക് കൈമാറുവാൻ ലക്ഷ്യമിട്ടിരുന്നു. എന്നാൽ പദ്ധതി ആരംഭിക്കാൻ കാലതാമസം നേരിടുകയും തത്ഫലമായി 20.02.2016-ൽ സർക്കാർ ഉത്തരവ് പുതുക്കുകയും ചെയ്തു. പുതുക്കിയ ഉത്തരവിൻ പ്രകാരം 10 നിലകളിലായി 28 ഫ്ളാറ്റുകൾ ഉൾപ്പെട്ട കൊമേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ളക്സ് കെട്ടിടം നിർമ്മിക്കുന്നതിന് 26.50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിച്ചിരുന്നത്. തുടർന്ന് നടത്തിയ ഡിമാന്റ് സർവ്വേ പ്രകാരം ഫ്ളാറ്റുകളുടെ വിസ്തീർണ്ണം നിജപ്പെടുത്തുകയും ആകെ 33 ഫ്ളാറ്റുകളായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് പ്രകാരം 2017 ജൂണിലാണ് പദ്ധതി പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ നാളിതുവരെയായി പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ബിൽഡിംഗ് പെർമിറ്റ് ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രവൃത്തിയ്ക്കായി ഇതുവരെ ചെലവായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

	വൗച്ചർ നമ്പർ / തീയതി	തുക
മണ്ണ് പരിശോധന നടത്തിയ വകയിൽ	500/19.11.2016	1,18,163/-
Pollution Control Board NOC കൺസന്റ് ഫീസ്	703/28.03.2017	1,80,023/-
Fire NOC	95/06.05.2017	75,951/-
ആകെ		**3,74,137/-**

പദ്ധതി നടത്തിപ്പിൽ കാലതാമസം നേരിട്ടതു വഴി വൻ സാമ്പത്തിക നഷ്ടമാണ് ബോർഡിനുണ്ടായിട്ടുള്ളത്. ഇത് സംബന്ധിച്ച് 24.08.2017-ലെ ഓഡിറ്റ് അന്വേഷണത്തിന് Pollution Control Board ഉദ്യോഗസ്ഥർ സ്ഥല പരിശോധന നടത്തി അനുമതി ഉടൻ ലഭ്യമാക്കുമെന്നും Structural Details കിട്ടിയാലുടൻ Detailed Estimate തയ്യാറാക്കുമെന്നാണ് മറുപടി ലഭിച്ചത്. പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട അടിയന്തിര നടപടികളെടുക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

12.2. <u>ഇടപ്പള്ളി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ - കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കിയില്ല - കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കുന്നത് - സംബന്ധിച്ച്.</u>

ഇടപ്പള്ളിയിലെ വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ കരാർ ശ്രീ.ആന്റണി ജോസഫ് എന്നകരാറുകാരനാണ് നൽകിയിട്ടുള്ളത്. 19.01.2015-ലെ 5/2014-15-ാം നമ്പർ എഗ്രിമെന്റ് പ്രകാരം പ്രസ്തുത വർക്ക് 18.01.2016-ൽ പൂർത്തിയാക്കേണ്ടതാണ്. കൂടുതൽ പൈലിംഗ് പ്രവർത്തികൾ ചെയ്യേണ്ടിവന്നതിനാൽ കരാറുകാരന്റെ അഭ്യർത്ഥന പ്രകാരം പിഴയില്ലാതെ 18.04.2016 വരെ കരാർ നീട്ടി നൽകിയിരുന്നു.

പ്രസ്തുത പ്രവർത്തി സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാത്തതിനെ തുടർന്ന് 5000/- രൂപ പിഴയോടു കൂടി 18.07.2016, 30.10.2016 തീയതികൾ വരെ സമയപരിധി വീണ്ടും നീട്ടി നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി എല്ലാ പ്രവർത്തികളും പൂർത്തിയാക്കിയതായി കാണ ുന്നില്ല. കോൺട്രാക്ടർ പ്രവർത്തി പൂർത്തിയാക്കുന്നതിൽ അലംഭാവം കാണിക്കുന്നതാനയി നിരവധി തവണ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ടെന്റർ നോട്ടീസ് 52(c) പ്രകാരം ആദ്യ എക്സ്റ്റൻഷന് 1% of PAC യും (പരമാവധി 50,000/- രൂപ) അടുത്ത എക്സ്റ്റൻഷന് 2% of PAC യും (പരമാവധി 1 ലക്ഷം രൂപ) പിഴ ഈടാക്കേണ്ടതുണ്ട്. PWD മാന്വൽ പാർട്ട് II[സെക്ഷൻ 2112-1 ലും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഫൈനൽ ബില്ലിൽ നിന്നും നിയമ പ്രകാരമുള്ള പിഴ പൂർണ്ണമായും ഈടാക്കേണ്ടതും ആ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

12.3. <u>ഇടപ്പള്ളി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ - എസ്റ്റിമേറ്റ് അപൂർണ്ണം.</u>

എറണാകളം ഡിവിഷൻ കീഴിലുള്ള ഇടപ്പള്ളി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മാണ ത്തിന് 4 കോടി രൂപയുടെ ഭരണാനുമതി 23.09.2013-ൽ സർക്കാർ ഉത്തരവ് (MS) 28/2013 പ്രകാരം നൽകുകയും സാങ്കേതികാനുമതി 04.01.2014-ൽ ചീഫ് എഞ്ചിനീയർ നൽകുകയും ചെയ്തിട്ടുണ്ട്.

എന്നാൽ പ്രവർത്തി ആരംഭിച്ചതു മുതൽ ഓരോ ഘട്ടത്തിലും അംഗീകരിച്ച എസ്റ്റിമേറ്റിന് പുറമേ വിവിധ പ്രവർത്തികൾ ചെയ്യേണ്ടിവന്നിട്ടുണ്ട്. ഇപ്രകാരം ഓരോ ഘട്ടത്തിലും പുതിയ പുതിയ എസ്റ്റിമേറ്റുകൾ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിന് കാലതാമസം ഉണ്ടാകുകയും പ്രവർത്തി പൂർത്തിയാക്കാനാകാതെ തുടരുകയും ചെയ്യുന്നു. താഴെപ്പറയുന്ന പ്രവർത്തികളാണ് അധികം ചെയ്തത്.

1	അഡീഷണൽ പൈലിംഗ് വർക്ക്	4,45,637
2	കെട്ടിടത്തിന്റെ ഉൾവശം പെയിന്റിംഗ്	2,12,943
3	വാച്ച്മാന്റെ ക്യാബിൻ നിർമ്മാണം	1,22,000
4	ഫർണിച്ചർ വാങ്ങൽ	22,92,974
5	സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്	21,00,000
6	കാനയുടെ ആഴം കൂട്ടൽ	12,25,000
7	അലമാരയുടെ വാതിൽ പണി	4,55,000
ആകെ		**68,53,554**

സാങ്കേതികാനുമതി ലഭിച്ച ശേഷം എസ്റ്റിമേറ്റിലുൾപ്പെടുത്താത്ത മേൽ പ്രവൃത്തികൾ ചെയ്യുന്നതിനായി 68,53,554/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾക്കായി പ്രത്യേകം പ്രത്യേകംഎസ്റ്റിമേറ്റുകൾ തയ്യാറാക്കി അംഗീകാരം വാങ്ങുകയാണുണ്ടായത്. ഇത്തരം നടപടി പ്രവൃത്തി പൂർത്തിയാക്കാനാകാതെ നീണ്ട് പോകുന്നതിന് ഇടയാക്കുന്നു. 01/2016-ൽ പൂർത്തിയാക്കേണ്ടിയിരുന്ന പ്രവൃത്തി ഇതുവരെയായി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. എസ്റ്റിമേറ്റ് തയ്യാർ ചെയ്തതിലെ അലംഭാവവും ഉദാസീനതയുമാണ് പ്രവൃത്തി സമയബന്ധിതമായി പൂർത്തികരിക്കുന്നതിന് തടസ്സമായതായി ഓഡിറ്റ് വിലയിരുത്തുന്നു.

13 ഡിവിഷൻ ഓഫീസ്- തൃശ്ശൂർ

13.1. <u>അപ്രന്റീസ് ട്രെയിനി - സ്റ്റൈപന്റ് തുകയുടെ 50% തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.</u>

ഭവന നിർമ്മാണ ബോർഡ് തൃശ്ശൂർ ഡിവിഷൻ ഓഫീസിന് കീഴിൽ 2016-2017 കാലയളവിൽ ചുവടെ പറയുന്ന പരിശീലനാർത്ഥികൾ പരിശീലനത്തിനായി ഉണ്ടായിരുന്നു. ഇവരുടെ പേരു വിവരവും സ്റ്റൈപന്റ് നൽകിയതിന്റെയും വിശദാംശം ചുവടെ ചേർക്കുന്നു.

എ) അതുല്യ.സി.എസ്, ഗ്രാജുവേറ്റ് അപ്രന്റീസ് ട്രെയിനി, സ്റ്റൈപന്റ് @ 4984/- പ്രതിമാസം

10/2016 - 4180

11/2016 - 4984

12/2016 - 4984

01/2017	-	4984
02/2017	-	4984
ആകെ	-	24116

ബി) തൃഷ്ണ.എ.എസ്, ഡിപ്ലോമ അപ്രന്റീസ് ട്രെയിനി, സ്റ്റൈപന്റ് @ 3542/- പ്രതിമാസം

10/2016	-	2971
11/2016	-	3542
12/2016	-	3542
01/2017	-	3542
02/2017	-	3542
ആകെ	-	17139

സി) ഹരിത.പി.വേണുഗോപാൽ, ഡിപ്ലോമ അപ്രന്റീസ് ട്രെയിനി, സ്റ്റൈപന്റ് @ 3542/- പ്രതിമാസം

10/2016	-	1714
11/2016	-	3542
ആകെ	-	5256

ഡി) ജിത്തു ചന്ദ്രൻ, ഐ.റ്റി.ഐ അപ്രന്റീസ് ട്രെയിനി, സ്റ്റൈപന്റ് @ 2800/- പ്രതിമാസം

03/2016	-	2800
04/2016	-	2800
05/2016	-	2800
06/2016	-	2800
07/2016	-	2800
08/2016	-	2800
09/2016	-	2800
10/2016	-	2800
11/2016	-	2800
12/2016	-	2800

01/2017	-	2800
ആകെ	-	30348

ഇ) ജിഷ്ണു.വി.എസ്, ഐ.റ്റി.ഐ അപ്രന്റീസ് ട്രെയിനി, സ്റ്റൈപന്റ് @ 2800/- പ്രതിമാസം

03/2016	-	2800
04/2016	-	2800
05/2016	-	2800
06/2016	-	2800
07/2016	-	2710
ആകെ	-	13910

മേൽ അപ്രന്റീസ് ട്രെയിനികൾക്കായി സ്റ്റൈപന്റ് ഇനത്തിൽ ആകെ 90,769/- രൂപ നൽകിയിട്ടുണ്ട്. ഗ്രാജുവേറ്റ് / ഡിപ്ലോമാ അപ്രന്റീസ് ട്രെയിനികൾക്ക് അനുവദിച്ചു നൽകിയ സ്റ്റൈപന്റ് തുകയുടെ 50% വും ഐ.റ്റി.ഐ അപ്രന്റീസ് ട്രെയിനികൾക്ക് അനുവദിച്ചു നൽകിയ സ്റ്റൈപന്റ് തുകയുടെ 25% വും സർക്കാരിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള സത്വര നടപടികൾ ഡിവിഷൻ ഓഫീസിൽ നിന്നും സ്വീകരിക്കേണ്ടതാണ്.

13.2. ഡിവിഷൻ ഓഫീസിൽ വാഹന സൗകര്യമില്ല.

തൃശ്ശൂർ ഡിവിഷൻ ഓഫീസിന്റെ കീഴിൽ 35 കിലോമീറ്ററോളം ചുറ്റളവിൽ വിവിധ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കലാമണ്ഡലം കല്പിത സർവ്വകലാശാല മെസ് ഹാൾ, മുളങ്കുന്നത്തുകാവ് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, കുട്ടനല്ലൂർ RHS ഇന്നവേറ്റീവ് പദ്ധതി, ചാലക്കുടി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, ചാലക്കുടി റവന്യൂ ടവർ, മതിലകം മിനി സിവിൽ സ്റ്റേഷൻ, ഇരിങ്ങാലക്കുട പാരസ്പര്യം പദ്ധതി മുതലായവയാണ് പുരോഗമിച്ചുവരുന്നത്. മേൽ നിർമ്മാണ പ്രവൃത്തികളുടെ നിരീക്ഷണത്തിനും, ബോർഡിന്റെ വിവിധ വായ്പാ കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുമായി നിലവിൽ ഡിവിഷൻ ഓഫീസിൽ വാഹന സൗകര്യമില്ല. ഓരോ ആവശ്യത്തിനായി ഓരോ തവണയും ടാക്സി വാടകയ്ക്കെടുത്താണ് മേൽ ആവശ്യങ്ങൾ നിറവേറ്റിവരുന്നത്. ഇത് ഒട്ടേറെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. പ്രതിമാസ വാടകയിനത്തിൽ വാഹന സൗകര്യം ലഭ്യമാക്കുന്നതിനായി പലപ്രാവശ്യം ക്വട്ടേഷനുകൾ ക്ഷണിച്ചുവെങ്കിലും അനുവദനീയമായ നിരക്കിൽ വാഹനം ലഭ്യമാക്കുന്നതിന് വാഹന ഉടമകൾ തയ്യാറാവുന്നില്ല. ഇക്കാര്യത്തിൽ ഭവന നിർമ്മാണ ബോർഡിന്റെ അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു.

13.3. ഇന്നവേറ്റീവ് (അത്താണി) ഭവന പദ്ധതി - ഭവന നിർമ്മാണ ബോർഡിന് ബാധ്യതയാകുന്നു.

ഇന്നവേറ്റീവ് ഹൗസിംഗ് സ്കീം ആർട്ടിക്കിൾ മാനേജ്മെന്റ് അനുച്ഛേദം 10 പ്രകാരം യൂണിറ്റ് ഒന്നിന് പ്രതിമാസം 1000/- രൂപ വീതമാണ് ഈടാക്കുന്നത്. ആയതിൽ 600/- രൂപ വാടകയും 300/-

രൂപ പൊതുപരിപാലന ചെലവും 100/- രൂപ അറ്റകുറ്റപ്പണികൾക്കുമുള്ളതാണ്. ടി ആർട്ടിക്കിൾ അനുച്ഛേദം 17(5) പ്രകാരം വാടക വരവിന്റെ 12.5% ഭവന നിർമ്മാണ ബോർഡിന് മാനേജ്മെന്റ് / സർവ്വീസ് ചാർജ്ജായി ഈടാക്കാവുന്നതാണ്. കുട്ടനെല്ലൂർ അത്താണി ഭവന പദ്ധതിയുടെ 2016-2017 വരവ് ചെലവ് കണക്കുകൾ ചുവടെപ്പറയും പ്രകാരമാണ്.

ചെലവ്		വരവ്	
വിശദാംശങ്ങൾ	**തുക**	**വിശദാംശങ്ങൾ**	**തുക**
കെട്ടിട നികുതി	46,957	യൂണിറ്റുകളിൽ നിന്നുള്ള	
വൈദ്യുതി ചാർജ്ജ്	1,55,988	ആകെ വരവ്	6,29,000
ഖരമാലിന്യ സംസ്കരണം	13,763		
പരിസരം വൃത്തിയാക്കൽ	16,865		
വാഹന വാടക	2,482		
കെയർ ടേക്കർക്കുള്ള വേതനം	36,000		
12.5% ഭവന നിർമ്മാണ ബോർഡിന്	47,175		
സർക്കാർ വിഹിതം 87.5% of 60%	3,30,225		
പാട്ടതുക	1,000	അധിക ചെലവ്	21,455
ആകെ	**6,50,455**	**ആകെ**	**6,50,455**

മുൻവർഷങ്ങളിലും ഇത്തരത്തിൽ അധിക ചെലവാണ് ടി പദ്ധതിയിൽ ഉണ്ടായിരിക്കുന്നത്. കണക്കുകൾ പൂർണ്ണമായും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. പ്രത്യക്ഷത്തിൽ ഉള്ള ഇത്തരം ചെലവുകൾക്ക് പുറമെ ഭവന നിർമ്മാണ ബോർഡിന്റെ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അക്കൗണ്ട്സ് വിഭാഗം, എസ്റ്റാബ്ളിഷ്മെന്റ് വിഭാഗം എന്നീ ജീവനക്കാരുടെ സേവനവും ടി പദ്ധതിക്കായി ഉപയോഗിച്ചുവരുന്നു. ആയത് കൂടി കണക്കിലെടുക്കുമ്പോൾ പദ്ധതി ഭവന നിർമ്മാണ ബോർഡിന് ബാധ്യതയായികൊണ്ടിരിക്കുകയാണ്. സക്രിയ നടപടികളിലൂടെ പദ്ധതി ബോർഡിന് ബാധ്യതയാകുന്നത് ഒഴിവാക്കേണ്ടതാണ്.

13.4. <u>കുട്ടനല്ലൂർ ഭവന നിർമ്മാണ പദ്ധതി - സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല.</u>

ഭവന നിർമ്മാണ ബോർഡ് തൃശ്ശൂർ ഡിവിഷൻ ഓഫീസ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന കുട്ടനെല്ലൂർ ഭവന നിർമ്മാണ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. 07.10.2013-ലെ GO(MS)34/2013/Hsg പ്രകാരം 131 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച പദ്ധതി പ്രകാരം അഞ്ച് ഘട്ടങ്ങളിലായാണ് പ്രസ്തുത പദ്ധതി പൂർത്തീകരിക്കേണ്ടിയിരുന്നത്. പുറമേ നിന്നുള്ള കോൺട്രാക്ടർമാരുമായി കരാറടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കിയത്. നിർമ്മാണ ത്തിലെ നാല് ഘട്ടങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. അഞ്ചാം ഘട്ടത്തിലെ നിർമ്മാണ പ്രവൃത്തികൾ

ആണ് ഇപ്പോൾ നടന്നുവരുന്നത്. ഒരോ ഘട്ടത്തിലും നിർമ്മാണത്തിലെ സമയ ക്ളിപ്തത പാലിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

	കരാർ തീയതി	പൂർത്തീകരിക്കേണ്ട തീയതി	പൂർത്തീകരിച്ച തീയതി
a) Civil work (Labour)	22.03.2014	21.09.2014	30.01.2015
b) Civil Work (Material)	22.03.2014	21.09.2014	30.01.2015
c) Superstructure	17.04.2015	16.01.2016	16.09.2016
d) Electrification	02.11.2016	01.01.2017	പൂർത്തീകരിച്ചു
e) Flooring and Kitchen	06.07.2017	20.08.2017	പൂർത്തീകരിച്ചില്ല

കരാറുകാരുടെ വീഴ്ച മൂലം കാലതാമസം നേരിട്ടതിന് പിഴ ഈടാക്കിയിട്ടുണ്ട്. എന്നിരുന്നാലും പല കാരണങ്ങളാലും പ്രസ്തുത ഭവന നിർമ്മാണ പദ്ധതി യഥാസമയം പൂർത്തീകരിക്കാൻ ബോർഡിന് കഴിഞ്ഞിട്ടില്ല. സർക്കാർ, സർക്കാർ ഇതര ഏജൻസികൾ ഏൽപ്പിക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ സമയബന്ധിതമായി ഗുണമേന്മയോടുകൂടി പൂർത്തീകരിക്കാൻ ബോർഡ് അധികൃതർ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

14. ഡിവിഷൻ ഓഫീസ് - പാലക്കാട്

14.1. ഹാംലറ്റ് ഡവലപ്മെന്റ് പദ്ധതി - അടപ്പു കോളനി - പുരോഗതി സംബന്ധിച്ച്.

2014-2015 വർഷത്തെ ഹാംലറ്റ് ഡവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി മലമ്പുഴ ഗ്രാമപഞ്ചായത്തിലെ അടപ്പ് കോളനിയിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 18.01.2016-ലെ B/1861/14-ാം നമ്പർ ഉത്തരവ് പ്രകാരം കെ.എസ്.എച്ച്.ബിക്ക് 1 കോടി രൂപ അനുവദിച്ചിരുന്നു. ഇതിൽ 47,92,933/- രൂപ ചെലവഴിച്ചിരുന്നു. രണ്ടാം ഘട്ട പദ്ധതിക്കായി 51.324 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന്റെ അംഗീകാരം ജില്ലാ ട്രൈബൽ ഡവലപ്മെന്റ് വർക്കിംഗ് ഗ്രൂപ്പിന്റെ 17.03.2017-ലെ മീറ്റിംഗിൽ നൽകിയിരുന്നു. താഴെപ്പറയുന്ന പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്.

1	കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം	26,34,625
2	കമ്മ്യൂണിറ്റി ഹാൾ വയറിംഗ്	1,61,341
3	കുടിവെള്ള വിതരണ പദ്ധതി - താഴെഅടപ്പു കോളനി	5,19,750
4	കുടിവെള്ള വിതരണ പദ്ധതി - മേലേഅടപ്പു കോളനി	5,83,030
5	കുടിവെള്ള വിതരണ പദ്ധതി - ചേമ്പന	6,02,028
6	നാല് വീടുകളുടെ ഇലക്ട്രിഫിക്കേഷൻ	59,986
7	മറ്റിനം	1,39,240
8	കൺസൾട്ടൻസി ചാർജ്ജ്	4,32,400

ഫയൽ പരിശോധിച്ചതിൽ നിന്നും മേൽ പദ്ധതിക്കായുള്ള പ്രവർത്തനങ്ങൾ 01/2016 മുതൽ ആരംഭിച്ചതായി കാണുന്നു. ആകെ തുകയായ 1 കോടി രൂപയും 2016-ൽ തന്നെ കെ.എസ്.എച്ച്.ബിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് എടുക്കുന്നതിനും അംഗീകരിക്കുന്നതിനും വളരെയധികം കാലതാമസമുണ്ടായിട്ടുണ്ട്. 17.03.2017-ൽ തന്നെ മേൽ പദ്ധതികൾ കമ്മിറ്റി അംഗീകരിച്ചെങ്കിലും സ്ട്രക്ച്ചറൽ ഡ്രോയിംഗ് തയ്യാറാക്കാനോ ടെന്റർ ചെയ്യാനോ നാളിതുവരെയായി കെ.എസ്.എച്ച്.ബിക്ക് സാധിച്ചിട്ടില്ല എന്നത് ഈ ഓഫീസിന്റെ മെല്ലെപ്പോക്കിന് ഉദാഹരണമാണ്. ഏറ്റെടുക്കുന്ന പ്രവൃത്തികൾ പ്രത്യേകിച്ച് കൺസൾട്ടൻസി വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

14.2. സാഫല്യം ഭവന പദ്ധതി - പൂർത്തീയാക്കാനാകാതെ നിർത്തിവെച്ചു.

ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കാൻ തീരുമാനിച്ച സാഫല്യം ഭവന പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് മുൻ റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു. 24 ഫ്ളാറ്റ് യൂണിറ്റുകൾ 75,04,356/- രൂപ അടങ്കൽ തുകയിൽ നിർമ്മിക്കാനായി ടെന്റർ ചെയ്യുകയും ശ്രീ.അബൂബേക്കർ, മൻസിൽ കൺസ്ട്രക്ഷൻസ് എന്ന വ്യക്തിയുടെ 5.01% കുറവ് തുകയ്ക്കുള്ള ടെന്റർ (PAC-71,28,385) അംഗീകരിച്ച് വർക്ക് ഓർഡർ നൽകുയകും 04.03.2016-ൽ കരാറിലേർപ്പെടുകയും ചെയ്തിരുന്നു. ഇതനുസരിച്ച് സൈറ്റ് കൈമാറി ഒരു വർഷത്തികനം വർക്ക് പൂർത്തിയാക്കേണ്ടതായിരുന്നു. 28.07.2016-ൽ സൈറ്റ് കൈമാറിയതനുസരിച്ച് 27.07.2017-ൽ വർക്ക് പൂർത്തിയാക്കേണ്ടതാണെങ്കിലും ഇപ്പോൾ പ്രവൃത്തി താത്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ഫയൽ പരിശോധിച്ചതിൽ നിന്നും താഴെപറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

എ) റിവൈസ്ഡ് എസ്റ്റിമേറ്റ് & അഡി: എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കാൻ കാലതാമസമുണ്ടാകുന്നു.

പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ യഥാസമയം വർക്ക് പൂർത്തീകരിക്കാനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും കെ.എസ്.എച്ച്.ബി ഓഫീസിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ച കാരണം വിവിധ ഘട്ടങ്ങളിൽ പ്രവൃത്തി നീണ്ടുപോയതായി കാണാം. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിന് 6 മാസത്തിൽ കൂടുതൽ കാലതാമസം ഉണ്ടായിട്ടുണ്ട്. കൂടാതെ അഡിഷണൽ വർക്കുകൾ ചെയ്യാനുള്ള എസ്റ്റിമേറ്റ് എടുക്കാനും അംഗീകരിക്കാനും കാലതാമസം ഉണ്ടായിട്ടുണ്ട്.

ബി) എസ്റ്റിമേറ്റ് പൂർണ്ണമല്ല.

ഒരു ഫ്ളാറ്റിനാവശ്യമായ പ്രധാന സൗകര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള എസ്റ്റിമേറ്റല്ല തയ്യാറാക്കിയിട്ടുള്ളത്. ഇലക്ട്രിഫിക്കേഷൻ, പ്ളാസ്റ്ററിംഗ്,, എല്ലാ വാതിലുകൾക്കും ജനലുകൾക്കുള്ള ഡോർ സൗകര്യം, കുടിവെള്ള സൗകര്യം എന്നിവ ഒഴിവാക്കിയവയിൽപ്പെടുന്നു. ഇപ്രകാരം അത്യാവശ്യ സൗകര്യങ്ങൾ ഉൾപ്പെടുത്താതെയുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കി അംഗീകരിച്ചത്. ഇങ്ങനെയുള്ള അപൂർണ്ണമായ നിർമ്മിതി ഏറ്റെടുക്കാൻ ഗുണഭോക്താക്കൾ തയ്യാറാകുന്നില്ല.

സി) ഗുണഭോക്താക്കളോട് അധിക തുക ആവശ്യപ്പെടുന്നു.

പദ്ധതി അനുസരിച്ച് ഒരു ഫ്ളാറ്റിന് 3.5 ലക്ഷം രൂപയാണ് വകയിരുത്തിയത്. 2 ലക്ഷം രൂപ സർക്കാർ സബ്സിഡി, 25,000/- രൂപ ഗ്രാമപഞ്ചായത്ത് വിഹിതം, 1.25 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതം എന്ന രീതിയിൽ ചെലവഴിക്കാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഗുണഭോക്തൃ വിഹിതമായി ആദ്യ ഗഡുവായ 60,000/- രൂപ എല്ലാ ഗുണഭോക്താക്കളും ഒടുക്കിയെങ്കിലും വാസയോഗ്യമായ രീതിയിൽ ഫ്ളാറ്റ് നിർമ്മിക്കാത്തതിനാൽ നാല് പേർ മാത്രമാണ് അടുത്ത ഗഡുവായ 65,000/- രൂപ അടച്ചിട്ടുള്ളത്. കൂടാതെ എല്ലാ ഗുണഭോക്താക്കളും 50,000/- രൂപ വീതം അധികം ഒടുക്കിയാൽ മാത്രമേ ഫ്ളാറ്റ് പൂർത്തിയാക്കി നൽകാൻ സാധിക്കുകയുള്ളൂ എന്ന് കെ.എസ്.എച്ച്.ബി ഓഫീസിൽ നിന്നും അറിയിച്ചിരിക്കുകയാണ്. എന്നാൽ ഗുണഭോക്താക്കൾ ഇതിന് തയ്യാറായിട്ടില്ല.

പദ്ധതി പ്രകാരം ആകെയുള്ള 24 ഫ്ളാറ്റ് യൂണിറ്റുകളിൽ 20 ഗുണഭോക്താക്കളിൽ നിന്നും 65,000/- രൂപ നിരക്കിൽ 13 ലക്ഷം രൂപ മാത്രമാണ് കെ.എസ്.എച്ച്.ബിക്ക് ഇനി കിട്ടാനുള്ളത്. എന്നാൽ നിലവിൽ 25 ലക്ഷത്തിൽപരം രൂപയുണ്ടെങ്കിൽ മാത്രമേ പ്രവൃത്തി പൂർത്തിയാക്കാനാകൂ എന്ന് ഓഫീസ് വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി താത്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. വ്യക്തമായ പ്ളാനിംഗിന്റെ അഭാവത്തിൽ ബോർഡ് ഏറ്റെടുത്ത ഒരു പ്രവൃത്തി കൂടി പരാജയപ്പെടുന്നതായി ഓഡിറ്റ് നിരീക്ഷിക്കുന്നു. ആയതിനാൽ കെ.എസ്.എച്ച്.ബി ബോർഡ് അടിയന്തിരമായി ഇടപെട്ട് ഈ പ്രവൃത്തി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

14.3. ഗവൺമെന്റ് ഒബ്സർവേഷൻ ഹോം, മുട്ടിക്കുളങ്ങര - പണി പൂർത്തിയാക്കാനാകാതെ നീണ്ടുപോകുന്നു.

പാലക്കാട് ജില്ലയിലെ മുട്ടിക്കുളങ്ങരയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഒബ്സർവേഷൻ ഹോമിന് പുതിയ കെട്ടിടം കെ.എസ്.എച്ച്.ബി നിർമ്മിച്ച് നൽകാനുള്ള ഭരണാനുമതി 08.07.2013-ലെ നം.347/13/സാ:നീ:വകുപ്പ് ഉത്തരവ് പ്രകാരം ലഭിച്ചിരുന്നു. ഇതനുസരിച്ച് 1.2 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെന്റർ ചെയ്യുകയും ശ്രീ.അബുത്വാഹിർ എന്ന കോൺട്രാക്ടറുടെ കുറഞ്ഞ നിരക്കിലെ റേറ്റ് അംഗീകരിച്ച് (PAC-9853418) 07.05.2014-ൽ വർക്ക് ഓർഡർ നൽകിയിരുന്നു. എഗ്രിമെന്റ് പ്രകാരം 9 മാസത്തിനുള്ളിൽ (30.04.2015 ന് മുൻപ്) പ്രവൃത്തി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ 8 പ്രാവശ്യം സമയപരിധി നീട്ടി നൽകിയിട്ടും പണി പൂർത്തിയാക്കായിട്ടില്ല. ഫയൽ പരിശോധിച്ചതിൽ നിന്നും കോൺട്രാക്ടറുടെ വീഴ്ചകൊണ്ടാണ് പ്രവൃത്തി നീണ്ട് പോകുന്നതെന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്.

PWD മാന്വൽ സെക്ഷൻ 2112 പ്രകാരം പരമാവധി എക്സ്റ്റൻഷൻ, ആകെ സമയത്തിന്റെ പകുതി മാത്രമേ നൽകാൻ സാധിക്കുകയുള്ളൂ. ഇതനുസരിച്ച് 09/2015 ന് മുൻപ് വർക്ക് പൂർത്തിയാക്കാത്ത പക്ഷം (30.04.2015 മുതൽ 4 1/2 മാസം കഴിഞ്ഞ്) കരാറുകാരെനെതിരെ നിയമനടപടി സ്വീകരിക്കേണ്ടതായിരുന്നു. യഥാസമയം നടപടി സ്വീകരിക്കാത്തതുകൊണ്ട് 2 വർഷം കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തിയാക്കാതെ നീണ്ടുപോകുന്നു.

ആകെ 8 പ്രാവശ്യം കരാറുകാരന് സമയപരിധി നീട്ടി നൽകിയതായി കാണുന്നു. PWD മാന്വൽ 2112-1 പ്രകാരം ആദ്യ തവണ സമയപരിധി നീട്ടി നൽകുന്നതിൽ 1% of PAC (minimum - 1,000, maximum - 50,000) യും തുടർന്നുള്ള ഓരോ തവണയ്ക്കും 2% of PAC (minimum - 2,000, maximum - 1,00,000) യും കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതുണ്ട്. 8 തവണ സമയപരിധി നീട്ടി നൽകിയതിന് ആകെ 65000/- രൂപ മാത്രമാണ് നിലവിൽ ഫൈനായി ഈടാക്കിയിട്ടുള്ളത്. ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ ഫൈൻ കൃത്യമായി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മറ്റ് ഡിപ്പാർട്ട്മെന്റുകളിൽ നിന്നും ലഭിക്കുന്ന വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കി നൽകാൻ സാധിക്കാത്തത് ഹൗസിംഗ് ബോർഡിന്റെ സൽപേരിന് കളങ്കം വരുത്തുന്നുണ്ട്. ഈ ഓഫീസിൽ നിന്നും ഏറ്റെടുത്ത് നടത്തുന്ന ഒരു പ്രോജക്ടും സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. വർക്ക് അടിയന്തിരമായി പൂർത്തിയാക്കി നൽകണമെന്ന് സാമൂഹ്യനീതി വകുപ്പിൽ നിന്നും പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയുടെ ചേമ്പറിൽ നടന്ന 28.06.2016-ലെ മീറ്റിംഗിലും ഇക്കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്. ഏറ്റെടുക്കുന്ന വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

15. ഡിവിഷൻ ഓഫീസ് - മലപ്പുറം

15.1. <u>ഫൈനൽ ബിൽ തയ്യാറായി - പേമെന്റ് നടന്നില്ല.</u>

ഞാറക്കാട് പട്ടികജാതി കോളനി വികസനം എന്ന പ്രവൃത്തിയുടെ കരാർ എടുത്തിരുന്നത് ഏബിൾ ട്രേഡിംഗ് കോൺട്രാക്ടേഴ്സ് ആണ്. ഇവർ നിയോഗിച്ച ശ്രീ.ഷജീം.എ.ഹമീദ് എന്നയാളാണ് പണികൾ പൂർത്തീകരിച്ചത്. ഫൈനൽ ബിൽ പ്രകാരം 8,96,484/- രൂപയാണ് നൽകാൻ ബാക്കി നിൽക്കുന്നത്.

കരാറിൽ ഒപ്പുവെച്ച M/S ഏബിൾ ട്രേഡിംഗ് കോൺട്രാക്ടേഴ്സ്, ശ്രീ.ഷജീമിന് നൽകിയിരുന്ന പവർ ഓഫ് അറ്റോർണി പിൻവലിച്ചതായി 25.10.2016-ൽ ബോർഡിനെ അറിയിച്ചതിനാൽ, ഫൈനൽ പേമെന്റ് നാളിതുവരെ നൽകിയിട്ടില്ല. തുടർന്ന് ശ്രീ.ഷജീം ബഹുമാനപ്പെട്ട കോടതിയെ സമീപിച്ച് പേമെന്റ് സ്റ്റേ ചെയ്യുകയുണ്ടായി. ഈ സാഹചര്യത്തിൽ കോടതി തീരുമാനം വരുന്ന മുറയ്ക്ക് തുക നൽകേണ്ടതാണ്.

15.2. <u>കൺസൾട്ടൻസി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.</u>

മലപ്പുറം ഡിവിഷൻ ഓഫീസ് ഏറ്റെടുത്ത് നടപ്പാക്കുന്ന കൺസൾട്ടൻസി പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല. വിവിധ കാരണങ്ങളാൽ കരാറുകാർക്ക് കരാർ കാലാവധി നീട്ടിനൽകുന്നതായി കാണുന്നു. 2013-2014 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പ്രവൃത്തികൾ പോലും നാളിതുവരെ പൂർത്തിയാക്കി ഫൈനൽ ബിൽ തുക നൽകിയിട്ടില്ല. സിവിൽ വർക്ക്, ഇലക്ട്രിക്കൽ വർക്ക് എന്നിങ്ങനെ വിഭജിച്ച് നൽകിയിട്ടുള്ള പ്രവൃത്തികളിൽ സിവിൽ വർക്ക് മാത്രമാണ് മിക്കവയിലും പൂർത്തീകരിക്കാനായത്. പുതിയതായി കൂടുതൽ കൺസൾട്ടൻസി

പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങളൊന്നും തന്നെ ഡിവിഷൻ ഓഫീസിന്റെ ഭാഗത്ത് നിന്നും കാണുന്നില്ല. സമയബന്ധിതമായും ഗുണമേൻമയോടും കൂടി പദ്ധതികൾ പൂർത്തിയാക്കിയാൽ മാത്രമേ സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും കൂടുതൽ നിർമ്മാണ പ്രവൃത്തികൾ ബോർഡിനെ ഏൽപ്പിക്കുകയുള്ളൂ. കൂടുതൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും സമയക്രമം പാലിച്ച് പൂർത്തീകരിക്കുന്നതിനും ഭവന നിർമ്മാണ ബോർഡ് ശ്രദ്ധിക്കേണ്ടതാണ്. ഡിവിഷൻ ഓഫീസിൽ ജീവനക്കാരുടെ അഭാവമുണ്ടെങ്കിൽ ബോർഡ് ഹെഡ് ഓഫീസുമായി ബന്ധപ്പെട്ട് ഇക്കാര്യം പരിഹരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഡിവിഷൻ ഓഫീസിന്റെ അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു. ഡിവിഷൻ ഓഫീസിൽ നിലവിലുള്ള പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രവൃത്തിയുടെ പേര്	എസ്റ്റിമേറ്റ് തുക (ലക്ഷത്തിൽ)	പൂർത്തിയാക്കേണ്ട കാലാവധി	പൂർത്തിയാക്കിയ തീയതി	ചെലവഴിച്ച തുക	കൺസൾട്ടൻസി ഫീ	അഭിപ്രായം
1	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് നവീകരിച്ച് ചരിത്ര മ്യൂസിയം നിർമ്മാണം	99.04	28.02.2014	സിവിൽ വർക്ക് 29.2.16-ൽ പൂർത്തിയാക്കി.	72,57,839/-	3,26,603/-	ആകെ 1,10,000/- രൂപ ഫൈൻ ഈടാക്കി സിവിൽ വർക്ക് 29.2.16 വരെ ദീർഘിപ്പിച്ചു നൽകി. ഇലക്ട്രിക്കൽ വർക്ക് ഇതുവരെയുംആരംഭിച്ചിട്ടില്ല. 63,327/- രൂപ കോൺട്രാക്ടർക്ക് ഇനിയും കൊടുക്കുവാനുണ്ട്.
2	ഞാറക്കാട് പട്ടികജാതി കോളനി വികസന പ്രവൃത്തികൾ	100	26.04.2014	31.3.16-ൽ സിവിൽ വർക്ക് പൂർത്തിയാക്കി.	43,03,350/-	3,01,235/-	ആകെ 22,000/- രൂപ ഫൈൻ ഈടാക്കിയിട്ടുണ്ട്. സിവിൽ വർക്ക് പൂർത്തീകരിച്ചെങ്കിലും ഫൈൻ ബിൽ തയ്യാറാക്കിയിട്ടില്ല. ഇലക്ട്രിക്കൽ വർക്ക് ആരംഭിച്ചിട്ടില്ല.

3	അപ്പൻകാപ്പ് പട്ടികവർഗ്ഗ കോളനി ഹാംലറ്റ് പദ്ധതി	100	12.11.2015	31.03.2017	52,90,301/-	4,23,224/-	വിവിധ കാരണങ്ങളാൽ സിവിൽ വർക്ക് 31.03.2017 വരെ ദീർഘിപ്പിച്ചു നൽകി. ഇലക്ട്രിക്കൽ വർക്ക് ആരംഭിച്ചിട്ടില്ല. സിവിൽ വർക്ക് ഫൈൻ ബിൽ തയ്യാറാക്കിയിട്ടില്ല.
4	ഹാംലറ്റ് പദ്ധതി മമ്പാട് ഗ്രാമപഞ്ചായത്ത്	88.50	13.02.2015	10.03.2016	75,83,044/-	6,06,644/-	സിവിൽ വർക്ക് പൂർത്തിയാക്കിയെങ്കിലും ഫൈനൽ ബിൽ തുക നൽകിയിട്ടില്ല.

16. **ഡിവിഷൻ ഓഫീസ് - കോഴിക്കോട്**

16.1. സാഫല്യം പദ്ധതി സഫലമാകുന്നില്ല.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് 2011-2012 ബഡ്ജറ്റിൽ കേരള സർക്കാർ പ്രഖ്യാപിച്ച പദ്ധതിയാണ് സാഫല്യം. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന ഫ്ളാറ്റുകളും വീടുകളും നിർമ്മിച്ച് നൽകുക എന്നതാണ് ഈ ഭവന പദ്ധതിയുടെ ഉദ്ദേശ്യം. ഇതിനായി ഭവന നിർമ്മാണ ബോർഡ് തയ്യാറാക്കിയ വിശദമായ പദ്ധതി റിപ്പോർട്ട് 23.02.2012-ൽ സർക്കാരിന് സമർപ്പിച്ചിരുന്നു.

കോഴിക്കോട് ഡിവിഷൻ ഓഫീസിനു കീഴിൽ കോഴിക്കോട് താലൂക്കിലെ ചേളന്നൂർ വില്ലേജിൽപ്പെട്ട സ്ഥലമാണ് ഫ്ളാറ്റ് നിർമ്മാണത്തിനായി തെരഞ്ഞെടുത്തത്. പദ്ധതി റിപ്പോർട്ടിലെ നിബന്ധനകൾ അംഗീകരിച്ച് 66 ഗുണഭോക്താക്കൾ 25000/- രൂപ അടച്ച് പദ്ധതിയിൽ ചേർന്നു. പദ്ധതിയിൽ ഒരു ഫ്ളാറ്റിന്റെ നിർമ്മാണ ചെലവ് 2,50,000/- രൂപയാണ് നിജപ്പെടുത്തിയിട്ടുള്ളത്.

ഹഡ്കോ വായ്പ	-	1,00,000/-
സർക്കാർ സബ്സിഡി	-	1,00,000/-
സന്നദ്ധ സംഘടന വിഹിതം	-	25,000/-
ഗുണഭോക്തൃ വിഹിതം	-	25,000/-
ആകെ	-	2,50,000/-

66 ഗുണഭോക്താക്കളുമായുണ്ടാക്കിയ കരാർ പ്രകാരം 2013-2014-ൽ പണി ആരംഭിച്ചെങ്കിലും വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഇതേ തുടർന്ന് കരാർവെച്ച 10 ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും പിന്മാറുകയും അടച്ച തുക തിരികെ ആവശ്യപ്പെടുകയും ചെയ്തു. ഇവർക്കു പകരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള നടപടികൾ നടന്നുവരുന്നു.

പ്ളാസ്റ്ററിംഗ് ഉൾപ്പെടെയുളള പണികൾ ചെയ്യുന്നതിനു വേണ്ടി ഗുണഭോക്താക്കളുടെ പേരിൽ വായ്പ ലഭ്യമാക്കുന്നതിനായി കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിനെ സമീപിച്ചെങ്കിലും, അത് ലഭ്യമാക്കാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല. ഗുണഭോക്തൃ വിഹിതം അടച്ച ഗുണ ഭോക്താക്കളുടെ കാത്തിരിപ്പ് അനന്തമായി നീണ്ടു പോകുന്നത് പദ്ധതി പരാജയപ്പെടുന്നതിന് കാരണമാകും. ആയതിനാൽ അവശേഷിക്കുന്ന പണികൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ഫ്ളാറ്റുകൾ വാസയോഗ്യമാക്കി പദ്ധതി പൂർത്തീകരിക്കേണ്ടതുമാണ്.

ഫ്ളാറ്റ് നിർമ്മാണം പൂർത്തിയാക്കി ഉപഭോക്താക്കൾക്ക് കൈമാറാൻ ബോർഡിന് സാധിക്കാത്തതിനാൽ സാമൂഹ്യ വിരുദ്ധർ താവളമാക്കുന്നതായി ബന്ധപ്പെട്ട ഫയലിൽ നിന്നും വ്യക്തമായി. പദ്ധതിക്കായി ഗുണഭോക്തൃ വിഹിതമടച്ച ഗുണഭോക്താക്കൾ നേരിടുന്ന കഷ്ടപ്പാടുകൾ പത്രമാധ്യമങ്ങളിൽ പ്രചരിച്ചിട്ടുളളതാണ്. കൃത്യമായ പ്ളാനിംഗും, നടത്തിപ്പും ഇല്ലാത്തതിനാലാണ് ഇപ്രകാരം സംഭവിക്കാനിടയായത്.

16.2. <u>കോഴിക്കോട് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ സ്റ്റേജ് II - അവലോകനം.</u>

കോഴിക്കോട് വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ 2-ാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ആകെ 7.08 കോടി രൂപയുടെ (12.5% ഓവർ ഹെഡ് ചാർജ്ജടക്കം) എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നു. ഡയറക്ട് എക്സിക്യൂഷൻ മാതൃകയിലാണ് പദ്ധതി ആരംഭിച്ചതെങ്കിലും പ്രവൃത്തി ഇപ്പോഴും പൂർത്തിയാക്കാനാകാതെ തുടർന്നുവരുന്നു. ഡയറക്ട് എക്സിക്യൂഷൻ മാതൃകയിലായതിനാൽ ഈ പ്രവൃത്തി വിവിധ ഘട്ടങ്ങളായി വിഭജിച്ചും, ലേബർ പാർട്ട്, മെറ്റീരിയൽ സപ്ളൈ എന്ന രീതിയിൽ വേർതിരിച്ചുമാണ് ടെന്റർ ചെയ്തിട്ടുളളത്. ഇപ്രകാരം പ്രവൃത്തി ചെയ്യിച്ചതിലൂടെ ഓരോ ഘട്ടവും പൂർത്തിയാക്കാൻ കാലതാമസം ഉണ്ടാകുന്നുണ്ട്. ഓഡിറ്റ് കാലയളവിൽ നടന്ന പ്രവൃത്തിയുടെ വിവരം ചുവടെ ചേർക്കുന്നു.

<u>ബാലൻസ് ബിൽഡിംഗ് വർക്ക് (വാട്ടർ സപ്ളൈ & സാനിട്ടറി വർക്സ് ഉൾപ്പെടെ)</u>

ഈ പ്രവൃത്തിക്കായി ആകെ 2,45,31,388/- രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കി അംഗീകരിച്ചത്. 02/2016-ലെ ടെന്റർ നടപടിയിലൂടെ 1.9% കുറവ് തുക രേഖപ്പെടുത്തിയ ശ്രീ.ഷാജിലാൽ, തോട്ടപ്പളളി ഹൗസ്, കൽപ്പറ്റ എന്നയാളുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് (PAC - Rs.2,40,65,292/- രൂപ) വർക്ക് ഓർഡർ നൽകിയിരുന്നു. ഇതനുസരിച്ച് 18.03.2016-ൽ പ്രവൃത്തി ആരംഭിച്ചു. എഗ്രിമെന്റ് പ്രകാരം 17.09.2016-ൽ പൂർത്തിയാക്കേണ്ട വർക്ക് പൂർത്തിയാകാത്തതിനെ തുടർന്ന് 20.10.2016-ലെ T1-503/06/B1/Vo III ഉത്തരവ് പ്രകാരം 17.11.2016 വരെ ഫൈനില്ലാതെ സമയപരിധി ദീർഘിപ്പിച്ച് നൽകിയിരുന്നു. പ്രവൃത്തി പൂർത്തിയാകാത്തതിനെ തുടർന്ന് ഫൈൻ ഈടാക്കാതെ 15.12.2016, 30.04.2017 തീയതികൾ വരെ സമയപരിധി നീട്ടി നൽകിയിരുന്നു. ഈ പ്രവൃത്തി ഇപ്പോഴും പൂർത്തിയാക്കാനാകാതെ സമയപരിധി നീട്ടി നൽകിയതായി കാണുന്നു.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ [GO(P)13/12/PWD Dt.01.02.2012] & പാർട്ട് II സെക്ഷൻ 2112-1 പ്രകാരം ആദ്യ എക്സ്റ്റൻഷന് 1% of PAC (പരമാവധി 50,000/- രൂപ) യും അടുത്ത എക്സ്റ്റൻഷന് 2% of PAC (പരമാവധി 1 ലക്ഷം രൂപ) യും കരാറുകാരനിൽ നിന്നും

ഈടാക്കേണ്ടതാണ്. ടെന്റർ നോട്ടീസ് Para 52(c) യിലും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇവിടെ കരാറുകാരനിൽ നിന്നും ഇത്തരത്തിൽ പിഴ ഈടാക്കാതെ അനന്തരമായി സമയപരിധി നീട്ടി നൽകുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഈ ഓഫീസിൽ നിന്നും ഏറ്റെടുത്ത് നടത്തുന്ന മിക്ക പ്രവൃത്തികളും സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു. കരാറുകാരനിൽ നിന്നും നിയമപ്രകാരമുള്ള പിഴ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

17. ഡിവിഷൻ ഓഫീസ് - വയനാട്

പ്രത്യേക പരാമർശമില്ല.

18. ഡിവിഷൻ ഓഫീസ് - കണ്ണൂർ

18.1. ഗൃഹശ്രീ ഭവന പദ്ധതി - അവലോകനം.

സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ ഭവന സാക്ഷാത്കാരത്തിനായി സന്നദ്ധ സംഘടനകൾ, ഉദാരമനസ്കരായ വ്യക്തികൾ തുടങ്ങിയവരുടെ സാമ്പത്തിക സഹകരണത്തോടെ 2 ലക്ഷം രൂപ സർക്കാർ സബ്സിഡി കൂടി നൽകി മൊത്തം 4 ലക്ഷം രൂപ ചെലവിൽ ഭവന നിർമ്മാണ ബോർഡ് വഴി നടപ്പിലാക്കിവരുന്ന പദ്ധതിയാണിത്. കണ്ണൂർ ഡിവിഷൻ ഓഫീസിന് കീഴിൽ മൂന്ന് ഘട്ടങ്ങളിലായി ഗൃഹശ്രീ പദ്ധതി നടപ്പിലാക്കിയതിന്റെ പുരോഗതിയുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

ക്രമ നം.	വിശദാംശങ്ങൾ	ആകെ അനുവദിച്ചത്	ഗഡുക്കൾ വിതരണം ചെയ്തത്				ആകെ ചെലവഴിച്ച തുക
			1	2	3	4	
1	ഒന്നാം ഘട്ടം	14	14	14	14	14	56,00,000
2	രണ്ടാം ഘട്ടം	29	29	29	29	24	1,08,50,000
3	മൂന്നാം ഘട്ടം	32	32	32	28	20	1,10,00,000
ആകെ		75	75	75	71	58	2,74,50,000

ഭവന നിർമ്മാണ ബോർഡിന്റെ മറ്റ് ഡിവിഷൻ ഓഫീസുകളുമായി താരതമ്യം ചെയ്യുമ്പോൾ കണ്ണൂർ ഡിവിഷനിൽ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം വളരെ കുറവാണ്. പദ്ധതിയെ സംബന്ധിച്ച് വ്യാപകമായ പരസ്യം നൽകേണ്ടതും കൂടുതൽ ഗുണഭോക്താക്കളെ കണ്ടെത്തി പദ്ധതി പ്രയോജനപ്പെടുത്തേണ്ടതുമാണ്. അവശേഷിക്കുന്ന ഗഡു തുകകൾ എത്രയും വേഗം വിതരണം ചെയ്ത് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

18.2. ഹാംലറ്റ് പദ്ധതി പ്രോഗ്രസ്സ് റിപ്പോർട്ട്

27.12.2013-ലെ സർക്കാർ ഉത്തരവ് (സാധാ)107/13/പ.ജ.വി.വ പ്രകാരം പട്ടിക വർഗ്ഗ കോളനികളിൽ ഹാംലറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് നൽകുകയുണ്ടായി. 30.06.2014-ലെ സർക്കാർ ഉത്തരവ് (സാധാ) 1012/2014/പ.ജ.വി.വ പ്രകാരം കണ്ണൂർ ജില്ലയിലെ കോട്ടയംതട്ട്, ചെക്യേരി, വളയംചാൽ എന്നീ പട്ടികവർഗ്ഗ കോളനികളിൽ ഹാംലറ്റ് പദ്ധതി നടപ്പിലാക്കാൻ സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തി. ഊരുകൂട്ടയോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാർചെയ്ത് പട്ടികജാതി ക്ഷേമ വികസന വകുപ്പിന്റെ അനുമതിയോടെയാണ് പദ്ധതി നടപ്പിലാക്കിയത്. കോളനികളിലെ റോഡ് വികസനം, കുടിവെള്ള പദ്ധതികൾ, തൊഴിൽ പരിശീലനം, സ്വയം തൊഴിലിന് ധനസഹായം, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം എന്നിവയാണ് പ്രധാനമായും പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്നത്. ഓരോ കോളനിയിലേയും പദ്ധതി നടത്തിപ്പിനായി 90,00,000/- രൂപ വീതമാണ് പട്ടികജാതി വികസന വകുപ്പു മുഖേന ബോർഡിൽ നിക്ഷേപിച്ചത്. ആയത് പ്രകാരം ബോർഡ് നടപ്പിലാക്കിയ പ്രവർത്തികളുടെ പ്രോഗ്രസ്സ് റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

ക്രമ നം.	കോളനിയുടെ പേര്	പദ്ധതി പ്രകാരം നടപ്പിലാക്കിയ വികസന സംരംഭങ്ങൾ	ആകെ ലഭിച്ച തുക	31.03.2017 -ൽ ചെലവഴിച്ച തുക	ബാക്കി അവശേഷി-ക്കുന്ന തുക
1	കോട്ടയംതട്ട്	ഫലവൃക്ഷതൈകളുടെ വിതരണം, കുടിവെള്ള പദ്ധതി, കമ്മ്യൂണിറ്റിഹാളിന്റെ നിർമ്മാണം, ആടുമാടുകൾ കോഴികുഞ്ഞുങ്ങൾ എന്നിവയുടെ വിതരണം, റോഡ് നിർമ്മാണം, തെരുവ് വിളക്കുകൾ സ്ഥാപിക്കൽ	90,00,000	67,82,329	22,17,671
2	വളയംചാൽ	ഡ്രൈവിംഗ് പരിശീലനം, ഓട്ടോറിക്ഷ വാങ്ങൽ, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, അംഗൻവാടി കെട്ടിട നിർമ്മാണം, വീട് പുനരുദ്ധാരണം, കോളനിക്കും ശ്മശാനത്തിനും ചുറ്റുമതിൽ നിർമ്മാണം, തയ്യൽ മെഷീൻ വാങ്ങലും പരിശീലനവും, കുടിവെള്ള പദ്ധതി,11 പുതിയ കക്കൂസുകളുടെ നിർമ്മാണം, 7 കക്കൂസുകളുടെ നവീകരണം, ടി.വി, ഉപകരണങ്ങൾ എന്നിവ വാങ്ങൽ.	90,00,000	64,06,010	25,93,990
3	ചെക്കേരി	ഓട്ടോറിക്ഷ വാങ്ങൽ, ഡ്രൈവിംഗ് പരിശീലനം, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, റോഡുകളുടെ നിർമ്മാണം, തയ്യൽ മെഷീൻ വാങ്ങലും തയ്യൽ പരിശീലനവും, കമ്പ്യൂട്ടർ വാങ്ങലും പരിശീലനവും, തെരുവ് വിളക്ക് സ്ഥാപിക്കൽ, ടി.വി വാങ്ങൽ, ഫർണിച്ചർ വാങ്ങൽ	90,00,000	89,60,320	39,680
		ആകെ	2,70,00,000	2,21,48,659	48,51,341

പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിനായി പട്ടികജാതി വർഗ്ഗ വകുപ്പുമായി 29.01.2015-ൽ ഉണ്ടാക്കിയ M.O.U പ്രകാരം പദ്ധതി പൂർത്തികരിക്കേണ്ടിയിരുന്നത് 28.07.2015-ൽ ആണ്. തുടർന്ന് ഒരു വർഷത്തേക്ക് കൂടി സമയം ദീർഘിപ്പിച്ചു നൽകിയെങ്കിലും നാളിതുവരെയായി പദ്ധതി പൂർത്തീകരിക്കാൻ ഭവന നിർമ്മാണ ബോർഡിന് സാധിച്ചിട്ടില്ല. കൂടാതെ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പ്രധാന സംഗതികൾ ചുവടെ ചേർക്കുന്നു.

എ) കോട്ടയംതട്ട് കോളനിയിൽ കുടിവെള്ള പദ്ധതിക്കായി കുഴൽകിണറുകൾ കുഴിച്ചെങ്കിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലാത്തതിനാൽ പദ്ധതി പൂർത്തിയാക്കിയിട്ടില്ല.

ബി) കോട്ടയംതട്ട് കോളനിയിൽ തെരുവു വെളിച്ചം പദ്ധതിക്കായി വൈദ്യുതി ബോർഡിൽ തുക ഒടുക്ക് വരുത്തിയെങ്കിലും (10.03.2016) നാളിതുവരെയായി വൈദ്യുതി ബന്ധം സ്ഥാപിച്ചിട്ടില്ല.

സി) കോട്ടയംതട്ട് കോളനിയിലെ കമ്മ്യൂണിറ്റി ഹാളിൽ വൈദ്യുതി കണക്ഷൻ ഇല്ലാത്തതിനാൽ പദ്ധതി പ്രകാരമുള്ള ടി.വി, ഫർണിച്ചർ എന്നിവ നാളിതുവരെയായും വാങ്ങിയിട്ടില്ല.

ഡി) വളയംചാൽ കോളനിയിൽ ഡ്രൈവിംഗ് പരിശീലനത്തിനായി ഓട്ടോറിക്ഷ വാങ്ങി നൽകി പരിശീലനത്തിനായി പ്രത്യേകം പണം ചെലവഴിച്ചെങ്കിലും ആരും തന്നെ ലൈസൻസ് നേടിയിട്ടില്ല. മാത്രവുമല്ല ഓട്ടോറിക്ഷ നിലവിൽ ആരുടെ കയ്യിലാണു ഏൽപിച്ചതെന്ന് വ്യക്തമല്ല.

ഇ) വളയംചാൽ കോളനിയിൽ 14 വീടുകൾ പുനരുദ്ധരിക്കാനായി തുക ചെലവഴിച്ചു. എന്നാൽ പട്ടികജാതി വർഗ്ഗ വകുപ്പ് നൽകിയ ഗുണഭോക്തൃ പട്ടിക ഹാജരാക്കിയിട്ടില്ല.

എഫ്) വളയംചാൽ കോളനിയിൽ 15 പേർക്ക് തയ്യൽ പരിശീലനം നൽകി തയ്യൽ മെഷീനുകൾ നൽകിയിട്ടുള്ളതായി പ്രോജക്ട് റിപ്പോർട്ട്. എന്നാൽ ഗുണഭോക്തൃ പട്ടിക, തയ്യൽ മെഷീൻ കൈപ്പറ്റിയത്, പട്ടിക വർഗ്ഗ വകുപ്പ് സാക്ഷ്യപ്പെടുത്തിയ കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കിയിട്ടില്ല.

ജി) വളയംചാൽ കോളനിയിൽ വാട്ടർ അതോറിറ്റിയുടെ കിണറിൽ നിന്നും കുടിവെള്ളമെത്തിക്കുന്ന പദ്ധതിയുടെ ലൈൻ വർക്കുകൾ പൂർത്തീകരിച്ചെങ്കിലും വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

എച്ച്) ചെക്കേരി കോളനിയിൽ ഡ്രൈവിംഗ് പരിശീലനത്തിനായി വാങ്ങിയ ഓട്ടോറിക്ഷയുടെ പട്ടിക വർഗ്ഗ വകുപ്പ് സാക്ഷ്യപ്പെടുത്തിയ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല.

ഐ) തയ്യൽ പരിശീലനത്തിനായി വാങ്ങി നൽകിയ 15 തയ്യൽ മെഷീനുകളുടെ സാക്ഷ്യപ്പെടുത്തിയ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല.

ജെ) ചെക്കേരി കോളനിയിൽ കമ്പ്യൂട്ടർ പരിശീലനത്തിനായി വാങ്ങിയ കമ്പ്യൂട്ടറുകളുടെ സാക്ഷ്യപ്പെടുത്തിയ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല.കെ) ചെക്കേരി കോളനിയിൽ തെരുവ് വിളക്കുകൾക്കായി വൈദ്യുതി ബോർഡിൽ പണം ഒടുക്ക് വരുത്തിയെങ്കിലും (10.03.2016) നാളിതുവരെയായി വൈദ്യുതി ലഭ്യമാക്കിയിട്ടില്ല.

എൽ) ചെക്കേരി കോളനിയിൽ കമ്മ്യുണിറ്റി ഹാളിൽ ടി.വി , ഫർണിച്ചർ എന്നിവക്കായി തുക വകയിരുത്തിയെങ്കിലും നാളിതുവരെയായി കറണ്ട് ലഭിക്കാത്തതിനാൽ ആയവ വാങ്ങിയിട്ടില്ല.

ഭവന നിർമ്മാണ ബോർഡ് ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തികൾ സമയബന്ധിതമായും കുറ്റമറ്റതുമായ രീതിയിൽ പൂർത്തീകരിക്കാൻ ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് ബോർഡിന്റെ വിശ്വാസ്യതയെ പ്രതികൂലമായി ബാധിക്കാനും തുടർന്ന് ഇത്തരത്തിലുളള കൺസൾട്ടൻസി പ്രവർത്തികൾ ബോർഡിന് നഷ്ടമാകാനും കാരണമാകും. മൂന്ന് കോളനികളിലും അടിയന്തിരമായി വൈദ്യുതി കണക്ഷൻ ലഭ്യമാക്കി കുടിവെളള പദ്ധതികളും, കമ്മ്യൂണിറ്റി ഹാളും പ്രവർത്തന ക്ഷമമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

18.3. <u>വ്യാജ സാക്ഷ്യപത്രം നൽകി വായ്പ അനുവദിച്ചു - വായ്പ ഉപയോഗിച്ച് ഭവന നിർമ്മാണം നടത്തിയിട്ടില്ല.</u>

ഭവന നിർമ്മാണ വായ്പ എടുത്ത ചില വായ്പക്കാർ പ്രസ്തുത തുക ഉപയോഗിച്ച് ഭവന നിർമ്മാണം നടത്തിയിട്ടില്ല. കുടിശ്ശിക വായ്പാ ഫയലുകളിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചപ്പോഴാണ് പ്രസ്തുത വിവരം നിലവിലെ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെട്ടത്. കാലാകാലങ്ങളിൽ ഭവന നിർമ്മാണ ബോർഡിൽ ഉണ്ടായിരുന്ന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ വ്യാജ സ്റ്റേജ് സർട്ടിഫിക്കറ്റുകൾ ചമച്ചാണ് അപേക്ഷകർക്ക് വായ്പ അനുവദിച്ച് നൽകിയിട്ടുളളത്. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട ഇത്തരത്തിൽപ്പെട്ട വായ്പ ഫയലുകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വായ്പക്കാരന്റെ പേരും ഫയൽ നമ്പരും	വായ്പ തുക	വ്യാജ സാക്ഷ്യപത്രം ചമച്ച് വായ്പ അനുവദിച്ച ഉദ്യോഗസ്ഥൻ	വായ്പയിൽ നിലവിലെ കുടിശ്ശിക
1	ശ്രീ.മനോജ്.പി.ടി MIG-I/2849/1997	1,00,000	ശ്രീ.കെ.അലി, അസിസ്റ്റന്റ് സെക്രട്ടറി & ശ്രീ.രാജൻ.എം, ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ	2,45,716
2	ശ്രീ.ജോസ് MIG-II/15/1997	2,00,000	ശ്രീ.കെ.അലി, അസിസ്റ്റന്റ് സെക്രട്ടറി	3,73,911
3	ശ്രീ.എൻ.സുകുമാരൻ HIG-III/53/1995	3,00,000	ശ്രീ.കെ.അലി, അസിസ്റ്റന്റ് സെക്രട്ടറി	11,61,813
4	ശ്രീ.ചാക്കോ പനച്ചിക്കൽ LIG-IV/202/1997	50,000	ശ്രീ.രാജൻ.എം, ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ	1,27,922
5	ശ്രീ.പി.കെ.രാജൻ MIG-III/61/1997	3,00,000	ശ്രീ.കെ.അലി, അസിസ്റ്റന്റ് സെക്രട്ടറി	6,01,265
6	ശ്രീ.വളളിക്കുന്ന് വളപ്പിൽ മധു LIG-IV/23/1997	70,000	ശ്രീ.രാജൻ.എം, ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ	2,44,887
7	ശ്രീ.എം.വർഗ്ഗീസ് HIG-I/5/1997	3,00,000	ശ്രീ.ലോഹിതദാസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ	12,84,606
8	ശ്രീമതി.തെക്കേടത്ത് ഏലിയാമ്മ IR/42	34,000	ശ്രീ.കെ.പുരുഷോത്തമൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ	1,27,400

വ്യാജ സാക്ഷ്യപത്രങ്ങൾ ചമച്ച് ബോർഡ് ഫണ്ടിന് നഷ്ടം ഉണ്ടാക്കിയ ഉദ്യോഗസ്ഥർ അധികാര ദുർവിനിയോഗം, വ്യാജ രേഖചമക്കൽ എന്നീ ഗുരുതരമായ കൃത്യവിലോപങ്ങളും അച്ചടക്ക ലംഘനവുമാണ് നടത്തിയിരിക്കുന്നത്. ആയതിന് എതിരെ ചട്ടപ്രകാരം നടപടി എടുക്കേണ്ടതും കുടിശ്ശിക തുക വായ്പക്കാരനിൽ നിന്നും ഈടാക്കാൻ പറ്റാതിരിക്കുന്ന പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി ബോർഡ് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതുമാണ്

18.4. <u>സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചില്ല - 72,000/- രൂപ തടസ്സപ്പെടുത്തുന്നു.</u>

കണ്ണൂർ ഡിവിഷൻ ഓഫീസിൽ നിന്നും ചെക്യേരി എസ്.റ്റി കോളനിയിൽ (കോളയാട് ഗ്രാമപഞ്ചായത്തിലെ) സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി 72,000/- രൂപ 2016-2017-ൽ നൽകിയിരുന്നു. (ചെക്ക് നം.830856/10.03.2017, വൗച്ചർ നം.552/2017) അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി കോളയാട്-ന്റെ പേർക്കാണ് തുക നൽകിയത്. എന്നാൽ നാളിതുവരെയും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറി നം.1 ന് ഡിവിഷൻ ഓഫീസ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

19.ഡിവിഷൻ ഓഫീസ് - കാസർഗോഡ്

19.1. <u>ബോർഡിന് പണയപ്പെടുത്തിയ വസ്തുവിൽ ഭവന നിർമ്മാണം നടത്തിയിട്ടില്ല - അസിസ്റ്റന്റ് സെക്രട്ടറി സ്ഥലപരിശോധന നടത്തി വ്യാജ സാക്ഷ്യപത്രം ചമച്ച് വായ്പ അനുവദിച്ചു കിട്ടാക്കടം 1,49,18,765/- രൂപ</u>

ഭവന നിർമ്മാണ ബോർഡ് കാസർഗോഡ് ഡിവിഷൻ ഓഫീസിൽ അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന ശ്രീമതി.ഇ.എം.ശാന്തകുമാരി വ്യാജ സാക്ഷ്യപത്രം ചമച്ച് ഭവന വായ്പ അനുവദിച്ചത് വഴി 1,49,18,825/- രൂപയുടെ വായ്പ കുടിശ്ശിക കിട്ടാക്കടമായിരിക്കുകയാണ്. വായ്പ അനുവദിക്കാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥർ തന്നെ ഭവന നിർമ്മാണം നടത്താതെ അപേക്ഷകർക്ക് വിവിധ നിർമ്മാണ ഘട്ടങ്ങൾ പൂർത്തികരിച്ചതായ വ്യാജ സാക്ഷ്യപത്രം ചമച്ച് വായ്പ അനുവദിക്കുകയായിരുന്നു. തുടർന്ന് കുടിശ്ശികയായ വായ്പ തുക തിരിച്ചടവാക്കാൻ വേണ്ട റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചപ്പോഴാണ് വായ്പക്കാർ ഭവന നിർമ്മാണം നടത്തിയിട്ടില്ല എന്ന വസ്തുത ബോധ്യപ്പെട്ടത്. ഇത്തരത്തിൽ ശ്രീമതി.ഇ.എം.ശാന്തകുമാരി, അസിസ്റ്റന്റ് സെക്രട്ടറി (റിട്ട) അനുവദിച്ച വായ്പകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വായ്പക്കാരന്റെ പേര് / വായ്പ നമ്പർ	വായ്പ തുക	സർവ്വേ നമ്പർ, വില്ലേജ്, താലൂക്ക്	ബോർഡിന് കിട്ടാനുള്ള കുടിശ്ശിക
1	സുകുമാരൻ നായർ.ഇ N16/RMH/97	3,00,000	577/1, Bedaduka, Kasargod	11,96,566
2	ബീഫാത്തിമ M-124/RMH/95	2,50,000	324/84, Kodalamuguru, Manjeswaram	10,07,799

3	ദിനകര പക്കാല M-119/RMH/95	3,00,000	173/2B, Majibail, Manjeswaram	12,57,529
4	സഹൂർ അഹമ്മദ് M-79/RMH/95	3,00,000	488/E, Paivelike, Manjeswaram	18,35,135
5	പക്രുദ്ദീൻ M-123/RMH	3,00,000	317/3A, Kodalamuguru, Manjeswaram	17,44,777
6	ഖദീജ S-19/RMH	2,00,000	150/15, Badaje, Manjeswaram	9,10,913
7	ഇബ്രാഹീം M-76/RMH/95	3,00,000	6411A, Kodalamuguru, Manjeswaram	13,63,946
8	ബി.മുഹമ്മദ് N-7/RMM/97	3,00,000	262/2E1, Kodalamuguru, Manjeswaram	11,99,676
9	നാഗപ്പ S-75/RMM/93	1,00,000	194/1, Pavoor, Manjeswaram	3,69,624
10	ജയനമ ഷെട്ടി N2/RMM/97	3,00,000	62/4, Kodalamuguru, Manjeswaram	11,38,537
11	അബ്ദുൾ ഹക്കിം R235/RMM/97	3,00,000	150/2A1, Chippar, Manjeswaram	9,24,166
12	റ്റി.അപ്പ S-110/RMM/93	1,00,000	23/01, Kolathur, Kasargod	5,17,978
13	അശോക് കുമാർ അൽവ N-27/RMM/97	3,00,000	86/2, Kodalamuguru, Manjeswaram	11,42,437
14	എം.അബ്ദുൾ റസാഖ് 62/MS/MIG	58,000	126/1A, Bandadukka, Kasargod	3,09,682
ആകെ				1,49,18,765

ഗുരുതരമായ കൃത്യവിലോപം, അധികാര ദുർവിനിയോഗം, അച്ചടക്ക ലംഘനം എന്നിവ നടത്തി ഭവന നിർമ്മാണ ബോർഡിന് ഇത്രയും അധിക സാമ്പത്തിക ബാധ്യത വരുത്തിവച്ച ശ്രീമതി.ഇ.എം.ശാന്തകുമാരി 31.10.2002-ൽ സർവ്വീസിൽ നിന്നും എല്ലാ ആനുകൂല്യങ്ങളും കൈപ്പറ്റി വിരമിക്കുകയും ഇപ്പോൾ കണ്ണൂർ ഡിവിഷൻ ഓഫീസിൽ നിന്നും പെൻഷൻ കൈപ്പറ്റുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. വ്യാജ സാക്ഷ്യപത്രം നൽകി ടി ഉദ്യോഗസ്ഥ ബോർഡിനെ കബളിപ്പിച്ച വിവരം കാസർഗോഡ് ഡിവിഷൻ ഓഫിസിൽ നിന്നും ബോർഡിലെ ഉന്നതഅധികാരികൾക്ക് റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും (അവസാനമായി റിപ്പോർട്ട് ചെയ്തത് 29.05.2015-ലെ RR/CRO/2008-ാം നമ്പർ കത്ത്) നാളിതുവരെയായി പ്രസ്തുത വ്യക്തിക്കെതിരെ ക്രിമിനൽ നടപടിക്രമങ്ങൾ പ്രകാരമുള്ള നടപടികൾ ബോർഡ് കൈക്കൊണ്ടിട്ടില്ല എന്നതും ആശ്ചര്യകരമാണ്.

ശ്രീമതി.ഇ.എം.ശാന്തകുമാരി, അസിസ്റ്റന്റ് സെക്രട്ടറി / അക്കൗണ്ട്സ് ഓഫീസർ ആയിരുന്ന എല്ലാ ഓഫീസുകളിലും ടിയാൾക്ക് അനുവദിച്ച വായ്പ ഫയലുകൾ പരിശോധിക്കുകയും റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. മാത്രവുമല്ല ടിയാൾക്കെതിരെ ക്രിമിനൽ ചട്ടപ്രകാരം നടപടി സ്വീകരിക്കേണ്ടതും ബോർഡിന് ഉണ്ടായിരിക്കുന്ന നഷ്ടം ടിയാളിൽ നിന്നും ഈടാക്കേണ്ടതുമാണ്. നിലവിൽ ടിയാളുടെ സ്ഥിരമേൽവിലാസം ഗോകുലം, കണ്ണോത്തുംചാൽ, താന പി.ഒ., കണ്ണൂർ-12 എന്നതാണ്.

20. പ്രോജക്ട് & കൺസൾട്ടൻസി ഡിവിഷൻ - കൊച്ചി

20.1. <u>പൊതുപരിപാലന ചെലവിനത്തിൽ ബോർഡിന് സഞ്ചിത നഷ്ടം.</u>

റവന്യൂ ടവറിന്റെ പൊതുപരിപാലന ചെലവുകൾ മാനേജ്മെന്റ് കമ്മിറ്റിയുടെ ഉത്തരവാദിത്വത്തിലാണ് നടപ്പിലാക്കി വരുന്നത്. കടമുറികൾക്ക് ചതുരശ്ര അടിക്ക് 8.8 രൂപയും ഓഫീസ് സ്പേസിന് ചതുരശ്ര അടിക്ക് 5 രൂപ നിരക്കിലുമാണ് പ്രസ്തുത ചെലവിന്റെ നിരക്ക് നിജപ്പെടുത്തിയിരിക്കുന്നത്. ടവ്വറിലെ ഒഴിഞ്ഞ്കിടക്കുന്ന സ്ഥലത്തിനുള്ള അനുപാതിക നിരക്കുകൾ എല്ലാ വർഷവും ഭവന നിർമ്മാണ ബോർഡിൽ നിന്നും വഹിക്കേണ്ട സ്ഥിതിയാണുള്ളത്. 2016-2017 സാമ്പത്തിക വർഷം 69 കടമുറികളും (15411 ചതുരശ്ര അടി) 8209 ചതുരശ്ര അടി ഓഫീസ് സ്പേസും വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞ്കിടക്കുകയായിരുന്നു. പൊതുപരിപാലന ചെലവിനത്തിൽ പ്രസ്തുത ഏരിയാക്ക് വേണ്ടി 2279242/- രൂപ ബോർഡിന് ചെലവഴിക്കേണ്ടിവന്നിട്ടുണ്ട്. മുൻവർഷങ്ങളിലും സമാനമായ ചെലവ് ബോർഡിന് ഉണ്ടായിട്ടുണ്ട്. റവന്യൂ ടവ്വറിലെ ആദ്യ നാലു നിലകളിലായി പൂർണ്ണമായും കടമുറികളാണുള്ളത്. അവയിൽ കേന്ദ്രീകൃത ശീതികരണ സംവിധാനവുമുണ്ട്. ആകെയുള്ള 126 കടമുറികളിൽ 69 എണ്ണം ഒഴിഞ്ഞ്കിടക്കുകയാണ്. എന്നാൽ അവയിലെ ശീതികരണ സംവിധാനം നിർത്തിവയ്ക്കാൻ തക്ക സംവിധാനങ്ങൾ ഇല്ലാത്തതിനാൽ എ.സി പ്രവർത്തിച്ചുകൊണ്ടിരിക്കുകയും തന്മൂലം വൈദ്യുതിയുടെ പാഴ്ചെലവ് ഉണ്ടായിക്കൊണ്ടിരിക്കുകയുമാണ്. . അടിയന്തിര പ്രാധാന്യത്തോടെ പ്രസ്തുത വിഷയം പരിഗണിക്കേണ്ടതും ഒഴിഞ്ഞ്കിടക്കുന്ന കടമുറികളിലെ ശീതികരണ സംവിധാനം പ്രവർത്തിക്കാതിരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്. ഒഴിഞ്ഞ്കിടക്കുന്ന കടമുറികളും ഓഫീസ് സ്പേസും അടിയന്തിര പ്രാധാന്യത്തോടെ വാടകയ്ക്ക് നൽകാൻ ബോർഡ് ഉന്നതരുടെ ഭാഗത്ത് നിന്നും സക്രിയ നടപടികൾ സ്വീകരിച്ച് ഇത്തരത്തിലുള്ള സഞ്ചിത നഷ്ടം ഒഴിവാക്കേണ്ടതാണ്.

21. പ്രോജക്ട് & കൺസൾട്ടൻസി ഡിവിഷൻ - തൃശ്ശൂർ

21.1 <u>നീക്കിയിരിപ്പ് തുക - 57,223/- രൂപ</u>

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ഭരണ പരമായ ചെലവുകൾ കുറയ്ക്കുന്നതിനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെയും ഭാഗമായി പ്രവർത്തനമില്ലാത്ത ഓഫീസുകൾ നിർത്തലാക്കിയത് സാധൂകരിക്കുന്നതിന് 21.06.2017-ലെ ബോർഡ് യോഗം തീരുമാനിച്ചു (നം.3). ഈ വിവരം 03.07.2017-ലെ Adl(a)3527/2007 നമ്പർ കത്ത് മുഖേന ഈ ഓഫീസിനെ അറിയിച്ചിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ അനുസരിച്ച് എസ്.ബി.ഐ തൃശ്ശൂർ സിവിൽസ്റ്റേഷൻ ബ്രാഞ്ചിൽ 23.11.2016 വരെ ക്രയവിക്രയങ്ങൾ നടത്തിയിട്ടുണ്ട്. (അക്കൗണ്ട് നം.67108113755). ഈ അക്കൗണ്ടിൽ അവശേഷിച്ച 57,223/-

രൂപയിൽ 57,000/- രൂപ 22.02.2017-ൽ ഹെഡ് ഓഫീസ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായാണ് രേഖകളിൽ കാണുന്നത്. അക്കൗണ്ടിൽ അവശേഷിക്കുന്ന തുക പൂർണ്ണമായും ഹെഡ് ഓഫീസിലേക്ക് അയച്ച് അക്കൗണ്ട് ക്ളോസ് ചെയ്യേണ്ടതാണ്. ബാങ്ക് ബുക്ക്, ബാങ്ക് റെക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് തുടങ്ങിയവ പരിശോധനയ്ക്ക് ലഭ്യമാക്കുകയും അവയുടെ കൃത്യത ഓഡിറ്റിന് ബോധ്യമാകുകയും ചെയ്തു.

22. ജില്ലാ ഓഫീസ് - തൊടുപുഴ

പ്രത്യേക പരാമർശമില്ല.

<u>ബ്രാഞ്ച് ഓഫീസുകൾ</u>

23 ബ്രാഞ്ച് ഓഫീസ് - ബാലരാമപുരം

23.1. <u>അക്കൗണ്ടിൽ നിന്നും തുക പിൻവലിക്കപ്പെട്ടിട്ടില്ല.</u>

കെ.എസ്.എച്ച്.ബി തിരുവനന്തപുരം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ഡിസ്ബേഴ്സ്മെന്റ് അക്കൗണ്ട് നം.67001075671-ൽ നിന്നും ചെക്കു മുഖാന്തിരം ചുവടെ ചേർക്കുന്ന തുകകൾ പിൻവലിക്കാൻ വേണ്ടി അനുവദിച്ചിരുന്നു. എന്നാൽ ഇവ മാറിയതായി കാണുന്നില്ല.

31.03.2017 പ്രാബല്യത്തിലുള്ള Uncashed Cheque-ന്റെ പട്ടിക.

ക്രമ നമ്പർ	ചെക്ക് നമ്പർ	തീയതി	ചെക്ക് ലഭിച്ച വ്യക്തി	തുക
1	078236	24.09.2014	ശ്രീ.അനിൽകുമാർ.ബി	2,150
2	078246	12.08.2015	ജില്ലാ കളക്ടർ, തിരുവനന്തപുരം	92,550
3	078248	12.08.2015	തഹസിൽദാർ (R.R) കാട്ടാക്കട	107
4	078250	17.11.2015	ജില്ലാ കളക്ടർ, തിരുവനന്തപുരം	24,371
5	078252	07.04.2016	ജില്ലാ കളക്ടർ, തിരുവനന്തപുരം	52,504
ആകെ				**1,71,682**

മേൽ സൂചിപ്പിച്ച തുകകൾ പിൻവലിക്കാനും ഡിസ്ബേഴ്മെന്റ് അക്കൗണ്ട് കാലികമാക്കുവാനും ഉള്ള നടപടികൾ സ്വീകരിക്കുകയും ആയത് ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

23.2. <u>ശ്രീ.വേണുഗോപാൽ, അസിസ്റ്റന്റ് ഗ്രേഡ്-II - ജോലിക്ക് ഹാജരാകാത്തത് സംബന്ധിച്ച്.</u>

ശ്രീ.വേണുഗോപാൽ, അസിസ്റ്റന്റ് ഗ്രേഡ്-II 2016 ഫെബ്രുവരി വരെയുള്ള കാലയളവിൽ ജോലിക്ക് ഹാജരാകാത്ത ദിവസങ്ങൾ ക്രമീകരിക്കാത്ത് സംബന്ധിച്ച് മുൻ റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു. 2016 മാർച്ച് മുതൽ 2017 ഒക്ടോബർ വരെയുള്ള കാലയളവിൽ താഴെപ്പറയുന്ന ദിവസങ്ങളിൽ ശ്രീ.വേണുഗോപാൽ ജോലിക്ക് ഹാജരായിട്ടില്ല. എന്നാൽ ഈ ദിവസങ്ങൾ ലീവിനത്തിൽ ക്രമീകരിച്ചതായും കാണുന്നില്ല.

മാസം	ഹാജരാകാത്ത ദിവസങ്ങൾ	ആകെ
ഏപ്രിൽ 2016	26, 27, 28, 29, 30	5
മേയ് 2016	2, 3, 4, 5, 6, 7, 11, 12, 17, 18, 19, 20, 21, 28, 30, 31	16
സെപ്റ്റംബർ 2016	3, 5, 6, 7, 8, 9, 17, 19, 20, 22, 23, 24, 26, 27, 28, 29, 30	17
ഡിസംബർ 2016	15, 16	2
ഏപ്രിൽ 2017	6, 7, 10, 11, 12, 15, 17, 19, 20, 21, 22, 24, 25, 26, 27, 28, 29	17
മേയ് 2017	3, 4, 5, 6, 8, 9, 10	7
ജൂലൈ 2017	10, 11, 12, 13, 14, 24, 25, 26, 27, 28, 29	11
ഓഗസ്റ്റ് 2017	1, 2, 3, 4, 5, 8, 9, 10, 11, 14, 16, 17, 18, 19, 23, 24, 25, 26, 29, 30, 31	21
സെപ്റ്റംബർ 2017	2 ,7, 8	3
ഒക്ടോബർ 2017	4, 5, 6, 7, 9, 10, 11, 12, 13, 19, 20, 21, 26, 27, 28	15
ആകെ		114 ദിവസങ്ങൾ

ശ്രീ.വേണുഗോപാൽ സ്ഥിരമായി അനുമതിയില്ലാതെ ജോലിക്ക് ഹാജരാകാതിരിക്കുന്നതായി കാണുന്നു. എന്നാൽ പ്രസ്തുത ദിവസങ്ങൾ ലീവിനത്തിൽ ക്രമീകരിച്ചിട്ടുമില്ല. 532 ഫയലുകൾ ലോൺ കുടിശ്ശികയുള്ള ഈ ഓഫീസിൽ 2 അസിസ്റ്റന്റ് ഉൾപ്പെടെ 5 ഉദ്യോഗസ്ഥർ മാത്രമാണുള്ളത്. ഇതിൽ രണ്ടാം ഗ്രേഡ് അസിസ്റ്റന്റായ ശ്രീ.വേണുഗോപാൽ സ്ഥിരമായി ഓഫീസിൽ ഹാജരാകാത്തത് ഓഫീസ് പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. കൃത്യമായി ജോലിക്ക് ഹാജരാകാത്ത ശ്രീ.വേണുഗോപാലിനെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയം കെ.എസ്.എച്ച്.ബി ബോർഡിലറിയിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

24. ബ്രാഞ്ച് ഓഫീസ് - നെടുമങ്ങാട്

പ്രത്യേക പരാമർശമില്ല

25. ബ്രാഞ്ച് ഓഫീസ് - പത്തനാപുരം

പ്രത്യേക പരാമർശമില്ല

26. ബ്രാഞ്ച് ഓഫീസ് - കരുനാഗപ്പള്ളി

പ്രത്യേക പരാമർശമില്ല

27. ബ്രാഞ്ച് ഓഫീസ് - അടൂർ

പ്രത്യേക പരാമർശമില്ല

28. ബ്രാഞ്ച് ഓഫീസ് - ചങ്ങനാശ്ശേരി

പ്രത്യേക പരാമർമില്ല

29. ബ്രാഞ്ച് ഓഫീസ് - പാല

29.1. ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല - വൻ തുക കുടിശ്ശിക വരുത്തി.

പാലാ ബ്രാഞ്ച് ഓഫീസിലെ HIG-97/P-3 നമ്പർ വായ്പ പ്രകാരം ശ്രീ.ഗോപി.പി.എം, കുന്നത്ത്താഴെ, നെച്ചിപ്പുഴൂർ, ചക്കമ്പുഴ എന്നയാൾക്ക് ഭവന നിർമ്മാണത്തിനായി 5 ലക്ഷം രൂപ ചുവടെ പറയുന്ന തീയതികളിൽ അനുവദിച്ച് നൽകി.

17.12.1997	-	100000
03.02.1998	-	200000
24.04.1998	-	200000
		500000

ളാലം വില്ലേജ് ബ്ളോക്ക് നം.21, റീസർവ്വേ നമ്പർ 318/1/1 പ്രകാരമുള്ള 4 ആർ 45 ചതുരശ്ര മീറ്റർ വസ്തു പണയവസ്തുവായി നൽകിയാണ് ടിയാൾ വായ്പാ തുക കൈപ്പറ്റിയത്. കരാർ വ്യവസ്ഥ പ്രകാരം 5/98 മുതൽ 108 പ്രതിമാസ തവണകളായി 9832/- വീതം ബോർഡിലേയ്ക്ക് തിരിച്ചടയ്ക്കണമായിരുന്നു. എന്നാൽ 08.01.2015 വരെ ടിയാൾ തുകയൊന്നും തന്നെ തിരിച്ചടച്ചിട്ടില്ല.

വായ്പാ തുക കുടിശ്ശികയായതിനെ തുടർന്ന് 2001-ൽ ജില്ലാ കളക്ടർ മുഖാന്തിരം ആർ.ആർ നടപടിക്ക് ശുപാർശ ചെയ്തിരുന്നു. ആർ.ആർ സർട്ടിഫിക്കറ്റ് മടക്കി നൽകിയതിനെ തുടർന്ന് 01.12.2010-ൽ സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ മുഖേന ആർ.ആർ നടപടികൾ സ്വീകരിച്ചുവരുന്നു. അതിന് ശേഷം ടിയാൾ 95,000/- രൂപ മുതൽ, പലിശ, മുടക്ക പലിശ, പിഴപലിശ എന്നീയിനങ്ങളിൽ തിരികെ അടച്ചിട്ടുണ്ട്.

വായ്പാ ഫയൽ പരിശോധിച്ചതിൽ നിന്നും, ടിയാൾ വായ്പവെടുത്ത് പണിഞ്ഞിരിക്കുന്ന വീട് വാർക്ക പണി കഴിഞ്ഞ് മൂന്നാം ഗഡു കൈപ്പറ്റിയ ശേഷം മറ്റ് പണികളൊന്നും ചെയ്തിട്ടില്ല എന്നും കാടുകയറി കിടക്കുന്നതിനാൽ വീട്ടിൽ പ്രവേശിക്കാൻ കഴിയില്ല എന്നും പഞ്ചായത്തിൽ നിന്നും വീട്ടു നമ്പർ ലഭിച്ചിട്ടില്ല എന്നും കാണുന്നു. ടിയാൾ ഇപ്പോൾ വിളക്കുമാടം എന്ന സ്ഥലത്ത് ഒരു ചെറിയ കുടിലിലാണ് താമസം എന്നും ഫയലിൽ സൂചിപ്പിച്ചിട്ടുണ്ട്. 15.12.2017-ലെ തീർപ്പാക്കൽ പത്രിക പ്രകാരം ആകെ 39,41,117/- രൂപ കുടിശ്ശികയുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരമുള്ള ഇളവിന് ശേഷം അടക്കേണ്ട തുക 22,65,685/- രൂപയാണ്.

റവന്യൂ റിക്കവറി നടപടിക്രമങ്ങളുടെ ഭാഗമായി പലതവണ ലേലത്തിന്വച്ചിരുന്നങ്കിലും ലേലത്തിൽ പങ്കെടുക്കാൻ മതിയായ ആൾക്കാരെ ലഭിച്ചില്ല. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി ബോർഡിന് ലഭിക്കേണ്ട കുടിശ്ശിക തുക അടിയന്തിരമായി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

30. ബ്രാഞ്ച് ഓഫീസ് - കാഞ്ഞിരപ്പള്ളി

30.1. <u>ബ്രാഞ്ച് ഓഫീസിലെ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നത് - സംബന്ധിച്ച്.</u>

15.12.2016 ന് പ്രവർത്തനം അവസാനിപ്പിച്ച കാഞ്ഞിരപ്പള്ളി ബ്രാഞ്ചിലെ ബാങ്ക് അക്കൗണ്ടുകളുടെ വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നമ്പർ	അക്കൗണ്ട് തരം	അക്കൗണ്ട് നമ്പർ	ബാങ്ക് / ശാഖ	ബാലൻസ് തുക
1	റെമിറ്റൻസ്	67001162792	SBT, കാഞ്ഞിരപ്പള്ളി	4374/-
2	ഡിസ്ബേഴ്സ്മെന്റ്	57015762223	SBT, കാഞ്ഞിരപ്പള്ളി	5394/-

ഈ അക്കൗണ്ടുകൾ ക്ലോസ് ചെയ്യാനും ബാലൻസ് തുകകൾ കെ.എസ്.എച്ച്.ബി ഹെഡ് ഓഫീസിലെ ബാങ്ക് അക്കൗണ്ടിലേക്കു മാറ്റാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

31. ബ്രാഞ്ച് ഓഫീസ് - പെരുമ്പാവൂർ

പ്രത്യേക പരാമർശമില്ല.

32. ബ്രാഞ്ച് ഓഫീസ് - കോതമംഗലം

പ്രത്യേക പരാമർശമില്ല.

33. ബ്രാഞ്ച് ഓഫീസ് - ഇരിങ്ങാലക്കുട

പത്യേക പരാമർശമില്ല.

<u>വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ</u>

34. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ - ഗാന്ധിനഗർ - കോട്ടയം

34.1. <u>മാനേജ്മെന്റ് കമ്മിറ്റി കൃത്യമായി കൂടുന്നില്ല.</u>

3 മാസത്തിലൊരിക്കൽ മാനേജ്മെന്റ് കമ്മിറ്റി കൂടണമെന്ന് നിയമം നിഷ്കർഷിക്കുന്നുണ്ടെങ്കിലും ഓഡിറ്റ് വർഷം 27.02.2017-ൽ ഒരു തവണ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. ഹോസ്റ്റലിന്റെ സുഗമമായ നടത്തിപ്പിന് നിയമം അനുശാസിക്കും പ്രകാരം കൃത്യമായ ഇടവേളകളിൽ മാനേജ്മെന്റ് കമ്മിറ്റി കൂടാൻ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ

കമ്മിറ്റി തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ഒരു മോണിറ്ററിങ് സമിതി രൂപീകരിക്കുന്നതും ഉചിതമായിരിക്കും.

34.2. ജലം വാങ്ങൽ - മാനേജ്മെന്റ് കമ്മിറ്റി അംഗീകാരമില്ല .

ഓഡിറ്റ് കാലയളവിൽ ദൈനംദിന ആവശ്യങ്ങൾക്ക് ജലം വാങ്ങിയതായി വിവിധ എക്സിക്യൂട്ടീവ് കമ്മിറ്റി മിനിട്ട്സിൽ കാണുന്നു. എന്നാൽ ഇത് സംബന്ധിച്ച് മാനേജ്മെന്റ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയിട്ടില്ല. വാട്ടർ അതോറിറ്റിയുടെ കണക്ഷനും, കിണറും ഉള്ള ഹോസ്റ്റലിൽ ഇപ്രകാരം ജലം വാങ്ങിയത് ന്യായീകരിക്കത്തക്കതല്ല. ലഭ്യമായ സമയത്ത് സ്റ്റോറേജ് ടാങ്കുകളിൽ ജലം സംരഭിച്ചിരുന്നെങ്കിൽ ഈ ഇനത്തിലെ അധിക ചെലവ് ഒഴിവാക്കാമായിരുന്നു.

എക്സിക്യൂട്ടീവ് ബോർഡ് തീയതി	വാങ്ങിയ ജലം	നൽകിയ തുക
03.05.2016	9 ലോഡ്	6,300/-
17.06.2016	16 ലോഡ്	11,200/-
25.07.2016	7 ലോഡ് @ 700/ലോഡ്	4,900/-
18.08.2016	9 ലോഡ്	6,300/-
10.09.2016	12 ലോഡ്	7,800/-
26.10.2016	5 ലോഡ്	3,500/-
14.11.2016	55 ലോഡ് @ 700/ലോഡ്	38,500/-
28.12.2016	17 ലോഡ്	11,900/-
25.01.2017	26 ലോഡ്	18,200/-
25.02.2017	13 ലോഡ്	9,600/-
ആകെ		**1,18,200/-**

ഈ ചെലവുകൾക്ക് മാനേജ്മെന്റ് കമ്മിറ്റിയുടെ അംഗീകാരം നേടേണ്ടതാണ്.

35. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ - മുട്ടം

35.1. കളനാശിനി തളിച്ചത്

ഹോസ്റ്റലിൽ കളനാശിനി തളിച്ചതിന് വൗച്ചർ പ്രകാരം തുക നൽകി. എന്നാൽ ഇത് സംബന്ധിച്ച് മാനേജ്മെന്റ് കമ്മിറ്റി അംഗീകാരം നൽകിയതായി കാണുന്നില്ല. കൂടാതെ കളനാശിനി വാങ്ങിയതിന്റെ ബില്ല്, കൂലി നൽകിയ കൈപ്പറ്റ് എന്നിവ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈ ചെലവിന്റെ ആധികാരികത പരിശോധിക്കാനായില്ല. ടി ചെലവിന് മാനേജ്മെന്റ് കമ്മിറ്റിയുടെ അംഗീകാരം നേടേണ്ടതാണ്.

36. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ - കാക്കനാട്

36.1. വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം - പ്രയോജനമില്ലാത്ത പ്രവൃത്തി നടത്തിയതിലൂടെ ബോർഡിന് നഷ്ടം.

കാക്കനാട് വർക്കിംഗ് വിമൻസ് ഹോസ്റ്റലിലെ വേസ്റ്റ് വാട്ടർ ട്രീറ്റ് ചെയ്ത് പുനരുപയോഗം നടത്തുന്നതിലേക്കായി 20,46,751/- രൂപ ചെലവഴിച്ച് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ച് 07/2015-ൽ

പ്രവർത്തനമാരംഭിച്ചു. വേസ്റ്റ് വാട്ടർ ട്രീറ്റ് ചെയ്ത് ഹോസ്റ്റലിന്റെ ഉപയോഗത്തിലേക്ക് എടുക്കാനാണ് ലക്ഷ്യമിട്ടതെങ്കിലും നിലവിൽ ഈ വെള്ളം ഹോസ്റ്റലിൽ ഉപയോഗിക്കാതെ ഒഴുക്കിക്കളയുകയാണ് ചെയ്യുന്നത്. എന്നാൽ ഇപ്രകാരം വെള്ളം ഒഴുക്കിക്കളയാനുള്ള ഫലപ്രദമായ സംവിധാനം ഇല്ലാത്തതിനാൽ പരിസരത്ത് തന്നെ കെട്ടിക്കിടന്ന് നാട്ടുകാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി 19.10.2016-ലെ മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചുരുക്കത്തിൽ പ്ലാന്റ് സ്ഥാപിച്ചതുകൊണ്ട് ഉദ്ദേശിച്ച ലക്ഷ്യം കണ്ടില്ലെന്ന് മാത്രമല്ല നാട്ടുകാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു.

യാതൊരു പ്ലാനോ ലക്ഷ്യമോ ഇല്ലാതെ ഈ പദ്ധതി നടപ്പാക്കിയതിലൂടെ ബോർഡിൽ നല്ലൊരു തുക ചെലവായിട്ടുണ്ട്. കൂടാതെ പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് മെയിന്റനൻസ് നടത്താനായി ഓരോ വർഷവും നല്ലൊരു തുക ചെലവഴിക്കേണ്ടിയും വരും. മാനേജ്മെന്റ് കമ്മിറ്റിയുടെ മീറ്റിംഗിന്റെ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ നിന്നും ഇത്തരമൊരു ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാനുള്ള തീരുമാനമെടുത്തതായി കാണുന്നില്ല. പ്ലാന്റ് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത, എസ്റ്റിമേറ്റ്, ചെലവിന്റെ വിശദാംശങ്ങൾ മുതലായവ സംബന്ധിച്ച ഫയൽ ഓഫീസിൽ ലഭ്യമല്ല. കൂടാതെ പ്രസ്തുത പ്ലാന്റ് സ്ഥാപിച്ചതിന്റെ വിവിധ ഘട്ടങ്ങളിൽ ചെലവ് നടത്തിയതിന്റെ രേഖകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ലെന്ന് 2015-2016 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുമുണ്ട്. (56,070/- രൂപ തടസ്സപ്പെടുത്തിയിട്ടുമുണ്ട്)

2016-2017 വർഷം പ്ലാന്റ് പ്രവർത്തിപ്പിക്കാനുള്ള 3 ഫേസ് കണക്ഷൻ എടുക്കാനായി 9,350/- രൂപയും ട്രീറ്റ് ചെയ്ത വെള്ളം കെട്ടിക്കിടക്കാതെ ഒഴുക്കിവിടുന്നതിനായി 1,935/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഈ ചെലവ് സംബന്ധിച്ച ഫയൽ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ 11,285/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൂടാതെ ഇത്തരമൊരു ഉപയോഗപ്രദമല്ലാത്ത പദ്ധതി 20 ലക്ഷത്തിൽപ്പരം രൂപ ചെലവഴിച്ച് സ്ഥാപിക്കാനിടയായ സാഹചര്യവും അറിയിക്കേണ്ടതാണ്.

37. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ - പുല്ലഴി

37.1. ആർട്ടിക്കിൾ ഓഫ് മാനേജ്മെന്റ് അനുശാസിക്കും വിധം എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേരുന്നില്ല.

ഭവന നിർമ്മാണ ബോർഡ് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ആർട്ടിക്കിൾ ഓഫ് മാനേജ്മെന്റ് ഭാഗം-II C(1) പ്രകാരം ഹോസ്റ്റലിന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ മേൽനോട്ട ചുമതല എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹോസ്റ്റൽ മാനേജർ, മേട്രൻ, വാർഡൻ, താമസക്കാരുടെ പ്രതിനിധി എന്നിവർ ഉൾപ്പെട്ട അഞ്ചംഗ എക്സിക്യൂട്ടീവ് കമ്മിറ്റിക്കാണ്. ആർട്ടിക്കിൾ ഭാഗം-I C(2) പ്രകാരം ഭവന നിർമ്മാണ ബോർഡ് തൃശ്ശൂർ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധ്യക്ഷതയിൽ എല്ലാ മാസവും കമ്മിറ്റി കൂടി സ്ഥിതി ഗതികളും, പ്രവർത്തനവും വിലയിരുത്തേണ്ടതാണ്. എന്നാൽ 2016-2017 സാമ്പത്തിക വർഷം 12 എക്സിക്യൂട്ടീവ് കമ്മിറ്റികൾ കൂടേണ്ടിയിരുന്നിടത്ത് കേവലം 4 കമ്മിറ്റികൾ മാത്രമാണ് കൂടിയിട്ടുള്ളത്. (28.05.2016, 29.07.2016, 07.11.2016, 12.01.2017 എന്നീ ദിവസങ്ങളിൽ മാത്രം)

കമ്മിറ്റിയിലെ 4/5 അംഗങ്ങളും ഹോസ്റ്റലിൽ തന്നെ എപ്പോഴും ഉള്ളവരും അധിക ജോലി ഭാരം ഇല്ലാത്തവരുമായിരുന്നിട്ടും ആർട്ടിക്കിൾ ഓഫ് മാനേജ്മെന്റിന് വിരുദ്ധമായി പ്രവർത്തിക്കുന്നത്

അംഗീകരിക്കാനാവില്ല. മേലിൽ ആർട്ടിക്കിൾ അനുശാസിക്കും പ്രകാരം എല്ലാ മാസവും കൃത്യമായി എക്സിക്യൂട്ടീവ് കമ്മിറ്റി കൂടേണ്ടതും ഹോസ്റ്റലിന്റെ പ്രവർത്തനങ്ങൾ സസൂക്ഷ്മം വിലയിരുത്തേണ്ടതുമാണ്.

നടപ്പുവർഷം യഥാസമയം എക്സിക്യൂട്ടീവ് കമ്മിറ്റി കൂടാതിരുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ/ഹോസ്റ്റൽ മാനേജർ എന്നിവർ വിശദീകരണം നൽകേണ്ടതാണ്.

37.2. ഹോസ്റ്റൽ മാനേജ്മെന്റ് കമ്മിറ്റി - ആർട്ടിക്കിൾ ഓഫ് മാനേജ്മെന്റ് ചട്ടം പാലിക്കുന്നില്ല.

ഭവന നിർമ്മാണ ബോർഡിന്റെ പുല്ലഴി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ആർട്ടിക്കിൾ ഓഫ് മാനേജ്മെന്റ് ഭാഗം-1 ആർട്ടിക്കിൾ ബി(1) പ്രകാരം ഹോസ്റ്റലിന്റെ നടത്തിപ്പ് ഭവന നിർമ്മാണ ബോർഡ് ചെയർമാൻ തന്നെ ചെയർമാനായുള്ള 11 അംഗ മാനേജ്മെന്റ് കമ്മിറ്റി വഴിയായിരിക്കും നടത്തുക. ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി കൺവീനർ ആയ പ്രസ്തുത കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കൽ കൂടേണ്ടതും [ആർട്ടിക്കിൾ B(3)] ഹോസ്റ്റലിന്റെ പ്രവർത്തനം വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. കമ്മിറ്റിയിൽ അഞ്ച് അംഗങ്ങൾ ഹാജരായിട്ടുണ്ട് എങ്കിലും ക്വാറം മതിയാകുന്നതുമാണ് [ആർട്ടിക്കിൾ B(5)].

എന്നാൽ 2016-2017 സാമ്പത്തികവർഷം 4 ഹോസ്റ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ കൂടേണ്ടിയിരുന്നിടത്ത് രണ്ട് കമ്മിറ്റികൾ (30.09.2016, 28.02.2017) മാത്രമാണ് കൂടിയിട്ടുള്ളത്. ഹോസ്റ്റൽ മാനേജ്മെന്റ് ആർട്ടിക്കിൾ ഓഫ് മാനേജ്മെന്റ് അനുശാസിക്കും വിധം മാനേജ്മെന്റ് കമ്മിറ്റി കൂടേണ്ടത് നിയമപരമായ ബാധ്യതയാണെന്ന് ഓർമ്മപ്പെടുത്തുന്നു. ഭാവിയിൽ ആർട്ടിക്കിൾ ഓഫ് മാനേജ്മെന്റ് പ്രകാരം ഹോസ്റ്റൽ പ്രവർത്തിപ്പിക്കാൻ ചെയർമാൻ/സെക്രട്ടറി എന്നിവർ പ്രത്യേകം നിർദ്ദേശം നൽകേണ്ടതാണ്.

28.02.2017-ലെ ഹോസ്റ്റൽ മാനേജ്മെന്റ് കമ്മിറ്റിയിൽ ഹോസ്റ്റലിന്റെ ചുറ്റുമതിലിന് ഉയരം കുറവായതിനാൽ മതിലിന് മുകളിൽ കമ്പിവേലി സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നു (തീരുമാനം-5) എന്നാൽ നാളിതുവരെയായി പ്രസ്തുത തീരുമാനം നടപ്പിലാക്കിയിട്ടില്ല. തീരുമാനത്തിന്മേലുള്ള നടപടികളുടെ പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഭാഗം-IV

1. ഓഡിറ്റ് സംക്ഷിപ്തം.

1.1 തടസ്സപ്പെടുത്തിയ തുകകൾ.

ഭാഗം - II-ലെ ഖണ്ഡിക നമ്പർ	തുക
1-6	6,00,000
1-7	46,000
5-2	3,99,984
9-1	1,23,768
18-7	72,000
ആകെ	**12,41,752**

1.2 വരവിനങ്ങളിലെ നഷ്ടം.

ഭാഗം - II-ലെ ഖണ്ഡിക നമ്പർ	തുക
6-7	3,46,32,662.00
8-2	73,76,203.77
8-3	8,55,885.00
8-4	48,379.48
10-2	3,33,754.00
12-1	9,15,926.00
16-2	25,750.00
16-3	6,87,734.41
20-2	1,86,89,854.00
32-2	12,94,516.00
32-4	51,88,111.00
ആകെ	**7,00,48,775.66**

1.3 നിരാകരിച്ച തുക / ചെലവിനങ്ങളിലെ നഷ്ടം.

ഭാഗം-II-ലെ ഖണ്ഡിക നമ്പർ	തുക
1-6	1,96,774
ആകെ	**1,96,774**

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഓഡിറ്റ് ഓഫീസ്

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 4- ാം വകുപ്പും, 1971-ലെ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നിയമം, 123(1) വകുപ്പും, കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ 2016-2017-ലെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ / നിരാകരിച്ച തുകകളുടെ വിശദാംശങ്ങൾ, വരവിനങ്ങളിലെ നഷ്ടം, സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം, രേഖകൾ ലഭ്യമാക്കാത്തതിന്റെ വിശദാംശങ്ങൾ എന്നിവ റിപ്പോർട്ടിന്റെ വിവിധ ഖണ്ഡികകളിൽ സൂചിപ്പിച്ചിട്ടുണ്ട്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഓഡിറ്റ് ഓഫീസ്

Kerala State Housing Board

HOUSING BOARD BUILDING

THIRUVANANTHAPURAMG

PROFIT AND LOSS ACCOUNT FOR THE YEAR ENDED 31/03/2017

Particulars	Schedule	Figures as at the end of Current Financial Year (31/03/2017)	Figures as at the end of Previous Financial Year (31/03/2016)
INCOME			
RESERVES AND SURPLUS	-	0	0
RENT & LEASE	-	179,675,326.88	127,693,930.80
SERVICE CHARGES & SCRUTINY FEE	-	14,790,306.00	16,860,014.00
INTEREST RECEIPT	17	110,707,562.46	183,562,206.91
MISCELLANEOUS INCOME	18	43,528,528.05	101,751,041.61
Total		**348,701,723.39**	**429,867,193.32**
EXPENDITURE			
SALARIES AND ALLOWANCES	19	236,105,677.00	260,598,736.00
EXPENDITURE ON BOARD MEMBERS	20	141,670.00	611,404.00
TRAVELLING EXPENSES	21	468,176.00	660,412.00
OFFICE EXPENSES	22	45,563,967.40	48,737,229.32
EMPLOYEES WELFARE EXPENSES	23	210,163,514.00	209,487,998.00
VEHICLE EXPENSES	24	2,547,333.00	2,065,063.00
REPAIRS AND MAINTENANCE	25	10,795,544.00	9,723,647.00
INTEREST AND BANK CHARGES	26	22,564,193.88	22,827,849.29
Total		**528,350,075.28**	**554,712,338.61**
Profit / Loss for the Year		**(-) 179,648,351.89**	**(-) 124,845,145.29**
TOTAL		**(-) 179,648,351.89**	**(-) 124,845,145.29**

Kerala State Housing Board

HOUSING BOARD BUILDING

THIRUVANANTHAPURAMG

BALANCE SHEET AS AT 31/03/2017

Particulars	Schedule	Figures as at the end of Current Financial Year (31/03/2017)	Figures as at the end of Previous Financial Year (31/03/2016)
SOURCE OF FUNDS			
FUND EMPLOYED			
CAPITAL GRANT & SUBSIDY	1	780,113,865.00	581,512,960.00
REVALUTION RESERVE	-	8,085,982,426.19	8,085,982,426.19
SINKING FUND	-	4,000,000.00	4,000,000.00
DEBENTURES	2	0	0
LOANS	3	11,226,688,647.00	11,226,688,647.00
ANNUITY DEPOSIT	4	0	0
ADVANCE AND DEPOSITS	5	32,112,307.95	31,831,731.95
DEPOSIT FOR WORKS	6	9,231,817.00	68,054,754.00
Total		**20,138,129,063.14**	**19,998,070,519.14**
APPLICATION OF FUNDS			
FIXED ASSETS	7	8,775,130,391.94	8,805,022,743.34
WORK IN PROGRESS	8	397,367,251.41	263,027,057.41
CURRENT ASSETS, LOANS & ADVANCES			
INVENTORY / STOCK OF MATERIALS	9	3,937,895.00	3,937,895.00
SUNDRY DEBTORS FOR HP FOR LAND / BUILDING / FLATS	10	6,383,383.00	6,471,573.00
LOANS (Dr)	11	868,920,850.56	886,190,654.18
GOVERNMENT RENTAL HOUSING SCHEME (Dr)	12	9,573,764.00	9,573,764.00
ADVANCE DEPOSITS & PREPAID EXPENSES	13	3,277,017,361.81	3,348,040,886.81
OTS WAVEMENT RECEIVED FROM GOVERNMENT	-	1,963,726,603.00	1,921,925,650.00
CASH AND BANK BALANCES	14	1,065,746,120.83	1,103,441,286.67
Sub Total		**7,195,305,978.20**	**7,279,581,709.66**
Less :			
CURRENT LIABILITIES AND PROVISIONS	15	2,299,983,364.11	2,240,221,445.08
Net Current Assets		**4,895,322,614.09**	**5,039,360,264.58**
PROFIT AND LOSS ACCOUNT	16	5,890,660,453.81	5,890,660,453.81
Profit / Loss for the Year		**(-) 179,648,351.89**	
TOTAL		**20,138,129,063.14**	**19,998,070,519.14**

അനുബന്ധം - 1

തീർപ്പാക്കാത്ത ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദവിവരം

ക്രമ. നം.	വർഷം	ഓഡിറ്റ് റിപ്പോർട്ടിന്റെ നമ്പരും തീയതിയും	റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി
1	1962 -1963 മുതൽ 1969-1970	എൽ.എഫ്.എസ്.2/4454/1970 (സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട്, സി.ഐ.റ്റി, തിരുവനന്തപുരം)	30.09.1970
2	05.03.1971 മുതൽ 31.03.1971	എൽ.എഫ്.എൻ/8952/12-1973	24.07.1973
3	1971-1972	എൽ.എഫ്.എൻ/12/6645/1974	06.12.1974
4	1972-1973	എൽ.എഫ്.എച്ച്.ബി.എ/360/1973	11.09.1975
5	1973-1974	എൽ.എഫ്.എച്ച്.ബി.എ4/240/1976	15.03.1976
6	1974-1975	എൽ.എഫ്.എച്ച്.ബി.എ4/89/1977	15.01.1977
7	1975-1976	എൽ.എഫ്.എച്ച്.ബി.എ4/381/1978	29.03.1978
8	1976-1977	എൽ.എഫ്.എച്ച്.ബി.എ4/868/1979	16.05.1979
9	1977-1978	എൽ.എഫ്.എച്ച്.ബി.എ4/563/1980	18.04.1980
10	1978-1979	എൽ.എഫ്.എച്ച്.ബി.എ4/216/1981	28.02.1981
11	1979-1980	എൽ.എഫ്.എച്ച്.ബി.എ4/607/1982	31.03.1982 ഖണ്ഡിക നം.27(സ്റ്റോർ) & ഖണ്ഡിക നം.33 തീർപ്പാക്കാനുണ്ട്)
12	1983-1984	എൽ.എഫ്.എച്ച്.ബി.എ4/130/1988	30.06.1988
13	1987-1988	എൽ.എഫ്.എച്ച്.ബി.എ4/414/1993	30.06.1992
14	1988-1989	എൽ.എഫ്.എച്ച്.ബി.എ4/414/1993	30.06.1992
15	1989-1990	എൽ.എഫ്.എച്ച്.ബി.എ4/414/1993	30.06.1992
16	1990-1991	എൽ.എഫ്.എച്ച്.ബി.എ4/70/1996	12.01.1996
17	1991-1992	എൽ.എഫ്.എച്ച്.ബി.എ4/400/1996	14.05.1996
18	1992-1993	എൽ.എഫ്.എച്ച്.ബി.എ4/612/1996	18.10.1996
19	1993-1994	എൽ.എഫ്.എച്ച്.ബി.എ4/630/1997	10.12.1997
20	1994-1995	എൽ.എഫ്.എച്ച്.ബി.എ4/630/1997	31.01.1998

21	1995-1996	എൽ.എഫ്.എച്ച്.ബി.എ4/82/1998	10.11.1998
22	1996-1997	എൽ.എഫ്.എച്ച്.ബി.എ4/287/1998	27.04.1999
23	1997-1998	എൽ.എഫ്.എച്ച്.ബി.എ4/840/1998	30.06.2000
24	1998-1999	എൽ.എഫ്.എച്ച്.ബി.എ4/491/2000	27.06.2003
25	1999-2000	എൽ.എഫ്.എച്ച്.ബി.എ4/417/2003	16.06.2004
26	2000-2001	എൽ.എഫ്.എച്ച്.ബി.എ4/418/2003	12.07.2004
27	2001-2002	എൽ.എഫ്.എച്ച്.ബി.എ4/660/2004	09.05.2005
28	2002-2003	എൽ.എഫ്.എച്ച്.ബി.എ4/711/2004	31.05.2005
29	2003-2004	എൽ.എഫ്.എച്ച്.ബി.എ4/765/2005	30.03.2006
30	2004-2005	എൽ.എഫ്.എച്ച്.ബി.എ4/424/2006	17.07.2006 / 04.07.2007
31	2005-2006	എൽ.എഫ്.എച്ച്.ബി.എ11/431(i)/2007	12.02.2009
32	2006-2007	എൽ.എഫ്.എച്ച്.ബി.എ11/232/2009	14.05.2009 / 28.08.2009
33	2007-2008	എൽ.എഫ്.എച്ച്.ബി.എ11/439/2008	04.01.2010 / 14.05.2010
34	2008-2009	എൽ.എഫ്.എച്ച്.ബി.എ11/249/2008	01.11.2010
35	2009-2010	എൽ.എഫ്.എച്ച്.ബി.എ11/229/2011	26.07.2011
36	2010-2011	എൽ.എഫ്.എച്ച്.ബി.എ11/265/2012	21.05.2012
37	2011-2012	എൽ.എഫ്.എച്ച്.ബി.എ11/722/2013	20.11.2013
38	2012-2013	എൽ.എഫ്.എച്ച്.ബി.എ7/406/2014	01.09.2014
39	2013-2014	കെ.എസ്.എ-എസ്.എച്ച്.ബി.എ.7/914/2015	01.12.2015
40	2014-2015	കെ.എസ്.എ-എസ്.എച്ച്.ബി.എ.7/472/2016	27.12.2016
41	2015-2016	കെ.എസ്.എ-എസ്.എച്ച്.ബി.എ.4/427/2017	07.11.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഓഡിറ്റ് ഓഫീസ്

അനുബന്ധം II

2016-2017 സാമ്പത്തിക വർഷത്തിൽ ബോർഡിന്റെ വിവിധ ഓഫീസ് മേധാവികളുടെ വ്യക്തിഗത വിവരങ്ങൾ ചുവടെ ചേർക്കുന്നു.

I. ആസ്ഥാന ഓഫീസ്				
ക്രമ നം.	**ഓഫീസിന്റെ പേര്**	**ഉദ്യോഗസ്ഥരുടെ ഔദ്യോഗിക നാമം**	**ഉദ്യോഗസ്ഥന്റെ പേര്**	**ഉദ്യോഗസ്ഥരുടെ കാലയളവ്**
1	ബോർഡ് സെക്രട്ടേറിയറ്റ്	ചീഫ് അക്കൗണ്ട്സ് ഓഫീസർ	ശ്രീമതി.സരോജാ നായർ.ബി ശ്രീമതി.എസ്.ഷീല ശ്രീ.ബി.എസ്.ഗിരീശൻ	01.04.2016 മുതൽ 31.07.2016 വരെ 01.08.2016 മുതൽ 03.10.2016 വരെ 04.10.2016 മുതൽ 31.03.2017 വരെ
II. ഹൗസിംഗ് യൂണിറ്റുകൾ				
1.	തിരുവനന്തപുരം	റീജിയണൽ എൻജിനീയർ	ശ്രീമതി.പി.എൻ.റാണി	01.04.2016 മുതൽ 31.03.2017 വരെ
2.	കൊച്ചി	റീജിയണൽ എൻജിനീയർ	ശ്രീ.മണികണ്ഠൻ ശ്രീ.കെ.കെ.ഗോപാലൻ	01.04.2016 മുതൽ 04.03.2017 വരെ 05.03.2017 മുതൽ 31.03.2017 വരെ
3.	കോഴിക്കോട്	റീജിയണൽ എൻജിനീയർ	ശ്രീമതി.സി.ജെ.അനില ശ്രീ.ജോസഫ് ജോണി ശ്രീ.എസ്.മണികണ്ഠൻ ശ്രീ.ജോസഫ് ജോണി ശ്രീ.എസ്.മണികണ്ഠൻ	01.04.2016 മുതൽ 17.08.2016 വരെ 18.08.2016 മുതൽ 22.09.2016 23.09.2016 മുതൽ 12.10.2016 വരെ 13.10.2016 മുതൽ 13.03.2017 വരെ 14.03.2017 മുതൽ 31.03.2017
III. ഡിവിഷൻ ഓഫീസുകൾ				
1.	ഡിവിഷൻ നം. I	എക്സിക്യൂട്ടീവ് എൻജിനീയർ	ശ്രീ.റ്റി.സത്യൻ	01.04.2016 മുതൽ 18.06.2016 വരെ

	തിരുവനന്തപുരം		ശ്രീ.എസ്.എം.അജിത്കുമാർ ശ്രീ.ജി.പ്രമോദ്	19.06.2016 മുതൽ 01.03.2017 വരെ 01.03.2017 മുതൽ 31.03.2017 വരെ
2.	ഡിവിഷൻ നം. II തിരുവനന്തപുരം	എക്സിക്യൂട്ടീവ് എൻജിനീയർ	ശ്രീ.എ.എസ്.ശിവകുമാർ ശ്രീമതി.ബീനാലത	01.04.2016 മുതൽ 13.0.2016 വരെ 13.06.2016 മുതൽ 31.03.2017 വരെ
3.	ഡിവിഷൻ ഓഫീസ്, കൊല്ലം	എക്സിക്യൂട്ടീവ് എൻജിനീയർ	ശ്രീ.ജി.സുരേഷ്കുമാർ	01.04.2016 മുതൽ 31.03.2017 വരെ
4.	ഡിവിഷൻ ഓഫീസ്, പത്തനംതിട്ട	എക്സിക്യൂട്ടീവ് എൻജിനീയർ	ശ്രീമതി.ശോശാമ്മ വർഗ്ഗീസ്	01.04.2016 മുതൽ 31.03.2017 വരെ
5.	ഡിവിഷൻ ഓഫീസ്, കോട്ടയം	എക്സിക്യൂട്ടീവ് എൻജിനീയർ	ശ്രീ.പി.സി.മോഹനൻ ശ്രീമതി.ആൻസി.കെ. കുര്യാക്കോസ്	01.04.2016 മുതൽ 27.09.2016 വരെ 28.09.2016 മുതൽ 31.03.2017 വരെ
6.	ഡിവിഷൻ ഓഫീസ്, ആലപ്പുഴ	എക്സിക്യൂട്ടീവ് എൻജിനീയർ	ശ്രീ.എസ്.എം.അജിത്കുമാർ ശ്രീ.റ്റി.സത്യൻ ശ്രീ.പി.സി.മോഹനൻ	01.04.2016 മുതൽ 18.06.2016 വരെ 19.06.2016 മുതൽ 04.10.2016 വരെ 05.10.2016 മുതൽ 31.03.2017 വരെ
7.	ഡിവിഷൻ ഓഫീസ്, എറണാകുളം	എക്സിക്യൂട്ടീവ് എൻജിനീയർ	ശ്രീമതി.കെ.എം.ഷീനാ നാൻസി	01.04.2016 മുതൽ 31.03.2017 വരെ
8.	ഡിവിഷൻ ഓഫീസ്, ഇടുക്കി (കട്ടപ്പന)	എക്സിക്യൂട്ടീവ് എൻജിനീയർ	ശ്രീ.കെ.കെ.ഗോപാലൻ ശ്രീ.കെ.കെ.ജോസഫ്	01.04.2016 മുതൽ 03.03.2017 വരെ 03.03.2017 മുതൽ 31.03.2017 വരെ
9.	ഡിവിഷൻ	എക്സിക്യൂട്ടീവ്	ശ്രീ.കെ.എ.ജോസഫ്	01.04.2016 മുതൽ

	ഓഫീസ്, തൃശ്ശൂർ	എൻജിനീയർ	ശ്രീമതി.സിമി.പി	22.06.2016വരെ 22.06.2016 മുതൽ 31.03.2017 വരെ
10.	ഡിവിഷൻ ഓഫീസ്, മലപ്പുറം	എക്സിക്യൂട്ടീവ് എൻജിനീയർ	ശ്രീമതി.പി.സിമി ശ്രീ.ജോസഫ് ജോണി ശ്രീമതി.പി.സിമി ശ്രീ.റ്റി.ഗോപാലകൃഷ്ണൻ ശ്രീ.അഹമ്മദ് അബ്ബാസ്	01.04.2016 മുതൽ 16.05.2016 വരെ 17.05.2016 മുതൽ 21.05.2016 വരെ 22.05.2016 മുതൽ 13.06.2016 വരെ 14.06.2016 15.06.2016 മുതൽ 31.03.2017 വരെ
11.	ഡിവിഷൻ ഓഫീസ്, പാലക്കാട്	എക്സിക്യൂട്ടീവ് എൻജിനീയർ	ശ്രീ.കെ.കെ.ഷൈല ശ്രീ.അജിത്കുമാർ.എസ്.എം ശ്രീ.എ.വിജയൻ ശ്രീമതി.സിമി.പി	01.04.2016 മുതൽ 09.03.2017 വരെ 09.03.2017 മുതൽ 17.03.2017 വരെ 17.03.2017 മുതൽ 25.03.2017 വരെ 25.03.2017 മുതൽ 31.03.2017 വരെ
12.	ഡിവിഷൻ ഓഫീസ്, കോഴിക്കോട്	എക്സിക്യൂട്ടീവ് എൻജിനീയർ	ശ്രീമതി.പി.സിമി ശ്രീ.ജോസഫ് ജോണി ശ്രീമതി.പി.സിമി ശ്രീ.ജോസഫ് ജോണി	01.04.16 മുതൽ 16.05.2016 വരെ 17.05.2016 മുതൽ 21.05.2016 വരെ 22.05.2016 മുതൽ 16.06.2016 വരെ 17.06.2016 മുതൽ 31.03.2017 വരെ

13.	ഡിവിഷൻ ഓഫീസ്, വയനാട്	എക്സിക്യൂട്ടീവ് എൻജിനീയർ	ശ്രീ.ജോസഫ് ജോണി ശ്രീമതി.കെ.കെ.ഷൈല	01.04.2016 മുതൽ 19.03.2017 വരെ 20.03.2017 മുതൽ 31.03.2017 വരെ
14.	ഡിവിഷൻ ഓഫീസ്, കണ്ണൂർ	എക്സിക്യൂട്ടീവ് എൻജിനീയർ	ശ്രീമതി.സുനിതാകമൽ	01.04.2016 മുതൽ 31.03.2017 വരെ
15.	ഡിവിഷൻ ഓഫീസ്, കാസറഗോഡ്	എക്സിക്യൂട്ടീവ് എൻജിനീയർ	ശ്രീ.ഇ.എ.അഹമ്മദ് അബ്ബാസ് ശ്രീ.കെ.കെ.ജോസഫ് ശ്രീ.റ്റി.പി.യൂസഫ്	01.04.2016 മുതൽ 13.06.2016 വരെ 14.06.2016 മുതൽ 12.08.2016 വരെ 13.08.2016 മുതൽ 31.03.2017 വരെ
IV പ്രോജക്ട് & കൺസൾട്ടൻസി				
1	കൊച്ചി ഡിവിഷൻ	എക്സിക്യൂട്ടീവ് എൻജിനീയർ	ശ്രീമതി.ഷീനാ നാൻസി.കെ.എം ശ്രീ.കെ.എ.ജോസഫ്	01.04.2016 മുതൽ 26.06.2016 വരെ 27.06.2016 മുതൽ 31.03.2017വരെ
2	തൃശൂർ ഡിവിഷൻ	എക്സിക്യൂട്ടീവ് എൻജിനീയർ	ശ്രീമതി.സിമി.പി 01.11.2016 മുതൽ ഈ ഓഫീസ് തൃശ്ശൂർ ഡിവിഷൻ ഓഫീസിലേയ്ക്ക് ലയിപ്പിച്ചു.	01.04.2016 മുതൽ 31.10.2016 വരെ
V. **ജില്ലാ ഓഫീസ്**				
1.	ഇടുക്കി (തൊടുപുഴ)	അസി. എക്സി. എൻജിനീയർ	ശ്രീമതി.ആൻസി.കെ. കുര്യാക്കോസ് ശ്രീ.കെ.കെ.ജോസഫ് 14.12.2016 മുതൽ ഈ ഓഫീസ് ഇടുക്കി	01.04.2016 മുതൽ 26.09.2016 വരെ 27.09.2016 മുതൽ 14.12.2016 വരെ

			ഡിവിഷൻ ഓഫീസിലേയ്ക്ക് ലയിപ്പിച്ചു.	
VI.	**ബ്രാഞ്ച് ഓഫീസുകൾ**			
1.	ബാലരാമപുരം	അക്കൗണ്ട്സ് ഓഫീസർ	ശ്രീ.ചന്ദ്രപ്രകാശ്,	01.04.2016 മുതൽ 31.03.2017 വരെ
2.	നെടുമങ്ങാട്	അസിസ്റ്റന്റ് സെക്രട്ടറി	ശ്രീ.എം.ബി.പ്രസന്നൻ	01.04.2016 മുതൽ 31.03.2017 വരെ
3.	പത്തനാപുരം	അക്കൗണ്ട്സ് ഓഫീസർ	ശ്രീമതി.കെ.സലീന ബീഗം 31.05.2016 മുതൽ ഈ ഓഫീസ് കൊല്ലം ഡിവിഷൻ ഓഫീസിലേയ്ക്ക് ലയിപ്പിച്ചു.	01.04.2016 മുതൽ 31.05.2016 വരെ
4.	കരുനാഗപ്പള്ളി	അക്കൗണ്ട്സ് ഓഫീസർ	ശ്രീ.മുഹമ്മദ് സാഹിബ്	01.04.2016 മുതൽ 31.03.2017 വരെ
5.	കോന്നി	അക്കൗണ്ട്സ് ഓഫീസർ	ശ്രീ.പി.എസ്.മനോജ്	01.04.2016 മുതൽ 31.03.2017 വരെ
6.	ചങ്ങനാശ്ശേരി	അക്കൗണ്ട്സ് ഓഫീസർ	ശ്രീമതി.ഗിരിജാ.എൻ.കുമാർ	01.04.2016 മുതൽ 31.03.2017 വരെ
7.	പാല	അക്കൗണ്ട്സ് ഓഫീസർ	ശ്രീ.എം.എൻ.പ്രസാദ് ശ്രീ.ബി.രാധാകൃഷ്ണപിള്ള 14.12.2016 മുതൽ ഈ ഓഫീസ് കോട്ടയം ഡിവിഷൻ ഓഫീസിലേയ്ക്ക് ലയിപ്പിച്ചു.	01.04.2016 മുതൽ 01.10.2016 വരെ 02.10.2016 മുതൽ 14.12.2016 വരെ
8.	കാഞ്ഞിരപ്പള്ളി	അക്കൗണ്ട്സ് ഓഫീസർ	ശ്രീ.എം.എൻ.പ്രസാദ് ശ്രീ.ബി.രാധാകൃഷ്ണപിള്ള 14.12.2016 മുതൽ ഈ ഓഫീസ് കോട്ടയം	01.04.2016 മുതൽ 01.10.2016 വരെ 02.10.2016 മുതൽ 14.12.2016 വരെ

			ഡിവിഷൻ ഓഫീസിലേയ്ക്ക് ലയിപ്പിച്ചു.	
9.	പെരുമ്പാവൂർ	അസിസ്റ്റന്റ് സെക്രട്ടറി	ശ്രീമതി.ഓമന.സി 14.12.2016 മുതൽ ഈ ഓഫീസ് കോതമംഗലം ബ്രാഞ്ച് ഓഫീസിലേയ്ക്ക് ലയിപ്പിച്ചു.	01.04.2016 മുതൽ 14.12.2016 വരെ.
10.	കോതമംഗലം	അസിസ്റ്റന്റ് സെക്രട്ടറി	ശ്രീ.സലിം.കെ.എം, ശ്രീമതി.ഓമന.സി	01.04.2016 മുതൽ 31.07.2016 വരെ 01.08.2016 മുതൽ 31.03.2017 വരെ
11.	ഇരിങ്ങാലക്കുട	അക്കൗണ്ട്സ് ഓഫീസർ	ശ്രീമതി.ഐ.കെ.ലളിത 26.09.2016 മുതൽ ഈ ഓഫീസ് തൃശ്ശൂർ ഡിവിഷൻ ഓഫീസിലേയ്ക്ക് ലയിപ്പിച്ചു.	01.04.2016 മുതൽ 26.09.2016 വരെ
		VI. **വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ**		
1.	മുട്ടം, തൊടുപുഴ	എക്സിക്യൂട്ടീവ് എൻജിനീയർ	ശ്രീ.കെ.കെ.ഗോപാലൻ കെ.കെ.ജോസഫ്	01.04.2016 മുതൽ 03.03.2017 വരെ 03.03.2017 മുതൽ 31.03.2017 വരെ
2.	ഗാന്ധിനഗർ, കോട്ടയം	എക്സിക്യൂട്ടീവ് എൻജിനീയർ	ശ്രീ.പി.സി.മോഹനൻ ശ്രീമതി.ആൻസി.കെ. കുര്യാക്കോസ്	01.04.2016 മുതൽ 27.09.2016 വരെ 28.09.2016 മുതൽ 31.03.2017 വരെ
3.	കാക്കനാട്, എറണാകുളം	എക്സിക്യൂട്ടീവ് എൻജിനീയർ	ശ്രീമതി.ഷീനാ നാൻസി	01.04.2016 മുതൽ 31.03.2017 വരെ
4	പുല്ലഴി, തൃശ്ശൂർ	എക്സിക്യൂട്ടീവ് എൻജിനീയർ	ശ്രീ.കെ.എ.ജോസഫ് ശ്രീമതി.സിമി.പി	01.04.2016 മുതൽ 22.06.2016 വരെ 23.06.2016 മുതൽ 31.03.2017 വരെ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഓഡിറ്റ് ഓഫീസ്